KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



# TECH LEAF

## LITTLE KITES DIGITAL MAGAZINE
## 2018-19

## K.H.M.H.S.S VALAKULAM

# ഉള്ളടക്കം

ഇ-വേസ്റ്റ്........................................................................................ 6
എന്റെ ഗ്രാമം.................................................................................... 7
മകന്റെ പിന്നിലെ ചതി...................................................................... 8
സ്ത്രീപദം എന്നപ്രകാശനാളം................................................................. 9
ചരിത്രം കഥപറയുന്ന വഴികളിലൂടെ....................................................... 10
ഞായർ നടത്തങ്ങളിലെ ഗ്രാമക്കാഴ്ചകൾ ................................................ 17
സ്നേഹ ദൂതനായ അച്ഛൻ.................................................................... 28
വെടിയൊച്ചകൾക്കപ്പുറം നിറ സൗന്ദര്യത്തിൻ കാശ്മീർ ................ 29
പ്രകൃതി വരദാനങ്ങൾ........................................................................ 30
ഹൃദയ വിളക്ക് തെളിക്കൂ..തെരുവു വിളക്കണക്കൂ................................... 31
മായുന്ന ഹരിതാഭ............................................................................ 32
ഹരിത വിദ്യാലയം............................................................................ 33
കണ്ണീർമഴ........................................................................................ 34
അനിവാര്യം ശുചിത്വ ബോധം.............................................................. 35
സാക്ഷി............................................................................................ 36
സഹ്യന്റെ മടിത്തട്ടിൽ........................................................................ 37
കുറുക്കനെ പറ്റിയ അമളി................................................................... 40
അണയാത്ത നന്മ.............................................................................. 41
കാത്തിരിപ്പ്...................................................................................... 42
NATURE.......................................................................................... 42
MY MOM......................................................................................... 43
THE TEACHER................................................................................ 44
രാജമല താണ്ടി... കുറിഞ്ഞിയെ തേടി.................................................... 45
My True Friend................................................................................ 47
ഒരു HOME CARE അനുഭവം............................................................. 48
എന്റെ നാട് എന്റെ ഭാഷ..................................................................... 50
നിരർത്ഥകം...................................................................................... 51
Time's up! ....................................................................................... 52
HERO IN MY LIFE............................................................................ 53
ഇരുട്ടിനെ അണക്കുന്നവർ.................................................................. 54
കഥാകാരൻ ..................................................................................... 55
ഗ്ലാഡീസ് .......................................................................................... 56
മേഘത്തിന്റെ കണ്ണനീർ...................................................................... 57
ഓർമത്താളുകൾ ............................................................................... 58
വീട്ടു മാറ്റം........................................................................................ 59
വേർപാടിന്റെ നൊമ്പരം..................................................................... 60
തുഷാരം........................................................................................... 61
മഴയെയാണെനിക്കിഷ്ടം...................................................................... 62
ലോക അത്ഭുതങ്ങൾ തേടി ................................................................. 63




**കുട്ടുകാരെ,**

വിവര വിനിമയ സാങ്കേതിക രംഗത്ത് പുതിയ കാൽ വെപ്പുമായി വിദ്യാഭ്യാസ മേഖലയിൽ ഈയിടെ നടപ്പാക്കി വരുന്ന ലിറ്റിൽ കൈറ്റ്സിന്റെ കീഴിൽ നമ്മുടെ സ്കൂളിൽ നിന്നും പ്രഥമമായി പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിനും അത് വെളിച്ചം കാണാൻ പ്രവർത്തിച്ച അദ്ധ്യാപകർക്കും വിദ്യാർത്ഥകൾക്കും ആദ്യ മായി എന്റെ ഹൃദ്യമായ അഭിനന്ദനങ്ങൾ ചൊരിയുന്നു .

പാഠ്യ പാഠ്യേതര രംഗത്തും സന്നദ്ധ സാമൂഹ്യ സാംസ്കാരിക മേഖലയിലുമെല്ലാം കേരളത്തിലെ മറ്റെല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഏറെ മാതൃകയായ നമ്മുടെ സ്കൂൾ സാങ്കേതിക രംഗത്തും ഇതോടെ അഭിനന്ദനാർഹമായ നേട്ടമാണ് കൈവരിക്കുന്നത് വിവര വിനിമയ സാങ്കേതിക രംഗം ചിന്തകൾക്കതീതമായ പുരോഗതിയാണ് കൈവരിച്ചു കൊണ്ടിരിക്കുന്നത്.

മറ്റേതൊന്നിനെപ്പോലെയും അല്പസ്വല്പം ദോഷങ്ങളുണ്ടെങ്കിലും ഇന്നത്തെ കാലത്ത് അനുപേക്ഷണീയമായ ഒന്നായി ഈ രംഗം മാറിയിരിക്കുന്നു. വളർന്ന് വരുന്ന തലമുറക്ക് ഉയരങ്ങൾ താണ്ടുവാൻ ഏറെ സഹായകരമായിരിക്കും ഇതെന്ന കാര്യത്തിൽ സംശയമില്ല. ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന ഈ വേളയിൽ ഇനിയും ഏറെ ദൂരം വൈജ്ഞാനിക രംഗത്ത് മുന്നേറാൻ സാധിക്കട്ടെ....എല്ലാ വിധ അനുഗ്രഹങ്ങളും നേരുന്നു.........

ഇ.കെ അബ്ദു റസാഖ്
മാനേജർ
കെ.എച്ച്.എം.എച്ച് .എസ് .എസ്.വാളക്കുളം




വർഷങ്ങളായി വിദ്യാർത്ഥികൾ വിവിധ വിഷയങ്ങളെ ആസ്പദമാക്കി തയ്യാറാക്കുന്ന കയ്യെഴുത്ത് മാഗസിനുകൾ വിദ്യാർത്ഥികളുടെ എഴുത്തിനും ,വായനക്കും അതിലുപരി അവരുടെ അഭിരുചികൾ പ്രകടിപ്പിക്കുവാനും ഏറെ സഹായകരമായിട്ടുണ്ട്.എന്നാൽ ഇന്ന് ശാസ്ത്ര -സാങ്കേതിക വളർച്ചയുടെ യുഗത്തിനൊപ്പം വിദ്യാഭ്യാസ രീതികളും അതിനൊപ്പം വിദ്യാർത്ഥികളും വളരെ വേഗത്തിലാണ് സഞ്ചരിക്കുന്നത്.ഈ അതിവേഗ വളർച്ചയുടെ സൂചനയാണ് വാളക്കുളം കെ.എച്ച്.എം. എച്ച് .എസ് .എസ്സിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ ചുരുങ്ങിയ കാലത്തെ അവരുടെ പരിശീലനം കൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്.ലിറ്റിൽ കൈറ്റിന്റെ മാത്രമല്ല സ്കൂളിന്റെ തന്നെ ആദ്യ സംരംഭമാണിത്.ഇതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കിയ അധ്യാപകർക്കും,അണിയറയിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും ഈ അഭിമാന മുഹൂർത്തത്തിൽ ഒരായിരം ആശംസകൾ നേരുന്നു.

മുഹമ്മദ് ബഷീർ .പി.കെ

പ്രധാനാധ്യാപകൻ

കെ.എച്ച്.എം.എച്ച് .എസ് .എസ്.വാളക്കുളം

വാളക്കുളം
17.01.2019.



പൊതുവിദ്യാഭ്യാസ മേഖല വൻ കുതിച്ചുചാട്ടം നടത്തുന്ന ഇക്കാലത്ത് അതിന്റെ വളർച്ചക്ക് പിന്നിലെ പ്രധാന ചാലക ശക്തിയായി വർത്തിച്ചത് വിവര വിനിമയസാങ്കേതിക വിദ്യയുടെ വരവാണ്. ഈ മേഖലയിൽ അതിവിദഗ്ധരായ ഒരു കൂട്ടം മിടുക്കരെ വളർത്തിയെടുക്കുന്നതിനായി രൂപീകരിച്ചതാണ് ലിറ്റിൽ കൈറ്റ്സ്. ഐ.സി.ടി യിൽ ഉയർന്ന നിലവാരത്തിലുള്ള പരിശീലനം ഇന്നവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. റാസ്ബറി പൈ, പ്രോഗ്രാമിംഗ്, ഹാർഡ്‌വെയർ, ക്യാമറ, അനിമേഷൻ പരിശീലനങ്ങളും മൊബൈൽ ആപ്പ് നിർമ്മാണവും ഇതിൽ ചിലതാണ്. അവർക്കു ലഭിച്ച ഈ കഴിവുകൾ സമൂഹ നന്മക്കായി വിനിയോഗിക്കാൻ തയ്യാറായി വന്ന കുട്ടുകാരെയും അവർക്കു നേതൃത്വം നൽകുന്ന അധ്യാപകരെയും അഭിനന്ദിക്കുന്നതോടൊപ്പം ഇവരുടെ പുതിയ സംരംഭമായ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

രഞ്ജിത്. ബി

എസ്. ഐ. ടി. സി

ഒരു കുട്ടിക്കവിത

# ഇ-വേസ്റ്റ്

**അമ്മേ,അമ്മേ ടീച്ചർ പറഞ്ഞു**

**ഇമെയിലെന്നൊന്നുണ്ടെന്ന്**

**മോനെ എങ്കിൽ അച്ഛന് നീയൊരു**

**മെയിലൊന്നുടനേ ചെയ്യേണം**

**പുസ്തകവായന തീരേയില്ലെ-**

**ന്നച്ഛനോടൊന്നങ്ങോതിടാം**

**അമ്മേയമ്മേ, ഇ-ബുക്കുകളും**

**ഇ-വായനയുമതുമുണ്ടത്റേ,**

**എങ്കിൽ നിനക്കൊരു  ലാപ്പ്ടോപ്പ് വാങ്ങാൻ**

**അച്ഛന് നീയൊരു മെയിൽ ചെയ്യൂ**

**അമ്മേയിനിയൊരു ഇ-കൃഷി രീതിയും**


**ഇഭക്ഷണവും ഉണ്ടെങ്കിൽ....**

**എങ്കിൽ മോനെ നീ ഭൂമിക്കൊരു**

**ഇ-വേസ്റ്റുമതുമായിട്ടും**

**വേണ്ടായിപ്പോൾ വേണ്ട നിന-**

**ക്കൊരു ഇ-വായനയും ഇ-ബുക്കും.**




ജിത. ആർ എം
HSA-Malayalam

# എന്റെ ഗ്രാമം

പച്ച പട്ടുടുത്ത എന്റെ ഗ്രാമം അതി മനോഹരമാണ്. പച്ച പരവതാനിവിരിച്ചതു പോലുള്ള വയലേലകളാൽ സമൃദ്ധമാണ് എന്റെ ഗ്രാമം.കളകളാരം മുഴകി കാട്ടാറുകളും തോടുകളും. കണ്ണാടിച്ചില്ലുപ്പോലെ വെട്ടിതിളങ്ങുന്ന ജലാശയങ്ങൾ. അതിൽ തത്തികളിക്കുന്ന പരൽ മീനുകൾ.തോട്ടിലേക്ക് ചാഞ്ഞുനിൽക്കുന്ന കേരവൃക്ഷങ്ങൾ. അതിൽ കാറ്റിലാടുന്ന കുരുവിക്കൂടുകൾ. നെൽക്കതിർ കൊത്തി പറക്കാൻ വന്നെത്തുന്ന പച്ചതത്തകൾ. പലനിറത്തിലുള്ള പൂക്കൾ. അതിൽ തേൻ കുടിക്കാനെത്തുന്ന ചിത്രശലഭങ്ങൾ,പൂത്തുമ്പികൾ,തേനീച്ചകൾ. പാടവരമ്പത്ത് പുൽനാമ്പുകളിൽ മുത്തു പോലെ തഴുകുന്ന മഞ്ഞിൻ കണങ്ങൾ. ഓല മേഞ്ഞപ്പുരകൾ. ഞാറുപറിക്കുന്നവർ ഉഴുതുമറിക്കുന്നവർ കറ്റമെതിക്കുന്നവർ ഒരു ഭാഗത്ത് വയലിൽ പൊന്നുപോലെ വിളഞ്ഞുനിൽക്കുന്ന നെൽക്കതിർ. മൈതാനത്ത് പന്ത് തട്ടികളിക്കുന്ന കുട്ടികൾ. പുൽമേടുകളിൽ മേഞ്ഞുനടക്കുന്ന പൈക്കിടാങ്ങൾ,ആട്ടിൻ കുട്ടികൾ. പുല്ലിലൂടെ ചാടി ചാടി നടക്കുന്ന പുൽച്ചാടികൾ. വാഴക്കുലകളിൽ തേൻകുടിക്കാനെത്തുന്ന അണ്ണാറകണ്ണൻമാർ. മീൻ പിടിക്കാൻ തക്കം പാർത്തിരിക്കുന്ന മീൻകൊത്തി പൊന്മാനും കൊക്കുകളും. തീറ്റയ്ക്കായി ചിക്കിചികയുന്ന കോഴിയമ്മയും കുഞ്ഞുങ്ങളും. കാക്കക്കൂട്ടിൽ മുട്ടയിടാൻ കാത്തിരിക്കുന്ന പുള്ളികുയിലുകൾ. കണ്ണിന് കുളിർ മയേകുന്ന ദൃശ്യങ്ങൾ നൽകുന്ന എന്റെ ഗ്രാമം എത്ര സുന്ദരം എത്ര വിശിഷ്ടം.

മഞ്ജിമ

8-C

# മകന്റെ പിന്നിലെ ചതി

ഒരു ഗ്രാമത്തിൽ ഒരു അമ്മയും മകനും ജീവിച്ചിരുന്നു. മകൻ ഒരു വയസ്സായപ്പോഴെ അച്ഛൻ മരണപ്പെട്ടു. ഒരു പാട് കഷ്ടപ്പെട്ടാണ് ഈ അമ്മ മകനെ വളർത്തിയത്. അവൻ വളർന്ന് വിദേശത്തേക്ക് പോയി. ഒരു നാൾ ഈ മകൻ അമ്മയെ കാണാൻ എത്തി. തന്റെ മകനെ കണ്ടപ്പോൾ ആ അമ്മയ്ക്ക് അതിരില്ലാത്ത സന്തോഷം. ഒരു ദിവസം ആ മകൻ അമ്മയോട് പറഞ്ഞു:"അമ്മേ ! വിദേശത്ത് എനിക്ക് കുറെ കടം വന്നിട്ടുണ്ട്. അത് തീർക്കാനാണ് ഞാനിങ്ങോട്ട് വന്നത്. അതിന് നമുക്ക് ഈ വീട് വിൽക്കണം. അതിൽ നിന്നും കിട്ടുന്ന പണം കൊണ്ട് എന്റെ കടം തീർക്കാം".അപ്പോൾ അമ്മ പറഞ്ഞു:"നീ ഈ വീട് വിറ്റാൽ ഞാൻ എവിടെ താമസിക്കും ".മകന്റെ മറുപടി:" അമ്മയെ ഞാൻ വിദേശത്തേക്ക് കൊണ്ട് പോവാം.അതിന് ഈ വീട് വിൽക്കണം ".പക്ഷെ അമ്മ വിൽക്കാൻ സമ്മതിച്ചില്ല. ഒടുവിൽ മകന്റെ സങ്കടം കണ്ട് ആ അമ്മയുടെ മനസ്സലിഞ്ഞു.അങ്ങനെ ആ വീട് വിറ്റു. അന്ന് തന്നെ അവൻ അമ്മയെ കൂട്ടി വിമാനത്താവളത്തിലേക്ക് പോവുകയായിരുന്നു.അപ്പോൾ അവൻ അമ്മയോട് പറഞ്ഞു:"അമ്മേ ഞാനിപ്പോൾ വരാം ".എന്ന് പറഞ്ഞ് കൊണ്ട് ആ മകൻ പോയി. ഒരു പാട് നേരമായിട്ടും ആ മകനെ കണ്ടില്ല. തന്റെ മകൻ കാശ് കൊണ്ട് മുങ്ങിയ വിവരം അപ്പോഴാണ് ആ അമ്മ അറിഞ്ഞത്. അമ്മയ്ക്ക് ചുറ്റും ആളുകൾ കൂടി നിന്നു. ഒടുവിൽ ഈ അമ്മയെ അവർ വൃദ്ധ സദനത്തിൽ കൊണ്ട് പോയിആക്കി.

ഇന്നത്തെ യുവ തലമുറ മാതാപിതാക്കളെ വൃദ്ധ സദനത്തിലും മറ്റ് വിജനമായ സ്ഥലങ്ങളിലും കൊണ്ടുവിടുന്നു. വാർദ്ധക്യത്തിലേക്ക് ഒരിക്കൽ പോലും നോക്കാൻ ഇഷ്ടപ്പെടാത്ത യുവ തലമുറ ഇന്ന് വൃദ്ധർ അവഗണിക്കപ്പെടുകയാണ്. ലോകത്തിനു നേരെ നോക്കാനും ധൈരത്തോടെ ചുവടുകൾ വെച്ച് മുന്നോട്ട് പോകാനും പഠിപ്പിച്ച മാതാപിതാക്കളെ ഒറ്റപ്പെടുത്താൻ മാത്രം ഇന്നത്തെ തലമുറ വളർന്നു കഴിഞ്ഞുവെന്നാണ് സത്യം.

Safeeda -M.M
IX-J

# സ്ത്രീപദം

## എന്നപ്രകാശനാളം

ദിനപതികളുടെ രാജാവായ സൂര്യൻ അതി തീക്ഷണതയാർന്ന പ്രഭാത രശ്മികൾ ജനൽ പാളികളെ തുളച്ചു കയറി. നാലു ചുമരുകൾക്കിടയിലൂടെ പ്രവേശിച്ച രശ്മികൾ ഉറ്റുനോക്കി അവൾ ഈർഷ്യത്തോടെ മിഴികൾ ചിമ്മിത്തുറന്നു. പ്രഭാത കർമ്മൾക്കു ശേഷം ആ വീട്ടമ്മ നിത്യ വേലകളിൽ മുഴുകി.ഉമ്മറവാതിൽ തുറന്ന് പിന്നാമ്പുറത്തേക്ക് നടന്നു.
വിറകുപുരയ്ക്ക് സമീപം ചാരിവച്ചിരുന്ന കുറ്റിച്ചൂലെടുത്ത് അലശ്യമായിക്കിടക്കുന്ന മുറ്റത്തിന്റെ നാനാ ഭാഗങ്ങളും തൂത്തുവാരി വൃത്തിയാക്കി. ഇതെല്ലാം കഴിഞ്ഞു അവൾ നിഷകരുണം വാതിയിലേറെ ജീവിതം മല്ലടിച്ചും, സന്തോഷം പങ്കുവെച്ചതും  വാക്കുകൾക്കു കീഴിൽ എല്ലാം പൂജിക്കാൻ വെച്ച് അടുക്കള എന്ന നാലു ചുമരുകൾക്കിടയിൽ പ്രവേശിച്ചു. ത്യാഗം മാത്രം പ്രതിഫലം ലഭിക്കുന്ന പണ്ടങ്ങോ തന്നെ ഈ വീട്ടിലേക്കു കയറുമ്പോൾ ചുറുചുറുക്കായിരുന്നവൾ, ഇപ്പോൾ  കറുത്തു ഇരുണ്ട മുഖവും, കരിനീല കണ്ണുകൾ പുഞ്ചിരി മാഞ്ഞ ചുണ്ടുകളും ഒരു തുള്ളി രക്ത മെന്നതുപോലെ വിയർപ്പിൽ കുതിർന്ന സിന്ദൂരവും. മക്കൾക്കും ഭർത്താവിനും വേണ്ട പ്രാതലും, ഉച്ചയ്ക്ക ഊണിനുള്ളതുമായ സർവത്ര പാകം ചെയ്തു.

ഇന്നലെ രാത്രി ഭർത്താവിന്റെ പ്രവർത്തി അവൾക്ക് തീരെ പിടിച്ചില്ല. ഭക്ഷണം കഴിക്കാതെ പതിനൊന്നു പന്ത്രണ്ടു മണിയോളം കാത്തു. തിരിച്ചെത്തിയതു നിമിഷം സുഖം  നൽകുന്ന പാനീയം കുടിച്ചായിരുന്നു. അതു കരാണം ഒന്നും കഴുക്കാത്തതിന്റെ ക്ഷീണം അവളിൽ നിഴലിച്ചു. മകളുടെ നീട്ടിയുള്ള വിളി ആ അമ്മയെ ചിന്തകളിൽ നിന്നുമുണർത്തി "എന്താ അമ്മേയിത് യൂണിഫോം അയൺ ചെയ്തില്ലേ? "അതു മോളെ വയ്യാത്തതു കൊണ്ട്.......മറന്നു പോയി"....... "ഹും" അവൾ മുഖം കറുപ്പിച്ച് തിരിഞ്ഞു നടന്നു. ക്ഷീണം മൂലം ഭർത്താവിനിയും എഴുന്നേറ്റട്ടില്ല. അവൾ ചൂടാർന്ന കട്ടൻകാപ്പിയുമായി ആ ചവിട്ടു വലകൾക്കിടയിലൂടെ നടന്നു....നടക്കുന്നതിനിടെ ഒന്ന് നിന്നും..പിന്നെ പതുക്കെ നടത്തം തുടർന്നും കൊണ്ടായിരുന്നു. പുതപ്പിനടിയിൽ നിന്നും വിളിച്ചുണർത്തി. അദേഹത്തിന്റെ കണ്ണുകളിൽ കുറ്റബോധത്തിൽ നീ ആളിക്കത്തുന്നതു അവൾ കണ്ടു പക്ഷെ അവൾ സമ്മാനിച്ച വരണ്ടചുണ്ടിലെ ആ പുഞ്ചിരി അവൾക്ക് ഇടയിൽ മഴയായി പെയ്തു.  മകനെയും വിളിച്ചുണർത്തി അടുക്കളയിൽ നിന്നും കുക്കറിന്റെ കരച്ചിൽ മുഴങ്ങി. മക്കൾക്കും ഭർത്താവിനും നേരത്തെ ഒരുക്കി വച്ചതു സംതൃപതിയോടെ കഴിച്ചു. ഉച്ചത്തേക്കുള്ളതും പാത്രത്തിലാക്കി മൂന്നു പേർക്കും കൊടുത്തു. എന്നത്തെയും പോലെ 50-വയസ്സുക്കാരി ആ വീട്ടിൽ തനിച്ചായി. വീണ്ടും പതുക്കെ അടുക്കളയിലേക്കു നീങ്ങി പാത്രങ്ങൾ കഴുകി വസ്ത്രങ്ങൾ അലക്കി, വിരിച്ചു അങ്ങനയങ്ങനെ, ഓരോ ജോലിയിലേർപെട്ടു മൂന്നു മൂന്നരയോളം ആയി. ഇതിനിടക്കു ഭക്ഷണം കഴിക്കാൻ വിട്ടു. പിന്നെ 3:30 കാണവൾ വല്ലതും കഴിക്കുന്നത്.

അതു കഴിഞ്ഞു മക്കൾ സ്കൂളിൽ പോകാൻ നേരം പറഞ്ഞ പലഹാരങ്ങൾ ഉണ്ടാക്കാനുള്ള ഏർപ്പാടിലായി. 4:30 യോടെ എത്തിയ മക്കൾ തൃപ്തിയോടെ പലഹാരം കഴിക്കുമ്പോൾ "അമ്മേ വേണോ"? എന്നു ചോദിച്ചില്ല കാരണം ആ മക്കൾ കഴിക്കുമ്പോൾ അമ്മയ്ക്കുണ്ടായ സന്തോഷം ഒരു പക്ഷേ സ്വയം കഴിക്കുമ്പോൾ ലഭിക്കില്ല. അമ്മയ്ക്ക പരിഭവമില്ല.....പരാതിയില്ല..... ഭർത്താവു വന്നു അൽപ്പ സമയം കഴിഞ്ഞു പുറത്തു പോയി, മക്കൾ പഠിക്കാനും എല്ലാവരുണ്ടായിട്ടും ആരും ഇല്ലാത്തതു പോലെ അവൾ വീണ്ടും ശൂന്യതയിലേക്കാണ്ടു.

ആര് എന്ത്  പറഞ്ഞാലും വരണ്ടുണങ്ങിയ ചുണ്ടിൽ  വറ്റാത്ത പുഞ്ചിരി മാത്രമുണ്ട് മെഴുകുതിരിയായി മറ്റുള്ളവർക്കു വേണ്ടി പ്രകാശ പകർന്നു ഉരുകി തീരുകയാണ്. ആ അമ്മ  മുറിയിലേക്കു നടന്നു കാലത്തേക്കുള്ള കാലത്ത് നാലു മണിക്കുള്ള  അലാരം സെറ്റ് ചെയ്തു കിടന്നു മക്കൾ ഒന്നും കഴിച്ചിട്ടില്ല ഭർത്താവിനിയും വന്നിട്ടില്ല അടുക്കളയിലേക്ക് നീങ്ങി. പാത്രങ്ങൾ കഴുകി ,ഭക്ഷണം വിളമ്പി അടുക്കും ചിട്ടയോടെ മേശയിൽ വച്ചു. ഉമ്മറവാതിലിലേരക്കു ഉറ്റുനോക്കി......കാത്തിരുന്നു..............

ആർക്കോ എന്തിനോ വേണ്ടിയൊരു മെഴുകുതിരി എരിയുന്നു....... അതിന്റെ മുകൾഭാഗവും ഉരുകി തീർന്നിട്ടുണ്ട്. പക്ഷേ......... അത് ദുർബലമാണ് .........പ്രകാശിക്കുന്നുണ്ട്..........

AJISHA SHERIN . C
VIII-A

# ചരിത്രം കഥപറയുന്ന വഴികളിലൂടെ

**മീ**നമാസത്തിലെ കൊടുംചൂടിനെ വകവെക്കാതെ വീണ്ടുമൊരു യാത്ര. IRCTC ക്ക് ഒപ്പം 12 ദിവസം.സായാഹ്നസൂര്യന്റെ പൊൻപ്രഭയേറ്റ് തിളങ്ങി നിൽക്കുന്ന വീഥികൾ ഏറെക്കുറെ വിജനമായിരുന്നു.മിക്കവരും പുണ്യമാസത്തിലെ നോമ്പ് തുറക്കുള്ള വിഭവങ്ങൾ ഒരുക്കുന്ന തിരക്കുകളിലായിരുന്നു.രാത്രി 8 മണിയോട് കൂടി കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ നിന്നും ഞങ്ങൾ യാത്രയാരംഭിച്ചു.പിറ്റേന്ന് ഉച്ചയോട് കൂടി നമ്മുടെ ഏറ്റവും ചെറിയ സംസ്ഥാനങ്ങളിൽ ഒന്നായ ഗോവയിൽ എത്തിച്ചേർന്നു.എന്റെ ഹൈസ്കൂൾ പഠനകാലത്ത് കേന്ദ്രഭരണപ്രദേശങ്ങളിലെ പട്ടികയിലായിരുന്ന ഗോവ ഇന്ന് സ്വതന്ത്ര സംസ്ഥാനമായിമാറിയിരിക്കുന്നു. അനേകം മതവിഭാഗങ്ങളിലും, വ്യത്യസ്ത സംസ്കാരത്തിലുള്ള ധാരാളം ജനങ്ങൾ കിഴക്കിന്റേയും പടിഞ്ഞാറിന്റെയും ജീവിത രീതികളുടെ സമന്വയമാണിവിടുത്തെ ജനജീവിതവും.അവരുടെ ആചാരങ്ങളും, ആഘോഷങ്ങളും എല്ലാം മറ്റ സാസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്.വസ്ത്രധാരണം, ഭക്ഷണം ഇവയിലെല്ലാം പ്രകടമായ മാറ്റം ദൃശ്യമാണ്.മനോഹരവും സുഖപ്രദവുമാണിവിടുത്തെ അന്തരീക്ഷവും കാലാവസ്ഥയും.ധാരാളം മനോഹരമായ ബീച്ചുകൾ കൊണ്ട് സമൃദ്ധമാണിവിടം.പോർച്ചുഗീസുകാരുടെ 450 വർഷത്തെ ഭരണം ഗോവയെ ഒരു വേറിട്ട സംസ്ഥാനമാക്കി മാറ്റി.അവരുടെ സംസ്കാരം, മതവിശ്വാസം, ജീവിതരീതികൾ, ആഘോഷങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഭാഷ, സ്വഭാവം ഇവയിലെല്ലാം പ്രകടമായ പോർച്ചുഗീസ് ആധിപത്യം ഇന്നും ദൃശ്യമാണ്.



**Calangute beach-**

ഗോവൻബീച്ചുകളുടെ റാണി എന്നാണ് അറിയപ്പെടുന്നത്.സ്വർണ്ണ നിറമുള്ള തിളക്കമാർന്ന മണൽത്തരികളും താൽക്കാലിക ഷെഡുകളും ബീച്ചിനെ കൂടുതൽ സുന്ദരിയാക്കുന്നു.uber ന്റെ cool club കളും ഗോവൻ ഭക്ഷണങ്ങളും, തനത വസ്തുങ്ങളും ഇവിടെ

ലഭ്യമാണ്.ജലവിനോദങ്ങളായ para sailing നം water scooter ride നം എല്ലാം ഇവിടെ സൗകര്യമുണ്ട്. colva beach- ഏകദേശം ഒരു 5 km വിസ്തൃതിയിൽ പരന്നു കിടക്കുന്നു.വരിവരിയായിനിൽക്കുന്ന തെങ്ങുകളും നല്ല വെളുത്ത പൊടിമണലും ഈ ബീച്ചിനെ കൂടുതൽ സുന്ദരിയാക്കിയിരിക്കുന്നു.ശാന്തമായ സൂര്യസ്നാനത്തിന് ഇവിടെ(sunbath)സൗകര്യമുണ്ട.ഇവിടെയെത്തുന്ന സന്ദർശകരെ പ്രകൃതി ആകാശവും, മണലും, കടൽതിരകളും എല്ലാം ചേർന്ന് മനോഹരമായി സ്വീകരിക്കുന്നു.

## Baga beach-

ഏറ്റവും അധികം ജനതിരക്ക് അനുഭവപ്പെട്ട ഒരു തീരമാണിവിടം.കൊച്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെ ഒരേ പോലെ തീരത്തോട് കളിച്ച് തിരയോട് കിന്നാരം പറയുന്നത് കാണാം.

UNESCO യുടെ ലോകപൈതൃക പട്ടികയിൽ ഇടംപിടിച്ച Old Goa പോർട്ടുഗീസ് ഭരണ കാലത്തെ ഭരണസിരാ കേന്ദ്രമായിരുന്നു.ഗോവയുടെ സംരക്ഷകൻ എന്ന് അവർ വിശ്വസിച്ചിരുന്ന St. Francis xavier ന്റെ തിരു ശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്ന പ്രസിദ്ധമായ ദേവാലയം ഇവിടെയാണ് സ്ഥിതിചെയ്യുന്നത്.1552 December 2 ന് മരണപ്പെട്ട പുരോഹിതന്റെ ശരീരം എംബാം ചെയ്ത് വായു കടക്കാത്ത ഒരു ചില്ലുപെട്ടിയിൽ അടക്കം ചെയ്ത് ഒരു വെള്ളി പേടകത്തിൽ ഇവിടെ സൂക്ഷിച്ചിരിക്കുന്നത് നമുക്ക് കാണാം.രോഗം ഭേദമാകുന്നതിന് ഇദ്ദേഹത്തിന് അത്ഭുത കഴിവുകൾ ഉണ്ടെന്നും മറ്റുമാണ് ഇവിടുത്തെ ആൾക്കാരുടെ വിശ്വാസം.ഓരോ 10 വർഷം കൂടുമ്പോഴും ഇവിടെ വരുന്ന വിശ്വാസികൾക്ക് ഇത് തുറന്ന് കാണാൻ അവസരം ഉണ്ട്.ഗോവയിലെ മറ്റൊരു പ്രസിദ്ധമായ ദേവാലയമാണ്

Se-cathedral-church.അതിന്റെ നിർമ്മാണത്തിലും ആഡംബരത്തിലും വേറിട്ടതാണ്.കമാനാകൃതിയായ ആൾത്താരയുടെ നിർമ്മാണം അത്ഭുതാവാഹമാണ്.ഗോവയിലെ തന്നെ ഏറ്റവും വലുതായ Golden bell ലോകത്തിലെ തന്നെ ഏറ്റവും നല്ലതും വിലപിടിപ്പുള്ളതുമായ മണി ഈ ദേവാലയത്തിൽ കാണാനാകും.Alexandria യിലെ St. Catherine വേണ്ടി സമർപ്പിച്ചിരിക്കുകയാണീ ദേവാലയം.ഗോവയുടെ പുതിയ തലസ്ഥാനമായ പനാജിയിൽ നിന്നും 9 km അകലത്തായി Mandovi നദിക്കരയിലാണീ ദേവാലയം സ്ഥിതിചെയ്യുന്നത്.

**വൈകുന്നേരത്തോടെ ഔറംഗാബാദിലേക്ക്.**

ആദ്യ ലക്ഷ്യം Eloora caves ആയിരുന്നു.സക്താൺ പ്രവിശ്യയിലെ പുരാതന വാണിജ്യവഴികളിലേക്ക് ആണ് ഈ ഗുഹകൾ വെളിച്ചം വീശുന്നത്.മഹാരാഷ്ട്രയുടെ മുഖ്യ വിനോദസഞ്ചാര കേന്ദ്രമായ ഇവിടം Aurangabad ൽ നിന്നും 29 km ഉം Mumbai യിൽ നിന്നും 300 km ഉം അകലെയാണ്.പുരാവസ്തു വകുപ്പിന്റെ സംരക്ഷണത്തിലാണ് ഇവിടം.



ഔറംഗാബാദിന്റെ പടിഞ്ഞാറ് ഭാഗം ബോളീവുഡ് സിനിമകളുടെ പറുദീസയാണെങ്കിൽ കിഴക്ക് ഭാഗം ദാരിദ്രത്തിന്റെ പടുകുഴിയാണ്.വളരെ ചെറിയ കുടിലിനു സമാനമായ തകര മേഞ്ഞ വീടുകളും കൃഷിസ്ഥലവും മാത്രം.എല്ലാം തന്നെ ഒറ്റമുറിവീടുകൾ.കാലികളും ഗ്രാമീണരും എല്ലാം ഒരേ കുരുക്ക് കീഴിൽ.ഏറ്റവും വലിയ ഒറ്റക്കല്ലിൽ കൊത്തിയ ഗുഹാക്ഷേത്രങ്ങളിൽ ലോകത്തിലെ തന്നെ ഒന്നാം സ്ഥാനമാണ് Ellora യിലെ ശില്പങ്ങൾക്ക് ഉള്ളത്.ഈ ഗുഹാക്ഷേത്രങ്ങളാണ് ഇവിടുത്തെ മുഖ്യ ആകർഷണം.Unesco പൈതൃക പട്ടികയിൽ ഇടം കണ്ടെത്തിയ ഈ ഗുഹാക്ഷേത്രങ്ങൾ മനുഷ്യന്റെ പ്രയത്നവും കരവിരുതും വിളിച്ചോതുന്നു.CE 600-100 കാലഘട്ടത്തിൽ ബുദ്ധമതം, ഹിന്ദുമതം, ജൈനമതം എന്നിവ അടിസ്ഥാനമാക്കിയ സ്മാരകങ്ങളാണ് ഇവിടെ കൊത്തിയിരിക്കുന്നത്.Cave- 16 മറ്റുള്ളവയിൽ നിന്നും ഏറെ വ്യത്യസ്തമാണ്.ഒരു രഥത്തിന്റെ ആകൃതിയിൽ കൈലാസ ശിവക്ഷേത്രത്തിന്റെ മാതൃകയിലാണ് ഇതിന്റെ നിർമ്മാണം.രണ്ടു പുരാതന ഹിന്ദു പുരാണങ്ങളെ അടിസ്ഥാനമാക്കിയാണ് ഇവിടുത്തെ ശില്പങ്ങൾ കൊത്തിയിരിക്കുന്നത്.

100 ഓളം ഗുഹകളിൽ 34 എണ്ണമാണ് സഞ്ചാരികൾക്കായി സന്ദർശനം അനുവദിച്ചിട്ടുള്ളത് ചാരനാദ്രി കുന്നുകളിലെ കീഴ്ക്കാംതൂക്കായ കൃഷ്ണശിലയിലാണ് ഈ ശില്പങ്ങൾ കൊത്തിയിരിക്കുന്നത്.ഇവയിൽ തന്നെ 3 തരം വേർതിരിവുകൾ ശ്രദ്ധയിൽപ്പെട്ടു.Caves (1-12) ബുദ്ധിസ്റ്റ്, (13-29) Hindus, കൂടാതെ (30-34) Jains

എന്നീ വിഭാഗങ്ങളുടെ ആരാധനാമൂർത്തികളെയാണ് പ്രതിനിധാനം ചെയ്യുന്നത്.അക്കാലത്തെ വിവിധ വിഭാഗങ്ങളുടെ മതപരമായ ഐക്യം സൂചിപ്പിക്കുന്നവയാണിത്.ഓരോ മതവിഭാഗത്തിന്റെയും ആരാധനക്കും, ഐതിഹ്യത്തിനും അടിസ്ഥാനമാക്കിയാണ് ഇവയുടെ നിർമ്മാണം എന്നു കാണാം.ഹിന്ദു സാമ്രാജ്യത്തിലെതന്നെ രാഷ്ട്രകൂഢ സാമ്രാജ്യത്തിന്റെ കാലത്താണ് ഇവ നിർമ്മിച്ചിരിക്കുന്നത്.ഇതിനായുള്ള ധനം രാജകുടുംബത്തിൽ നിന്നും കച്ചവടക്കാരിൽ നിന്നും മറ്റുള്ള ധനികരിൽ നിന്നും ശേഖരിച്ചതായി രേഖകളിൽ കാണുന്നു.ഈ ഗുഹകൾ സന്യാസമഠങ്ങൾ എന്നതിലപ്പുറം ക്ഷേത്രങ്ങളായും തീർത്ഥാടകരുടെ വിശ്രമസ്ഥലങ്ങളായും ഉപയോഗിച്ചിരിക്കുന്നു.ഭൂമി ശാസ്ത്രപരമായി ഡെക്കാൺ പ്രവശ്യയിൽ പുരാതനകാലത്ത് നടന്നു പോന്ന ദക്ഷിണ ഏഷ്യയിലെ പ്രധാനപ്പെട്ടതുമായ വ്യപാര സാധ്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

**Ajanta caves-** ഏകദേശം 29 ഓളം ഗുഹകൾ പാറ തുരന്ന് കല്ലിൽ കൊത്തിവച്ചിരിക്കുന്നു.2-ാം നൂറ്റാണ്ടിലാണ് ഇവയുടെ നിർമ്മാണം നടന്നിരിക്കുന്നത്.കല്ലിൽ കൊത്തിയ ശില്പത്തോടൊപ്പം മനോഹരമായ ചിത്രരചനയും ഇവിടെ നമ്മെ കാത്തിരിക്കുന്നു.പുരാതന ഇന്ത്യയിലെ കലാകാരന്മാരുടെ ചിത്രരചനാ പാടവം അവിടുത്തെ ചിത്രങ്ങളുടെ ആകാരഭംഗി, അംഗവിക്ഷേപം, ഭാവം, വികാരങ്ങൾ എല്ലാം ഇവയിൽ നിന്നും നമുക്ക് കാണിച്ചു തരുന്നു.Unesco യുടെ അഭിപ്രായത്തിൽ ഇന്ന് ഇന്ത്യ പിൻതുടരുന്ന കലാരൂപങ്ങൾ പലതും ഇവിടുത്തെ ചിത്രങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടിട്ടാണ് രൂപം കൊണ്ടിരിക്കുന്നത്.അജന്താ ഗുഹയിലെ ശില്പങ്ങളേ എന്ന ഗാനം പാൽകടൽ എന്ന മലയാള സിനിമയിലെ രൂപങ്ങൾ ജീവിക്കുന്നതായി കണ്ടതുപോലെ തോന്നി.രണ്ടു ഘട്ടങ്ങളായാണ് ഇവയുടെ നിർമ്മാണം.ഒന്നാം ഘട്ടം 2-ാം



നൂറ്റാണ്ടിലും രണ്ടാം ഘട്ട നിർമ്മാണം 400-600 CE യിലും 1983 മുതൽ ഇന്ത്യയുടെ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലാണ്.250 അടി വിസ്തൃതിയിലുള്ള കരിങ്കൽ ഭിത്തികൾ വരെ ഇവിടെ കാണാൻ സാധിക്കും.പിന്നീട് ഇവയെല്ലാം സന്യാസിമാരുടെ സന്യാസമഠങ്ങളും ആരാധനാലയങ്ങളും ആയിമാറി.ബുദ്ധന്റെ ജനനം, പുനർജന്മം, വിവിധ ബുദ്ധഗ്രന്ഥങ്ങളുടെ ഉള്ളടക്കം ഇവയെല്ലാം ചിത്രങ്ങളായി ആലേഖനം ചെയ്തിരിക്കുന്നു.പ്രകൃതി ദത്തമായ ധാരാളം വർണ്ണക്കൂട്ടുകൾ (ചെടികളുടേയും, പൂവുകളുടേയും, പഴങ്ങളുടേയും മറ്റും ചാറ്) ഉപയോഗിച്ചാണ് നിറം നൽകിയിരിക്കുന്നത്.1, 2, 16, 17 ഗുഹകളിലായി ഒരു കാലഘട്ടത്തിന്റെ മുഴുവൻ ജീവചരിത്രവും ചുമർചിത്രങ്ങളിലൂടെ പുറംലോകത്തിന് കാണിച്ചു

കൊടുത്തിരിക്കുന്നു.മധ്യകാലഘട്ടത്തിലെ ചൈനീസ് ബുദ്ധസന്യസിമാരുടേയും 17-ാം നൂറ്റാണ്ടിലെ മുഗൾകാലഘട്ടത്തിലേയും സഞ്ചാരികളേയും കുറിച്ച് ഇവിടെ പരാമർശിച്ചിട്ടുണ്ട്.കാട് മൂടി കിടന്ന ഈ പ്രദേശം 1819 ൽ Tiger hunting നായി വന്ന ഒരു ബ്രിട്ടീഷ് കേണൽ ആണ് അബദ്ധത്തിൽ കണ്ടെത്തിയതെന്നും പിന്നീടാണ് ശ്രദ്ധിക്കപ്പെട്ടതെന്നും ചരിത്രം പറയുന്നു.ഡക്കാൺ പീഠഭൂമിയിലെ ഒരു ചെറിയ നദിയായ വാഘൂർ നദിക്കരയിൽ U ആകൃതിയിൽ കീഴ്ക്കാം തൂക്കായ ഒരു മലയിടുക്കിലാണ് അജന്താഗുഹകൾ.ഇതിലൂടെ ധാരാളം വെള്ളച്ചാട്ടങ്ങൾ ഒഴുകിയിരുന്നതിന്റെ അടയാളങ്ങൾ നമുക്ക് കാണാനാകും.

## Golkonda fort-

Golkonda എന്നാൽ വൃത്താകൃതിയിലുള്ള ഒരു കുന്ന് അല്ലെങ്കിൽ ആട്ടിടയന്മാരുടെ കുന്ന് എന്നെല്ലാമാണ് അർത്ഥം.ഹൈദ്രാബാദ് നഗരത്തിൽ നിന്നും ഏകദേശം 11 km അകലത്തായി മധ്യകാലഘട്ടത്തിലെ കുത്തബ്സാഹി സാമ്രാജ്യത്തിന്റെ തലസ്ഥാനവും അഭയകേന്ദ്രവുമായിരുന്ന ഒരു കോട്ടയാണിത്.തെലുങ്കാനയുടെ ഇന്നത്തെ തലസ്ഥാനമായ ഹൈദ്രാബാദിന്റെ ഭരണസിരാ കേന്ദ്രമായിരുന്ന ഗോൽക്കോണ്ട.ലോകം കണ്ട ഏറ്റവും വലപിടിപ്പുള്ള കോഹിനൂർ ഉൾപ്പെടെ പലവില കൂടിയ രത്നങ്ങൾക്ക് ജന്മം നൽകിയ ഖനികൾക്ക്



ഉറവിടമാണ് ഗോൽകോണ്ട.Kohi-noor, Hope Diamond, Noor-Ul-Ain എന്നിവ ഇവിടുത്തെ സന്തതികളാണ്.നിർമ്മാണം kakatiya സാമ്രാജ്യത്തിന്റെ വകയാണ്.കോട്ടകളാൽ ചുറ്റപ്പെട്ട 120 m ഉയരമുള്ള ഒരു കരിങ്കൽകോട്ട പിൽകാലത്ത് റാണി രുദ്രമാദേവി അവരുടെ ശിഷ്യന്മാരായ പ്രതാപരുദ്രയുമായി ചേർന്ന് പുതുക്കി പണിതു.പിന്നീട് മുൻസൂൻറി നായക്കിന്റെ സൈന്യം കീഴടക്കി.1364 ടീറ്റി ഉടമ്പടിയിൽ ബാഹ്മണിസുൽത്താനേറ്റിന്റെ ഭരണത്തിൻ കീഴിലായി.ഇതേ തുടർന്ന് ഗോൽക്കോണ്ട പതിയെ പുരോഗതിയിലേക്ക് കുതിച്ച് തുടങ്ങി.1501 ൽ അന്നത്തെ Telangana ഗവർണ്ണർ ആയിരുന്ന Quli Qutb-Ul-Mulk അദ്ദേഹത്തിന്റെ ഇരിപ്പിടമായി പിടിച്ചടക്കി.ഈ കാലഘട്ടത്തിൽ ഫോർട്ട്ന്റെ സമ്പത്ത് ക്ഷയിക്കുകയും 1538 ൽ സ്വതന്ത്രമാവുകയും ചെയ്തു.62 വർഷത്തെ കാലം കൊണ്ട് ഈ മൺ കോട്ട ഇന്ന് കാണുന്ന രൂപത്തിലേക്ക് ഉയർന്നു.1590 ൽ hyderabad ലേക്ക് തലസ്ഥാനം മാറ്റുന്നതുവരെ ഇവിടെയായിരുന്ന

Telangana യുടെ ആസ്ഥാനം.

**Charminar-**



(Four minarets) 4 ഗോപുരങ്ങൾ, ഹൈദരാബാദിന്റെ അഭിമാനസ്തംഭമായ മുസ്ലിം പള്ളിയും സ്മാരകവും 1581 ലാണ് പണികഴിപ്പിച്ചത്.ഹൈദരാബാദിനെ തിരിച്ചറിയാനുള്ള ലോകമുദ്രയാണ് ചാർമിനാർ.400 വർഷകാലത്തോളം ചരിത്രപ്രസിദ്ധമായ ഒരു മുസ്ലിം ആരാധനാലയം ഇതിന്റെ മുകൾ നിലയിലാണ് പ്രവർത്തിച്ചുരുന്നത്.ഇതിനു ചുറ്റുപാടുമുള്ള ചന്ത (കച്ചവടങ്ങൾ) കളും പ്രസിദ്ധമാണ്.ഇവിടെവച്ചാണ് പ്രാദേശിക ആഘോഷങ്ങളായ റംസാൻ, ഈദ് എന്നിവ ആഘോഷിച്ചിരുന്നത്.Musi നദിയുടെ കിഴക്കൻ തീരത്താണ് ചാർമിനാർ പണികഴിപ്പിച്ചിരിക്കുന്നത്.പടിഞ്ഞാറ് ഒരു ചെറിയ അങ്ങാടിയും തെക്കുപടിഞ്ഞാറായി വിലപിടിപ്പുള്ള ഗ്രാനൈറ്റിനാൽ നിർമ്മിച്ച മക്കാമസ്ജിദും സ്ഥിതിചെയ്യുന്നു.ആധുനിക വാസ്തുകലയുടേയും പുരാവസ്തുവിന്റേയും സമ്മേളനമായ ചാർമിനാർ ഇന്നും തിളങ്ങിനിൽക്കുന്ന ഒരു സ്മാരകമാണ്.Char and minar എന്ന രണ്ടു ഉറുദുവാക്കുകളുടെ സമന്വയമാണ് ചാർമിനാർ എന്ന പേര്.4 ഉന്നതമായ ആർച്ചുകളാൽ പരസ്പരം ബന്ധിപ്പിച്ച ചരിത്രപ്രാധാന്യമുള്ള ഒരു ഗോപുരമാണിത്.

ഇന്ത്യൻ പുരാവസ്തു ഗവേഷണ വകുപ്പിനാണ് ഇതിന്റെയും സംരക്ഷണചുമതല.ഈ ഗോപുരത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെടുത്തി ധാരാളം കഥകൾ പ്രചാരത്തിലുണ്ട്.അതിൽ ഏറ്റവും പ്രചാരത്തിലുള്ളത് കോളറാനിർമാർജ്ജനവുമായി ബന്ധപ്പെട്ടതാണ്.Muhammad Quli Qutab Shah തന്റെ നാടിനെ കാർന്നു തിന്നുന്ന മാരക രോഗമായ കോളറയിൽ നിന്നും നാടിനേയും നാട്ടുകാരേയും മോചിപ്പിക്കണമെന്ന് പ്രാർത്ഥിക്കുകയും അദ്ദേഹം പ്രാർത്ഥിച്ച അതേ സ്ഥലത്ത് തന്നെയാണ് Mosque പണികഴിപ്പിച്ചതെന്നുമാണ് വിശ്വാസം.1591 ലാണ് ഈ സ്മാരകം പണിതീർന്നതെന്നുമാണ് ചരിത്രം.ഈ കാലഘട്ടത്തെ (1000 AH) രണ്ടാം മുസ്ലീം നൂറ്റാണ്ട് എന്നുമാണ് പറയുന്നത്.ഈ സംഭവം മുസ്ലീം ലോകത്ത്

ഇന്നും പ്രാധാന്യത്തോടെ ആഘോഷിക്കുന്നുണ്ട്.

Qutab Shah ആണ് Hyderabad പട്ടണം കണ്ടുപിടിച്ചതെന്നും സ്മാരകത്തിൽ ആഘോഷങ്ങൾ ആരംഭിച്ചതെന്നും പറയുന്നു.ഇതിന്റെ വാസ്തുകല നിർമ്മാണം ഇതിനെ കിഴക്കിന്റെ വിജയകവാടം എന്ന പേരിന് അർഹമാക്കി.വൈകുന്നേരത്തോടെ ചാർമാനാറും പരിസരപ്രദേശവും ജനനിബിഡമായി.മലയാളത്തിൽ ഒരു ചൊല്ലുണ്ട് ഉപ്പു തൊട്ട് കർപ്പൂരം വരെ എന്ന പോലെ ഇന്ന് കടകളിൽ നിന്നും വാങ്ങാൻ സാധിക്കുന്ന എന്തും ഇവിടുത്തെ മാർക്കറ്റിൽ ലഭ്യമാണ്.അതാണിത്ര തിക്കും തിരക്കും.ഇവിടുത്തുകാരുടെ മുഖ്യഉപജീവനമാർഗ്ഗവും ഈ മാർക്കറ്റ് തന്നെ.തികച്ചും സാധാരണക്കാരായ ജനങ്ങൾ.ആഡംബരം ഇല്ലാതെ അധ്വാനിച്ച് ജീവിക്കുന്ന ഒരു കൂട്ടം ജനസമൂഹം.

പിന്നീട് ഞങ്ങൾ പോയത് ലുംബിനി പാർക്കിലേക്കാണ്.ഒരു കാലത്ത് വളരെ പ്രശസ്തമായിരുന്ന ഇവിടം.ദക്ഷിണേന്ത്യയിലെ ആദ്യത്തെ laser show ലുംബിനി പാർക്കിലാണ് ആരംഭിച്ചത്.ഇപ്പോഴും തുടരുന്ന പ്രൗഡി കൈവിടാതെ.ബോട്ടുസവാരിക്കും, Bumji jumb നും ഒക്കെ സൗകര്യമുണ്ട്.വൃത്തിയുള്ള ഈ പാർക്കിനോട് വിടപറഞ്ഞ് Hyderabad റെയിൽവേ സ്റ്റേഷനിലേക്ക്.പിറ്റേ ദിവസം 7 മണിയോട് കൂടി ഒരു യാത്രയ്ക്ക് വിരാമമായി.

**Bindu.V HSA Maths**



# ഞായർ നടത്തങ്ങളിലെ ഗ്രാമക്കാഴ്ചകൾ

ടി.മുഹമ്മദ് വാളക്കുളം

ഓരോ ഞായർ പ്രഭാതത്തിലും

വ്യത്യസ്ഥ ഗ്രാമങ്ങളിലൂടെ നടത്തിയ

15 കി.മീ .നീളുന്ന സുദീർഘമായ നടത്തം ( Sunday Walk )

2016-ൽ തുടങ്ങി ഇന്നും തുടരുന്ന ഈ യാത്രകൾക്കിടയിൽ

പകർത്തിയ ഗ്രാമക്കാഴ്ചകളുടെ നേർ ചിത്രങ്ങൾ

ആ കാഴ്ചകളും വിശേഷങ്ങളും

വാളക്കുളം കെ.എച്ച് .എം.എച്ച് .എസ് .എസ്സിന്റെ

ലിറ്റിൽ കൈറ്റ് പുറത്തിറക്കുന്ന

ഡിജിറ്റൽ മാഗസിന്റെ താളുകളിൽ പങ്കുവെക്കുന്നു.



**എന്റെ വാളക്കുളം**



മനോഹരമാണതിന്റെ പ്രകൃതി
അതിലേറെ മനോഹരമായ അതിന്റെ പ്രഭാതങ്ങളിൽ
പച്ചപ്പട്ടുടുത്ത വിശാലമായ വയലിന്റെ കരയിലൂടെയും
പാടവരമ്പുകൾ മുറിച്ച് കടന്നും
തെളിഞ്ഞൊഴുകുന്ന ,പരൽ മീനുകൾ പായുന്ന തോട് കടന്നും
കടലുണ്ടിപ്പുഴയെ ഒന്ന് തൊട്ടും
മരങ്ങളുടെ തണൽ പറ്റിയും
ചെമ്മൺ പാതകളും, ഒറ്റയടി പാതകളും പിന്നിട്ട്
തുടരുന്ന കാൽനട യാത്രകളുടെ
ഒരാഴ്ചയുടെ പരിസമാപ്തിയാണ്
യഥാർത്ഥത്തിൽ Sundaywalk .

**സൺഡെ വാക്ക് ഊരകം മലയുടെ താഴ് വാരം കടന്ന്**



ഞായറാഴ്ചയും വിഷുവും ഒന്നിച്ച പ്രഭാതം.ഊരകം മലയുടെ താഴ് വാരത്തേക്ക് ഒതുക്കുങ്ങൽ നിന്നാണ് നടത്തം തുടങ്ങിയത്.ഉദയസൂര്യനും കൊന്നപ്പൂവും കണ്ട് കാരാതോട് പാലം കടന്ന് മലമ്പാത കേറിയുള്ള യാത്രയിൽ പ്രകൃതി ഒരുക്കിയ ഉറവകളും കോറിയിലെ മത്സ്യം വളർത്തലും NCC യുടെ ഫയർ പരിശീലന കേന്ദ്രവും കണ്ടുള്ള യാത്രയിൽ അവധിക്കാലത്തെ ഒരു കുട്ടി കച്ചവടക്കാരനിൽ നിന്ന് ഉപ്പിലിട്ട മാങ്ങയും ആസ്വദിച്ച് 15 കി.മീ. പിന്നിട്ട നടത്തം മലപ്പുറം കോണാംപാറയിൽ അവസാനിച്ചു.

**സൺഡെ വാക്കിൽ മയ്യഴിപ്പുഴ പറഞ്ഞത്**

ചരിത്രം ആർത്തിരമ്പി പോയ മയ്യഴിപ്പുഴയുടെ തീരം. മലബാർ എക്സ്പ്രസിൽ പുലർച്ചെ 6_ന് മാഹി സ്റ്റേഷനിൽ ഇറങ്ങി തുടങ്ങിയ നടത്തത്തിന് കേരളം വിട്ടൊരു പ്രതീതി നൽകി കൊണ്ട് പോണ്ടിച്ചേരി ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പച്ച നിറമുള്ള ബസ്സ് ഇടവിട്ട് കടന്ന് പോയി കൊണ്ടിരുന്നു. എം.മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരത്തെ കഥാപാത്രങ്ങൾ

തുമ്പികളായി ഞങ്ങൾക്കൊപ്പം പാറി നടന്നു. മാഹി പള്ളിയും മയ്യഴിപ്പുഴയും മയ്യഴിയുടെ ഗ്രാമ കാഴ്ചകളും യാത്രികർക്ക് ഹൃദ്യമായ സ്വാഗതമോതി. ഉദയ സൂര്യന്റെ പൊൻകിരണങ്ങൾ മയ്യഴിപ്പുഴയുടെ  ഓളങ്ങളിലും മയ്യഴിപ്പുഴ അറബിക്കടലിലും മുത്തമിടുന്നത് ഒരു കാഴ്ച തന്നെയാണ്. തീരത്തെ കാഴ്ചകൾ.... ബാക്കി ചിത്രങ്ങൾ പറയും.........



**സൺഡെ വാക്ക് അറബിക്കടലിന്റെ തീരം ചേർന്ന്**

സൂര്യൻ ഉദിച്ചുയരും മുമ്പെ തുടങ്ങിയ നടത്തത്തിന് ഇന്ന് പ്രവാസിയായ റഹീം കൂടി കണ്ണി ചേർന്നു. തീരം ചേർന്നുള്ള ചരിത്ര പാതയിലൂടെയുള്ള നടത്തത്തിൽ പഴയ കാല വീട്ടും അത്താണിയും ഒക്കെ പോയ കാലത്തിന്റെ കഥ പറഞ്ഞു. പ്രതീക്ഷിച്ച പോലെ ഞാവൽ പഴയത്തിന്റെ രുചിയും കടലോര നിവാസികളുടെ സ്നേഹവും ആസ്വദിച്ചു. ഭാഷാപിതാവിന്റെ സർവ്വ കലാശാലയും ഭാരതപ്പുഴ അറബിക്കടലിൽ സംഗമിക്കുന്ന പൊന്നാനിയുടെ തീരവും കടന്നപ്പോൾ ഞങ്ങൾ 13 കി.മീ.പിന്നിട്ടിരുന്നു.



**സൺഡെ വാക്ക് ഊരകം മലയുടെ കണ്ണീർ തീരങ്ങളിലൂടെ**

ഇന്ന് വേങ്ങര ചേറൂർ റോഡിൽ നിന്നാണ് പുലർച്ചെ.5.20 ന് നടത്തം തുടങ്ങിയത്. മിനി കാപ്പ് വഴി കിളിനക്കോട് ഗ്രാമത്തിലേക്കുള്ള വഴി അതി മനോഹരമായിരുന്നു.നേരിയ മഞ്ഞിന്റെ നീല ചേല ചുറ്റി ഊരകം മല ഞങ്ങൾക്ക് മുന്നോട്ടുള്ള നടത്തത്തിന് പ്രതീക്ഷ



നൽകി.മലയെ കാർന്ന് തിന്നുന്ന ക്രഷറുകളുടെ വേദനയിൽ ഒഴുകിയെത്തിയ കലങ്ങിയ കണ്ണീർതടങ്ങൾ തീർത്ത കാഴ്ചകളുടെ വേദന. വേനൽമഴ തീർത്ത പച്ച വിരിച്ച വഴികളിലേക്ക് പലപ്പോഴും റോഡിൽ നിന്ന് മാറി നടന്നു. മസ്ജിദും, മന്ദിറും  ചർച്ചും സൗഹാർദ്ദത്തിന്റെ ഗീതം പാടുന്ന ഈ താഴ് വാരത്തോട് വിട പറഞ്ഞ് റംസാനിലെ ഞായറാഴ്ചകൾക്ക് അവധി നൽകി....ശേഷം പുതിയ കാഴ്ചകൾ തേടിയുള്ള യാത്രകൾക്കുള്ള കാത്തിരിപ്പുമായി തൽക്കാലം വിട.

സൺഡെ വാക്ക് അംഗങ്ങൾക്കും ആസ്വാദകർക്കും നന്ദി.

**കോഴിക്കോടിന്റെ ചരിത്രവഴികളിലൂടെ ഒരു ഞായർ പ്രഭാതം**

''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''



യമനിലെ വ്യാപാരിയായിരുന്ന നാഖൂദാ മിസ്ഖാൽ പതിനാലാം നൂറ്റാണ്ടിൽ നിർമ്മിച്ച കുറ്റിച്ചിറയിലെ മിസ്ഖാൽ പള്ളിക്ക് പറയാനുള്ളത് ഒട്ടേറെ ചരിത്രം. പോർച്ചുഗീസുകാരനായ അൽ ബുക്കർക്ക് 1510 ജനുവരി 3 ന് ഈ പള്ളി തകർക്കാൻ ശ്രമിച്ചു. അതിന്റെ ബാക്കിപത്രമെന്നോണം ഇന്നും കരിഞ്ഞ ഭാഗങ്ങൾ മേൽക്കൂരയിലുണ്ട്. സാമൂതിരി പുനർനിർമ്മിച്ച നൽകിയത് മറ്റൊരു ചരിത്രം.... തീരുന്നില്ല...  ..കുറ്റിച്ചിറ.. വിശാലമായ ഒന്നര ഏക്കറിൽ നിറഞ്ഞ് നിൽക്കുന്നു. ചരിത്രം പറയുന്ന ഒട്ടേറെ പള്ളികൾ. വഴിയിൽ വെച്ച് പരിചയപ്പെട്ട കാരണവർ റഷീദ്ക ഞങ്ങളെ കോഴിക്കോടൻ രുചികൾ തന്ന് വീട്ടിൽ സൽക്കരിച്ചു .പിന്നെ തളിയിലേക്ക്. തളിക്ഷേത്രം, വിശാലമായ കുളം..... കോഴിക്കോടിന്റെ പ്രതാപത്തിന്റെ കഥ പറയുന്ന വീടുകൾ... പ്രഭാതം ചരിത്രത്തിന്റെ കഥകൾ പറഞ്ഞ് കൊണ്ടേയിരുന്നു. സാമൂതിരി സ്കൂളിലും ഒന്ന് കേറി..... കി.മീ. എത്ര നടന്നെന്നറിയാതെ കോഴിക്കോടിന്റെ പ്രഭാതത്തിൽ നിന്നും പിന്നെ നാട്ടിലേക്ക്.

**നടന്ന് തീരാതെ വള്ളുവനാടിൻ വഴികൾ**

സൺഡെ വാക്കിന്റെ സർവ്വകാല റെക്കാർഡ് തകർത്തായിരുന്നു ഇന്നത്തെ 21 കി.മീ. വള്ളുവനാടൻ വഴികളിലൂടെയുള്ള നടത്തം. ചരിത്രവും പ്രകൃതിയും കവിത രചിക്കുന്ന മനോഹര വഴികൾ. തിരുന്നാവായ മാമാങ്കത്തിലേക്ക് ജന്മനാടിന്റെ അഭിമാനം സംരക്ഷിക്കാൻ ചാവേറുകൾ പോയ മൺപാതക്ക്  മീതെ ഇന്നും പ്രകൃതിയുടെ കണ്ണുനീർ തളം  കെട്ടി നിൽക്കുന്നു. ചോല വെള്ളച്ചാട്ടവും ,വയലേലകളും കടന്ന് ടിപ്പുവിന്റെ നിരീക്ഷണ

കേന്ദ്രമായിരുന്ന പാലൂർ കോട്ടക്ക് താഴെ അതി മനോഹരമായ വെള്ളച്ചാട്ടത്തിൽ നീരാടി.വീണ്ടും കുന്നുകയറി വെള്ളച്ചാട്ടം ഉദ്ഭവിക്കുന്ന പാലൂർ കോട്ട കുളം മുറിച്ച് കടന്ന് തിമിർത്ത് പെയ്ത മഴയോടൊപ്പം പോൾ മാഷും, ശിഹാബ് മാഷും നയിച്ച ഇന്നത്തെ നടത്തത്തിന് പോൾ മാഷിന്റെ വീട്ടിലെ പാലപ്പത്തിന്റെയും ചിക്കൻ കറിയുടെയും രുചിയോടെ തിരശ്ശീല വീണു



**കർക്കടകത്തിലെ തണുത്ത പ്രഭാതത്തിലൂടെ ഒരു ഞായർ നടത്തം**

!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

ഗ്രാമ ക്ഷേത്രങ്ങളിൽ നിന്നും രാമായണ ശീലുകൾ കേട്ട് ,മഴ തിമിർത്ത് പെയ്ത പ്രകൃതി യിൽ ചില്ലകൾ വരച്ച ചിത്രങ്ങൾ, ഗ്രാമ കവലകൾ, മസ്ജിദ്, പോയ കാലത്തിന്റെ ഓർമ്മ പുതുക്കി ക്ഷേത്രവഴികൾ, രാഷ്ട്രീയമാണങ്കിലും ബസ്സ് കാത്തിരിപ്പ് കേന്ദ്രത്തിന്റെ ആശയം ഉഗ്രൻ ,വെള്ളച്ചാട്ടങ്ങൾ, നീർച്ചാലുകൾ ഗ്രാമങ്ങളിൽ ഇനിയും അവശേഷിക്കുന്ന കാഴ്ചകൾ കടന്നായിരുന്നു ഭാഷാപിതാവിന്റെ നാട്ടിലേക്കുള്ള നടത്തം.



**കടലിരമ്പം കേട്ട് തീരം ചേർന്നൊരു ഞായർ നടത്തം**
''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''



ഇന്നത്തെ ഞായർ പ്രഭാതം കടലിരമ്പം കേട്ടാണ് കി.മീറ്ററുകൾ നടന്നത്.പതിവ് പാതയിൽ നിന്ന് മാറി കടലോര നിവാസികളുടെ ജീവിതങ്ങൾക്കിടയിലൂടെയായിരുന്നു പരപ്പനങ്ങാടി തീരത്ത് നിന്നും താനൂർ തീരത്തേക്കുള്ള നടത്തം.തീര കാഴ്ചകൾ മനോഹരവും സമ്പന്നവുമായിരുന്നു. വലക്കണ്ണികളിൽ ജീവിതം നെയ്തെടുക്കുന്നവർക്ക് തിരമാലകളെ ഭയക്കാൻ കഴിയില്ലെന്നത് ഒരു പാഠമാണ്. കനോലി കനാലിലെ തോണിയും, പൂച്ചയും, കാക്കയും ഒക്കെ കഥ പറയുന്ന വഴികൾ...... വാക്കുകളേക്കാൾ ബാക്കി ചിത്രങ്ങൾ പറയും.......

**തീരം ചേർന്ന് തിരൂരിലേക്ക് ഒരു ഞായർ നടത്തം**
*********

റെഡ് അലർട്ട്.... പ്രളയം..... രണ്ട് ഞായർ നടത്തങ്ങളുടെ അവധി കഴിഞ്ഞ് ഇന്ന് വീണ്ടുമിറങ്ങി..... മലയോര മേഖലയും, നദീതീരങ്ങളും പ്രളയം കഴിഞ്ഞ് സാധാരണ ജീവിതത്തിലേക്ക് തിരിച്ച് വരുന്നെയുള്ളൂ ... ദുരിത കാഴ്ചകളിലൂടെ യാത്ര പോവാനുള്ള സമയമായിട്ടില്ല. അതിനാൽ ഇന്നും തീരം തന്നെ തെരഞ്ഞെടുത്തു. താനൂരിൽ നിന്ന് തിരൂരിലേക്കുള്ള നീണ്ട തീര വഴികളിലേക്ക് ശോഭാ പറമ്പ് ക്ഷേത്രം കഴിഞ്ഞ് കനോലി കനാലിനെ ഒന്ന് മുറിച്ച് കടന്ന് തിരമാലകളോട് കിന്നരിക്കുന്ന കാക്ക കുടുംബത്തെയും, മഹാപ്രളയത്തിലെ രക്ഷകരായ കടലിന്റെ മക്കളുടെ ഒഴുകി വന്ന വലയും ,യന്ത്രങ്ങളും ജീവിതത്തിലേക്ക് ഉയർത്താനുള്ള കഠിന പ്രയത്നവും.... പിന്നെ തീരക്കാറ്റ് പറഞ്ഞ ഒരു പാട് മനോഹര കഥകൾ.... കാഴ്ചകൾ,,,,,,, സമ്പന്നമായിരുന്നു ഈ ഞായർ പ്രഭാതവും.

**സൺഡെ വാക്കിൽ**
**തലശ്ശേരി പറഞ്ഞത്**
*********

ഞായർ നടത്തം അങ്ങിനെ റെയിൽവെയുടെ അനാസ്ഥകാരണം വൈകീട്ടായി. രാവി.തലശ്ശേരിക്കുള്ള ട്രെയിൻ 2 മണിക്കൂർ ലേറ്റ്. വൈക്കീട്ട് 4 മണിയുടെ വെയിലിന് കനത്ത ചൂട്.പ്രഭാതനടത്തത്തിന്റെ സുഖം തിരിച്ചറിഞ്ഞത് അപ്പോയാണ് .തലശ്ശേരി കോട്ട, കോട്ടയിലെ ടിപ്പുവിന്റെ പടയാളികളെ തടവിലിട്ട ജയിലറ, നൂറ്റാണ്ട് പഴക്കമുള്ള ലൈറ്റ്

ഹൗസ് ,കടൽ തീരത്തെ പൗരാണിക ചർച്ച്, ഓടക്കൽ പള്ളി, തലശ്ശേരിയുടെ ആളൊഴിഞ്ഞ ഞായർ തെരുവുകൾ. പൗരാണികവും ആധുനികവുമായ നിരവധി കാഴ്ചകൾ കൊണ്ട് സമ്പന്നമായ ഒരു ഞായർ സായാഹ്നമാണ് കടന്ന് പോയത്.

**ദുരന്തഭൂമിക കടന്നൊരു സൺഡെ വാക്ക്**

**********

ഭൂമി പിളർന്ന് ദുരന്തം വിതച്ച ക്ലാരിയിലെ കഞ്ഞികുഴിങ്ങര പ്രദേശത്തേക്ക് നൂറ്റാണ്ടിന്റെ ചരിത്രം പറയുന്ന ഒരു കെട്ടിടമുറ്റത്തു കൂടിയായിരുന്നു നടത്തം. ആംസ് ഇന്ത്യാ ഫൗണ്ടേഷൻ പ്രവർത്തകരാണ് ഞങ്ങളെ നയിച്ചത്. വിണ്ടുകീറിയ ഭൂമി അല്പം ശ്രദ്ധ തെറ്റിയാൽ അപകടം സംഭവിക്കാം. പ്രദേശം വേലി കെട്ടി അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിരിക്കുന്നു. ഒരു വീട് മണ്ണടിഞ്ഞിരിക്കുന്നു. മറ്റൊരു വീട് മരണമുഖത്ത്. കിണറിൽ പോലും വിള്ളലിന്റെ അടയാളങ്ങൾ,,,,, വിള്ളലിൽ ഇറങ്ങിക്കണ്ട ഭീകരമായ അനുഭവം ആംസ് പ്രവർത്തകർ വിശദീകരിച്ചു.ദുരന്തഭൂമി പിന്നിട്ട് ക്ലാരി വയലിലേക്കിറങ്ങി.തോട് വക്കിലൂടെ നീണ്ട നടത്തം.കാർഷിക ഗ്രാമ കാഴ്ചകൾ........: സമ്പന്നമായ രണ്ട് കാഴ്ചകളിലൂടെയായിരുന്നു കി മീറ്ററുകൾ നീണ്ട ഇന്നത്തെ പ്രഭാത നടത്തം.



**സൺഡെ വാക്ക് നിളയുടെ സായാഹ്നത്തിലൂടെ**

********

ചില അനുഭവങ്ങൾ യാത്രകളെ അവിസ്മരണീയമാക്കും.അത്തരത്തിലൊരു യാത്രയായിരുന്നെ ഇന്ന്. നവാമുകുന്ദന്റെ കടവിൽ നിന്നും യാഹൂട്ടിയുടെ തോണിയിൽ കിഴക്കോട്ട് കുറെ സഞ്ചരിച്ച് പ്രതീക്ഷയുടെ മണൽതീരത്ത്.നിറഞ്ഞൊഴുകിയ നിളയിൽ എക്കൽ മണ്ണിൽ തഴച്ചുവളരുന്ന വെള്ളപ്പൂവിട്ട പുൽകാടുകൾ. മരുഭൂമിയെ അനുസ്മരിപ്പിക്കുന്ന മണൽപരപ്പ്, അപൂർവ്വയിനം ചെടികൾ, പൂക്കൾ, രാവണയാൻ പോകുന്ന പക്ഷിക്കൂട്ടങ്ങൾ, അസ്തമയത്തിനൊരുങ്ങുന്ന സൂര്യന്റെ വിവിധ ഭാവങ്ങൾ നിളയുടെ ഓളങ്ങളിൽ ചിത്രങ്ങൾ വരച്ചു .... ഇന്ന് നടന്ന് താണ്ടിയ ദൂരങ്ങളെ മറികടക്കാൻ നദി വീണ്ടും മുറിച്ച് കടന്നപ്പോൾ ദിക്കറിയാത്ത വിധം പുൽകാടുകൾ ഞങ്ങളെവളഞ്ഞു. നിളയുടെ തോണിക്കാരൻ യാഹൂട്ടി

ഞങ്ങളെ തിരക്കി വന്നത് കൊണ്ട് വീണ്ടും കടവെത്തി. പിന്നെ നിളയിലൊന്ന് നീരാടി പ്രാർത്ഥനയും കഴിഞ്ഞ് മടക്കം

**സൺഡെ വാക്ക്**
**കോൾനിലങ്ങളുടെ സൗന്ദര്യവും**
**ചരിത്രത്തിന്റെ ശേഷിപ്പുകളും കടന്ന്**
**തൃശ്ശൂർ ജില്ലയിൽ**

**********

മലപ്പുറം ജില്ലാ അതിർത്തിയായ കല്ലൂർമമയിൽ നിന്നാണ് നടത്തം തുടങ്ങിയത്. താമരപ്പൂക്കൾ വിടരാൻ പ്രഭാത സൂര്യന്റെ പൊൻകിരണങ്ങൾ കാത്തിരിക്കുന്ന പുലർകാലം. വിവിധ തരം പക്ഷികൾ  ഉപ്പുങ്ങൽ കടവിന് മീതെ പാട്ട് പാടി പറക്കുന്നു.പരിചയപ്പെട്ട പരിസ്ഥിതി പ്രവർത്തകരുടെ വക പാട വക്കിലെ ആധുനിക മക്കാനിയിൽ നിന്നൊരു ചായ - കോൾപ്പാടത്തെ ജലാശയത്തിൽ വലയുടെ കണ്ണികളിൽ നിന്ന് ചെറുമീനുകളെ തങ്ങളുടെ ജീവിതത്തിലേക്ക് പെറുക്കിയെടുക്കുന്ന -കർഷകർ.. ടീം സൺഡെ വാക്കിന്റെ ഇന്നത്തെ ക്രിസ്ത്യൻ-മുസ്ലിം സംഘത്തോടൊപ്പം ക്ഷേത്രത്തിലെ ശാന്തിക്കാരൻ വഴികാട്ടിയായി.ശേഷം ശിലായുഗ ചരിത്ര ശേഷിപ്പായ ശവമടക്കിനുപയോഗിച്ചിരുന്ന വെട്ടുകൽ ഗുഹയും കണ്ട് തൊട്ടടുത്ത ചർച്ചിൽ കയറി അച്ചനെ പരിചയപ്പെട്ട് സൗഹാർദ്ധം ഊട്ടിയുറപ്പിച്ച് സെമിത്തേരിയിലും ഒന്ന് കയറിയിറങ്ങി കി.മീ. പിന്നിട്ട നടത്തം അവസാനിച്ചു.

**കുമ്പൻ മലയുടെ**

**താഴ് വാരത്തൊരു കുളിർപ്രഭാതം**

പച്ചപുൽകിയ പുണ്യ സൈകതം
പശ്ചിമാബ്ധി സമ്മേളിതം
നിറസൗന്ദര്യത്തിന്റെയും നിറക്കാഴ്ച്ചകളുടെയും അസുലഭ നിമിഷങ്ങൾ സമ്മാനിക്കുന്ന ഞായർ നടത്തത്തിലെ ശ്രേദ്ധേയമായ ഒരേടായിരുന്നു ഇന്നത്തേത്. സൈലന്റ് വാലിയിലെ കന്യാവനങ്ങളെ തഴുകി തലോടി ഒലിപ്പുഴയിൽ സംഗമിക്കുന്ന കേരളാംകുണ്ടിലെ തെളിനീരിൽ നീരാടി മേനിക്കും മനസ്സിനും കുളിരനുഭവം



സമ്മാനിച്ച സുപ്രഭാതം. കരുവാരക്കുണ്ട് കിഴക്കേ തലയിൽ നിന്ന് ആരംഭിച്ച നടത്തം നിരവധി എസ്റ്റേറ്റുകൾ പിന്നിട്ടു കാനന പാതയിലൂടെ കൃത്യം 8 മണിക്ക് മലപ്പുറം ജില്ലയുടെ കിഴക്കേയറ്റത്തുള്ള കേരളാംക്കുണ്ടിൽ എത്തിച്ചേർന്നു. പ്രകൃതിദത്തമായ  ഉരുളൻ കല്ലുകൾ കൊണ്ട് അടിത്തറ പാകിയ കാട്ടരുവികളും അമ്പരചുംബികളായ കുന്നുകളും ഈറ്റക്കാടുകളും കൊക്കോ തോട്ടങ്ങളും യാത്രയിലെ മായാക്കാഴ്ച്ചകളായിരുന്നു.10.30 ന് യാത്ര അവസാനിച്ച് അടിവാരത്തെത്തിയപ്പോഴേക്കും 14  കിലോമീറ്റർ പിന്നിട്ടിരുന്നു.

**കരിമീൻ തുടിക്കുന്ന അകലാപ്പുഴയുടെ തീരങ്ങളിലൂടെ**

സൺഡേ വാക്കിന്റെ ഒരെഡിഷനെങ്കിലും സംഘടിപ്പിക്കണമെന്ന് ഏറെ കാലമായി ആഗ്രഹിക്കുന്ന അകലാപ്പുഴയുടെ തീരത്തിലൂടെയായിരുന്നു ഇന്നത്തെ പ്രഭാതനടത്തം.കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന കോരപ്പുഴയുടെ കൈവഴിയാണ് മലബാറിന്റെ ഈ സുന്ദരി. മലബാർ മാന്വലിൽ പോലും ഏറെ വർണിച്ച അകലാപ്പുഴ തോടുകളാലും കണ്ടൽക്കാടുകളാലും ഇടതൂർന്ന കേരനിരകളാലും സമ്പന്നമാണ്.ദേശാടനക്കിളികൾ രാപ്പാർക്കുന്ന ഇവിടുത്തെ ചെറു തുരുത്തുകൾ കണ്ണുകൾക്ക് ദൃശ്യചാരുത സമ്മാനിക്കും. 'സോളോ വാക്കിങ്' ഏറെ ആസ്വദിച്ച് കൈ നിറയെ പിടയ്ക്കുന്ന പുഴമീനുമായിട്ടാണ് വീട്ടിലേക്കു മടങ്ങിയത്.ടീം സൺഡേ വാക്കിന് ഉടനൊരു അവസരമൊരുക്കണമെന്ന പ്രതിജ്ഞയോടെ.......

**സൺഡെ വാക്ക്**
**ഗ്രാമ വഴികൾ കടന്ന്**

''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''

ടീം സൺഡെ വാക്കിന് മറക്കാനാവാത്ത ചില വഴികളുണ്ട്. ഗ്രാമനന്മകളാൽ സമ്പന്നമായ കാർഷിക ഗ്രാമങ്ങൾ. അവിടെ പച്ചയണിയുന്ന നെൽപ്പാടങ്ങളുണ്ട്. തെങ്ങോലകളുടെ തണലുണ്ട്. അവയെ തഴുകി വരുന്ന കുളിർ കാറ്റുണ്ട്.നിറഞ്ഞൊഴുകുന്ന തോടും, അരുവികളുമൊക്കെയുണ്ട്. വെന്നിയൂർ-കരിമ്പിൽ നിന്നും ചുള്ളിപ്പാറ ചെറുമുക്ക് കൊടിഞ്ഞി കാളം തിരുത്തി വഴി 14 കി.മീ. നടന്ന് ന്യൂക്കട്ട് പിന്നിട്ട് പാലത്തിങ്ങൽ എത്തുമ്പോൾ ഒരു പേന കച്ചവടക്കാരൻ കാത്ത് നിന്നിരുന്നു. പൂർണ്ണചന്ദ്രന്റെ അസ്തമയത്തിനൊപ്പവും, സൂര്യന്റെ ഉദയത്തിനൊപ്പവും ഒരേ സമയം നടന്ന് തീർത്തത് ഒരു മനോഹരമായ ഞായർ പ്രഭാതം.



**പാളങ്ങൾക്കൊപ്പം ഒരു പദയാത്ര**

''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''''

പുലർകാലം സമയം 6 മണി.പരപ്പനങ്ങാടിയിൽ നിന്നും റെയിൽപാളങ്ങൾക്കൊപ്പം നടത്തം തുടങ്ങി. ഇരുട്ടിനൊപ്പം ചൂളം വിളിച്ച വന്ന ചരക്ക് വണ്ടികളും മഴ മേഘങ്ങൾക്കുമിടയിലൂടെ യുള്ള യാത്ര..... ഒപ്പം ചേരാൻ കൂട്ടുകാരൻ ഷാനിയാസ് വള്ളിക്കുന്ന് സറ്റേഷനിലെത്തി. റെയിൽവെ ജീവനക്കാരനൊപ്പം ട്രാക്കിൽ വെച്ചൊരു സെൽഫി..... ക്ഷേത്രം, പ്രകൃതി, പാളം, പുഴ, കടൽ.....ഇടക്ക് വന്ന ചാറ്റൽ മഴ..... 13 കി.മീ. നടത്തം കഴിഞ്ഞ് 1860-ൽ കേരളത്തിലെ ആദ്യത്തെ റെയിൽവെ സർവീസായ ബേപ്പൂർ - തിരൂർ പാതയുടെ ചരിത്രത്തോടൊപ്പം കടലുണ്ടി സറ്റേഷനിൽ നിന്നും ട്രൈനിൽ തന്നെ അതെ പാതയിലൂടെ തിരിച്ച പോന്നു.



# സ്നേഹ ദൂതനായ അച്ഛൻ

സൂര്യനാൽ തുടക്കപ്പെട്ട ഒരു ദിവസം ആകാശം പ്രഭാത ആഹ്ലാദത്തിൽ .പള്ളികളിൽ നിന്ന് ബാങ്ക് വിളി ക്ഷേത്രത്തിൽ നിന്ന് അർച്ചന ഗീതം പള്ളിയിൽ നിന്ന് മണി മുഴക്കം അവൾ മെല്ലെ കണ്ണ് തുറന്നു. നയനാന്തരീക്ഷത്തിൽ ഫാൻ കറങ്ങുന്നു.ആരോ കതകിൽ തട്ടി അമ്മയാണ് കുളിച്ചുദേഹം ശുദ്ധിയാക്കി അണിഞ്ഞൊരിങ്ങി രാവിലെ ഭക്ഷണം കഴിച്ചു പാഠങ്ങൾ വായിച്ചു. സ്കൂളിൽ പോകാൻ തയ്യാറാവുന്ന ശ്രമത്തിനിടയിൽ ആയിഷ വന്നത് അവൾ യാത്ര പറഞ്ഞ് ഇറങ്ങി അപ്പോഴാണ് അവൾ ഓർത്തത് നാളെയാണ് അച്ഛൻ വരുന്നത് നാളെ സ്കൂളിൽ പോകാതെ അച്ഛനെ സ്വീകരിക്കണം റോഡിൽ ആരുമില്ല അവർ അകലം പാലിച്ചു നടന്നു നാളെ അച്ഛൻ വരുന്നതിന്റെ സന്തോഷവാർത്ത ആയിഷയോട് പങ്ക് വെച്ചു. അപ്പോഴാണ് അവൻ കയറി വന്നത് അവൾ ഒന്ന് ഞെട്ടി ആയിഷ ശ്രദ്ധിച്ചു. കൗമാര പ്രായത്തിന്റെ ചീത്ത കീട്ടുക്കെട്ടിൽ പ്പെട്ടത് അതിൽ നിന്ന് കരകയറാൻ അവളുടെ അച്ഛനാണ് സാധിച്ചത്. അതിനാൽ ആണ് അച്ഛൻമ്മാരെ അവൾക്ക് ഏറെ ഇഷ്ടം

"കൂട്ടുക്കാരെ നമ്മൾ അച്ഛൻമ്മാരിൽ നിന്ന് ഒന്നും മറിച്ച് പിടിക്കരുത് അത് പിന്നെ വലിയ ദുരന്തമായി മാറാം . അതിൽ നിന്ന് കരക്കയറാൻ സാധിക്കണ മെന്നില്ല.

By
Rishana sharin . V
IX-J

## വെടിയൊച്ചകൾക്കപ്പുറം നിറ സൗന്ദര്യത്തിൻ കാശ്മീർ
## Explore and amaze on the glimpses of Kashmir valley

കാശ്മീർ ....... പലപ്പോഴും വെടിയൊച്ചകളുടേതാണ്. ബോംബ് സ്ഫോടനങ്ങളുടേതും ചാവേറുകളുടെയും സംഘർഷങ്ങളുടേതുമായിട്ടാണ് നാം പലപ്പോഴും വിലയിരുത്താറ്. ഈ ധാരണകളെയെല്ലാം തെറ്റിക്കുന്നതായിരുന്നു അവിടെ ചെലവിട്ട ഓരോ നിമിഷങ്ങളും.2017 ലെ സെപ്റ്റംബർ രണ്ടാം വാരത്തിലാണ് ഐതിഹാസികമായ കാശ്മീരിന്റെ രജത ഭൂമികയിൽ ഞങ്ങളെത്തിയത്. എന്നോടൊപ്പം പ്രിയ സുഹൃത്തുക്കളായ മുഹമ്മദ്ക്കയും ആത്തിഫും ഉണ്ടായിരുന്നു.നീണ്ട പത്തു രാപ്പകലുകൾ ഹിമാലയത്തിൽ കഴിച്ചു കൂട്ടിയതിന്റെ ആലസ്യത്തിലാണ് അവിടെ എത്തിയതെങ്കിലും കാശ്മീരിന്റെ ഭൂപ്രകൃതി എന്തെന്നില്ലാത്ത ഒരാവേശം ഞങ്ങളിൽ സന്നിവേശിപ്പിച്ചു. 'ഭൂമിയിലൊരു സ്വർഗ്ഗമുണ്ടെങ്കിൽ അതിതാണ് ' കാശ്മീരിനെ കുറിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ തീർത്തും ശരിയാണെന്ന് ഞങ്ങൾ അനുഭവിച്ചറിഞ്ഞു. ബോർഡറുകളിലെ ചില അക്രമങ്ങൾ ഇതിനൊരു അപവാദമായിരിക്കാം .നൂറു കണക്കിന് സൈനിക ടക്കുകളും Ak 47 ഏന്തിയ സൈനിക വ്യൂഹങ്ങളും അവിടിവിടങ്ങളിലായി കാണാമെങ്കിലും അവരും ജനങ്ങളും സൗഹൃദത്തിലാണ് കഴിഞ്ഞു കൂടുന്നത് .പലപ്പോഴും അവർ തമ്മിൽ സൗഹൃദ സംഭാഷണത്തിലേർപ്പെടുന്നത് ദർശിക്കാമായിരുന്നു.കഴിഞ്ഞ കുറേ ദിവസങ്ങളിലായി നിരവധി ഇന്ത്യൻ സംസ്ഥാനങ്ങളിലൂടെ സഞ്ചരിക്കുകയുണ്ടായി . സ്വഭാവ മഹിമയിലും ഭക്ഷണ രുചിയിലും വൃത്തിയിലും കാഴ്ചകളുടെ സൗന്ദര്യത്തിലും പ്രകൃതി ഭംഗിയിലും കാശ്മീരിനെ വെല്ലാൻ ഒരു ഇന്ത്യൻ സംസ്ഥാനങ്ങൾക്കുമാവില്ല. അതു കൊണ്ടു തന്നെയാവാം ഇന്ത്യാ ഭൂപടത്തിന്റെ തലയുടെ ഭാഗത്ത് കാശ്മീർ സ്ഥാനം പിടിച്ചതും. ആതിഥ്യ മര്യാദയിൽ മലബാറിനോട് കിടപിടിക്കും കാശ്മീർ.പ്രകൃതി പോലെ സുന്ദരൻമാരായ ജനങ്ങളും അവിടുത്തെ മാത്രം സവിശേഷതയാണ്. ഇംഗ്ലീഷ് സംസാരിക്കുന്നതിലും ഇവർക്ക് അസാമാന്യമായ നൈപുണ്യമുണ്ട്. പഴങ്ങളിലെ സുന്ദരിയായ ആപ്പിളും ലോക ക്രിക്കറ്റിന് ബാറ്റുകൾ നൽകുന്ന വില്ലോ മരങ്ങളും ഒരു ഗ്രാമിന് 200 മുതൽ 400 രൂപ വരെ വിലയുള്ള കുങ്കുമവും ആപ്രിക്കോട്ടും ചെസ്റ്റ് നട്ടും കാശ്മീരിന്റ 'ഭീതി'യുടെ മണ്ണിൽ സമൃദ്ധമായി വളരുന്നു .കാശ്മീർ കാവയും മട്ടൻ കബാബും കാശ്മീരി ബിരിയാണിയും നാവിലെ രുചി മുകുളങ്ങൾക്ക് ഉത്തേ ജനമേകും. മലമുകളിൽ കാറ്റിനൊത്ത് നൃത്തം ചവിട്ടുന്ന ത്രിവർണ്ണ പതാകകൾ നമ്മുടെ ദേശസ്നേഹത്തെ അതിന്റെ പാരമ്യതയിലെത്തിക്കും.18 കി.മീ ലധികം ദൈർഘ്യമുള്ള ദാൽ ലെയ്ക്കിലൂടെയുള്ള ശിഖാർ (തോണി) സഞ്ചാരം ദൃശ്യവിരുന്നുകളുടെ Grand Expo സമ്മാനിക്കും. ജലോപരിതലത്തിലൂടെ നീന്തി തുടിക്കുന്ന അപൂർവ്വയിനം പക്ഷികളും വിവിധ വസ്തുക്കൾ വിൽക്കുന്ന ശിഖാറുകളും ഫ്ലോട്ടിങ് ഗാർഡനുകളും സഞ്ചരിക്കുന്ന ഹോട്ടലുകളും പോസ്റ്റ് ഓഫീസും വൈവിധ്യങ്ങളായ പുഷ്പങ്ങളും കാശ്മീരിനെ സഞ്ചാരികളുടെ ഹൃദയത്തോടടുപ്പിക്കും.ഇന്ത്യയിലെ ശ്രദ്ധേയമായ തുലിപ് ഗാർഡനും ഷാലിമാർ ഗാർഡനും നെഹ്റു ഗാർഡനും ദാൽ ലെയ്ക്കിന്റെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. ഹൗസ് ബോട്ടുകളിൽ സ്വവസതികൾ തീർക്കുന്നതോടൊപ്പം കാശ്മീരിലെ മൂല്യവത്തായ കൈത്തറി ഇൻഡസ്ട്രി കേന്ദ്രീകരിച്ചതും ഇവിടെ തന്നെയാണ്.ഇത്തരം ഷോപ്പുകളിൽ കയറി പർച്ചേഴ്സ് നടത്താനും നമ്മുടെ ശിഖാറുകൾ അവസരമൊരുക്കും.ലോകത്ത് ഒരു തടാകത്തെ ഇത്ര ആസൂത്രിതമായി ഉപയോഗിച്ച ഒരു സ്ഥലവും ഉണ്ടാവാനിടയില്ല. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ തുരങ്കമായ ഷെനാനി നെഷ് രിയിലൂടെയും ( 9.28 km ) മുഗൾ റോഡിലൂടെയുമുള്ള സഞ്ചാരങ്ങൾ ആരെയും വിസ്മയിപ്പിക്കും! .ഇടതൂർന്ന ചോലമരപ്പാതയുടെ ഇരു വശത്തും ചുവന്നുതുടുത്ത ആപ്പിൾ തോട്ടങ്ങളാണ്. കടിച്ചാൽ തേൻ ചുരത്തും ഫാം ഫ്രഷ്

ആപ്പിളുകൾക്ക് കിലോയ്ക്ക് വെറും ഇരുപത് രൂപ മാത്രം. നിറസൗന്ദര്യത്തിന്റെ കൗതുകക്കാഴ്ച്ചകളായ കാശ്മീർ താഴ് വാരകൾക്ക് സമാനമായവ ലോകത്ത് ഒരിടത്തും കാണുകയില്ല. തീർച്ച. വെടിയൊച്ചകൾ കേൾക്കാത്ത നിത്യവസന്ത ലോകമായി കാശ്മീർ പുനർജ്ജനിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിറുത്തട്ടെ.നന്ദി.. ... If there is a heaven on the Earth it is here, it is here, it is here !

-----KP Shaniyas----HSA English

## പ്രകൃതി വരദാനങ്ങൾ

മധുരവും അഴകാർന്ന്
സുഗന്ധം പരത്തുന്ന മലരുകൾ
കുളിർകോരും തടാകങ്ങളും
തെളിനീരൊഴുകും നദികളും
തണലാർന്ന പാർപ്പിടം പോൽ
മുത്തശ്ശി മരങ്ങളും
മുത്തുപോൽ തഴുകുന്ന പുൽനാമ്പിൻ
ചാരത്ത് മഞ്ഞിൻകണങ്ങളും
ഗാനഗന്ധർവ്വന്മാരായ
പാടുന്ന മാധുര്യമൂറുന്ന പാട്ടുകളും
നെൽക്കതിർ വിളയും വയലേലകളും
കുന്നിൻ ചരിവ് കാട്ടാറും
പരൽ മീൻ തത്തി
കളിക്കുന്ന തോട്ടും
ഇങ്ങനെയി ങ്ങനെ ദൈവം നൽകിയ
പ്രകൃതി വരതാനങ്ങളും എത്ര സുന്ദരം

മഞ്ജിമ E.P
8-C

# ഹൃദയ വിളക്ക് തെളിക്കൂ..
# തെരുവു വിളക്കണക്കൂ...

**ഇസ്ഹാഖ് .വി**

**HSA- Social Science**

..

ഇന്നലെ (30/4/18) 11 മണിക്ക് ഒരു കല്യാണത്തിനു പുറപ്പെട്ടതായിരുന്നു. ബൈക്കിലായിരുന്നു യാത്ര. ഉച്ചവെയിൽ ചൂടായിരുന്നതിനാൽ അൽപ്പം വേഗത്തിലായിരുന്നു യാത്ര. നല്ല ഉച്ചവെളിച്ചത്തിലും റോഡ് വക്കിലെ തെരുവുവിളക്കുകൾ പലതും അണയ്ക്കപ്പെട്ടിരുന്നില്ല. മെയിൻ റോഡ് വക്കിൽ നേരം പുലർന്നതിനു ശേഷം ആയിരക്കണക്കിനാളുകൾ അതുവഴി കടന്നു പോയിട്ടും അണയ്ക്കാതെ വിട്ട ഒരു ലൈറ്റ് ഞാനണച്ചു.
കല്യാണം കഴിഞ്ഞു വീട്ടിലേക്കു മടങ്ങിയതു മറ്റൊരു വഴിയിലൂടെയായിരുന്നു. സമയം 1.15 .ഭാഗ്യം. ആ വഴിയിലും അണയ്ക്കാതെ പോയ തെരുവുവിളക്കുകൾ എമ്പാടുമുണ്ട്. അങ്ങാടിയിൽ ജനനിബിഡമായ ഇടങ്ങളിൽ തന്നെ. ഞാൻ ബൈക്ക് നിർത്തി അവയണച്ചു. തൊട്ടടുത്തുള്ള കടയിലെ യുവാവും അപ്പുറത്തെ ചായപ്പീടികയിലെ വയോധികനും "ഇവനേതു വട്ടനാ" എന്ന മട്ടിൽ അത്ഭുതത്തോടെഎന്നെ നോക്കുന്നുണ്ടായിരുന്നു. തൊട്ടടുത്തുള്ള തെങ്ങോലയിൽ നിന്ന് തല ചെരിച്ചുപിടിച്ചു എന്നെ നോക്കിയ കാക്കയും അതു തന്നെ ചിന്തിച്ചിരിക്കണം.

ഇന്ന് (1/5/8) രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവുമെല്ലാം പല വഴി ബൈക്ക് യാത്രകൾ നടത്തി. പല തെരുവു വിളക്കുകളും ശ്രദ്ധിച്ചു.പകുതിയോളം ഓഫാക്കപ്പെട്ടിരുന്നില്ല. ഞാൻ ഓഫാക്കിക്കൊണ്ടിരുന്നപ്പോൾ പലരും എന്നെ നോക്കി. ഇന്നലത്തെ അതേ നോട്ടം! അതേ ഭാവം..!

തങ്ങളുടെ ഉമ്മറപ്പടിയിൽ പോലും സർക്കാർ ചെലവിൽ ഇത്തരം തെരുവുവിളക്കുകൾ സ്ഥാപിക്കാൻ ജനപ്രതിനിധികളുടെ വാലിൽ തൂങ്ങുന്നവരാണ് മിക്കവരും.എന്നാൽ അവ സ്ഥാപിതമായാൽ പിന്നെ ഓണാക്കാൻ കാണിക്കുന്ന താൽപ്പര്യം പലരും ഓഫാക്കാൻ കാണിക്കുന്നില്ല. ഓർക്കുക, ലക്ഷക്കണക്കിന് രൂപയുടെ വൈദ്യുതിയാണ് ഇത്തരത്തിൽ നമ്മുടെ അശ്രദ്ധയും സ്വാർത്ഥതയും മൂലം പ്രതിദിനം പാഴാവുന്നത്; അതും ജലസംഭരണികളെല്ലാം വറ്റി വരണ്ട ഈ കൊടും വേനൽക്കാലത്ത്..

പ്രിയരേ,

പാഴാക്കരുത് ഒന്നും. വൈദ്യുതിയും ജലവും അന്നവും എന്നു വേണ്ട ഒരു അവശ്യ വസ്തുവും.

കാക്കുക.. കരുതുക..

ഓഫാക്കുക.. ഓരോ വൈദ്യുതോപകരണങ്ങളും. അത് നിങ്ങളുടെ വീടുകളിലോ വിദ്യാലയങ്ങളിലോ മറ്റു പൊതു ഇടങ്ങളിലോ ആവട്ടെ.

**അണയ്ക്കുക, ഓരോ തെരുവുദീപവും.. തെളിക്കുക ഓരോ ഹൃദയ ദീപവും ..**

# മായുന്ന ഹരിതാഭ

*ഹരിതമേ നീ മറയുകയാണോ .....*
*പ്രകൃതി ഒരു വിരൂപിണിയാവുന്നു.*
*വൃക്ഷങ്ങൾ തലയറ്റ് വീഴുന്നു...*
*കുന്നുകൾ കാണാമറയത്താവുന്നു..*
*വിളനിലകൾ മാഞ്ഞു പോകുന്നു...*
*കൃഷി ഓർമ്മയായ് മാറുന്നു....*
*മാലിന്യക്കൂമ്പാരം മാറിൽ വീണ്-*
*നീ ഒരു അഴുക്കു ചാലാകുന്നു.*
*പ്രകൃതീ.........*
*ഞങ്ങൾ ഹരിതാഭക്കോട്ട പണിത്,*
*നിന്റെ വിലാപമകറ്റാം.....*
*നീ കണ്ണുനീർ തുടക്കുക ,*
*നിൻ പുഞ്ചിരി ഞങ്ങൾ കാത്തീടാം..........*

*Deena.P*
*9.O*



# ഹരിത വിദ്യാലയം

ചേറിന്റെ മനം തൊട്ടറിഞ്ഞ
വാളക്കുളത്തിന്റെ പുണ്യഭൂവിൽ
അറിവിന്റെ ആയിരം മുത്തുകൾ വിതറുന്ന
ഹരിതത്തിൽ മണമുള്ളൊരീ കലാലയം....
മണ്ണാണ് ജീവൻ മണ്ണിലാണ് ജീവൻ
മണ്ണിന്റെ മണമറിഞ്ഞ NGC യും....
സേവനസന്നദ്ധരായവെള്ളരിപ്രാവുകൾ
പറന്നുനടക്കുന്ന JRC യും....
മാതൃസ്നേഹത്തിൽ തുല്യതാബോധവുമായ്
മാതൃരാജ്യത്തെ കാക്കാൻ ഭാരത്&സ്കൗട്ട്,ഗൈഡ്
മോഹനസുന്ദരവല്ലികൾ തീർക്കുന്ന
ഈ വിദ്യാലയം എനിക്ക് അമ്മക്ക് തുല്യം.....
ഹരിതതൻ മാധുര്യവും സേവനഗാനവും
ദേശസ്നേഹത്തിൻ തെളിമയും വിദ്യാലയത്തിൻ
ഇതളുകൾ മാത്രം...
ശലഭ വിരുന്നൊരുക്കുന്ന ശലഭോദ്യാനവും...
പച്ചപ്പിൻ തണലൊരുക്കുന്നു പച്ചില ക്കൂടാരം...
ഈ വിദ്യാലയത്തിന്റെ മാറ്റൊലി തന്നെ
"തകർക്കാനാവില്ല ഈ ഹരിത പള്ളിക്കൂടം
തളിരുകയൊള്ള ഈ ഹരിത പള്ളിക്കൂടം"

nahida 9N

# കണ്ണീർമഴ

"എങ്ങനെയാണ് സാറെ മഴ പെയ്യുന്നത് ?" ഒരു കുട്ടി തന്റെ ശാ സ്ത്രാദ്ധ്യാപകനോട് ചോദിച്ചു. "ഭൂമിയിൽ നിന്നുള്ള നീരാവിയെല്ലാം ആകാശത്തേക്കുയർന്ന് കാർമേഘമായി, അതു മഴയായി വർഷിക്കുന്നു" . ഗുരു മറുപടി നൽകി.

കുട്ടി വീണ്ടും ചോദിച്ചു:"മഴ പെയ്യുമ്പോൾ മൃഗങ്ങൾ എന്തു ചെയ്യും?"

"മഴ കൊള്ളും, അല്ലാതെന്താ?" ഗുരു മറുപടി നൽകി. എന്നിട്ട് ഗുരു കുട്ടികളോടൊരു മറുചോദ്യം : "മഴ പെയ്യുമ്പോൾ മനുഷ്യരെന്തു ചെയ്യും?" കുട്ടികൾ കൂട്ടത്തോടെ ഡസ്കിലടിച്ച് പൊട്ടിച്ചിരിച്ചു. ചിലർ ഒച്ച വെച്ചു .

"സാറെന്ത് വിഡ്ഢിത്തമാണ് പറയുന്നത് ?മനുഷ്യർക്ക് വീടില്ലേ ?"അപ്പോൾ ഒരു കുട്ടി മാത്രം ക്ലാസ്സ്മുറിയുടെ പുറത്തേക്ക് നോക്കി കണ്ണീർ വാർത്തു.

"എന്താ നീ കരയുന്നത്? നീയെന്താ മഴ പെയ്യുമ്പോൾ ചെയ്യുക?"എന്ന ഗുരുവിന്റെ ചോദ്യം കേട്ട് ഞെട്ടിത്തിരിഞ്ഞു കൊണ്ടവൻ ഗുരുവിനെ നോക്കി. ശേഷം പറഞ്ഞു:"മഴ പെയ്യുമ്പോൾ മേയാത്ത കൂരയിൽ മഴ നനഞ്ഞുറങ്ങുന്ന കുഞ്ഞുപെങ്ങൾക്ക് കുട പിടിച്ചിരിക്കും ഞാൻ..."

ഗദ്ഗദത്തോടെ അവനത് പറഞ്ഞപ്പോൾ ഗുരുവിന് കരച്ചിലൊതുക്കാൻ കഴിഞ്ഞില്ല.പരിസരം മറന്ന് ഗുരു കുട്ടിയെ കെട്ടിപ്പിടിച്ചു. മറ്റു കുട്ടികൾ അപ്പോഴും ഡസ്ക്കിലടിച്ച്,ബഹളം വച്ച് അവരെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു.

JASIRA-9N

# അനിവാര്യം ശുചിത്വ ബോധം..

എല്ലാവർക്കും വിജയകരമായ ഒരു അധ്യയന വർഷം നേർന്നുകൊള്ളട്ടെ..വ്യക്തി ശുചിത്വത്തിൽ മുൻപരായ മലയാളികൾ ആ വ്യഗ്രത പരിസര ശുചിത്വത്തിൽ കാണിക്കാറില്ലെന്നതാണ് ഒരു ദുഃഖ സത്യം. ഓരോ മഴക്കാലത്തും പല തരം പകർച്ചവ്യാധികളുടെയും മാറാവ്യാധികളുടെയും വിളനിലമായി നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുന്നു. രോഗങ്ങൾ നമ്മെ പിടിമുറുക്കുകയും മരണങ്ങൾ സംഭവിക്കുകയും ചെയ്യുമ്പോൾ മാത്രമേ നാം അതെക്കുറിച്ച് ചിന്തിക്കുകയും വ്യാകുലപ്പെടുകയും ചെയ്യുന്നുള്ളൂ. പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യ നിക്ഷേപം നടത്തുന്നതിലും പലർക്കുമിന്ന് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല. നദികളും തടാകങ്ങളും മറ്റു ജലാശയങ്ങളും തുടങ്ങി സ്കൂൾ അങ്കണം വരെ ചിലർ മാലിന്യ തൊട്ടിയാക്കി മാറ്റുന്നുണ്ട്. സമൂഹത്തിലെ ഒരു വിഭാഗത്തിന്റെ ഇത്തരം ദുഷ്ചെയ്തികൾ മൂലം ഒട്ടേറെ നിരപരാധികളുടെ ദാഹജലം വരെ മാലിന്യവൽക്കരിക്കപ്പെടുകയും ഇന്നുവരെ കേട്ടുകേൾവി പോലുമില്ലാത്ത പല രോഗങ്ങളും ഉത്ഭവിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ആഘോഷങ്ങളുടെയും ആരാധനകളുടെയും പേരിൽ പേരിൽ പൊതുസ്ഥലങ്ങൾ മലിനീകരിക്കപ്പെടുന്നു എന്നത് ഒട്ടും നീതികരിക്കപ്പെട്ടു കൂടാ.ആപത്തുകൾ മാറാവ്യാധികളുടെ രൂപത്തിൽ കരാള താണ്ഡവമാടുമ്പോൾ സർക്കാറുകളും പൊതുജനവും പരസ്പരം പഴിചാരിയതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഈ നാടും പ്രകൃതിയും അതിലെ സകല പ്രതിഭാസങ്ങളും നമ്മുടെതാണെന്നും എന്നാൽ നമ്മുടേത് മാത്രമല്ലെന്നുമുള്ള വിശാല ചിന്താഗതി മാനവ മനസുകളിൽ ഇനിയും വികാസം പ്രാപിക്കേണ്ടിയിരിക്കുന്നു. അതിന് വിഘാതമായി നിൽക്കുന്നവർക്കെതിരെ കർശന നിയമ നടപടികളും കൈക്കൊള്ളേണ്ടതുണ്ട്. എങ്കിലേ ശുചിത്വ സുന്ദരകേരളം സാർത്ഥകമാകൂ. ആ മാറ്റത്തിന്റെ തുടക്കം കുഞ്ഞിളം മനസുകളിൽ നിന്നാവട്ടെ. നല്ലൊരു നാളേയ്ക്കായി നമുക്ക് കൈകോർക്കാം..

ഇസ്ഹാഖ്.വി
അധ്യാപകൻ(സാമൂഹ്യ ശാസ്ത്രം)

# സാക്ഷി

മനസ്സിന്റെ നോവിൻ

ആനന്ദത്തിന് ഹൃദയം എന്നും സാക്ഷി

കൊടും ക്രൂരതയുടെ മറവിൽ

ആ പൈതത്തിന്റെ നിലവിളിക്ക്

കാതുകൾ എന്നും സാക്ഷി...

കള്ളത്തരത്തിന്റെ മറവിൽ

കൊലചെയ്യപ്പെടുന്ന ആയിരങ്ങളുടെ

അന്ത്യ വിധിക്ക് ഈ ദൃഷ്ടികൾ എന്നും സാക്ഷി..

ധനമെന്ന പേരിൽ പഞ്ചാരമിഠായികൾ

വിൽക്കുന്നവനു മുമ്പിൽ ഇരു സ്പർശങ്ങളും സാക്ഷി..

നിശയുടെ ആഴങ്ങളിലേക്ക് കൊത്തിവലിക്കുന്നു

കണ്ണുകൾക്ക് ഇഴയാൻ തുണയായി

ഇരു പാദങ്ങളും സാക്ഷി...

ജീവിതമെന്നതിന് അന്ത്യ വിധി ക്കുറിക്കാൻ

മനുഷ്യ ജന്മം ഇനിയും സാക്ഷി...

നഹിദ പങ്ങിണിക്കാടൻ 9N

# സഹ്യന്റെ മടിത്തട്ടിൽ

പ്രകൃതി മാതാവിന്റെ വിശ്വസൗന്ദര്യം തീർത്തും പ്രകടമാകുന്ന അറകളുടെ സംഗമഭൂമിയായ മൂന്നാർ തുഷാരഭംഗിയാൽ മൂടി ഗിരിനിരകളും വിശാലമായി തട്ടുതട്ടായി വ്യാപിച്ചുകിടക്കുന്ന നയനാന്ദകരമായ തേയിലത്തോട്ടങ്ങളും മലഞ്ചരിവുകളിലൂടെ കുതിച്ചും പാഞ്ഞും പാറക്കൂട്ടങ്ങളിലും തട്ടിച്ചിതറിയും ഒഴുകുന്ന വെള്ളച്ചാട്ടങ്ങളും ഫലസൂനഗന്ധം പേറി കാനന നിഗൂഢതയുടെ കിസ്സ പറയാനെത്തിയ കുളിർക്കാറ്റും ആസ്വദിച്ച് രാജമലയിലേക്കുള്ള യാത്രയിലായിരുന്നു ഞങ്ങൾ. വ്യാഴവട്ടത്തിൽ ആവർത്തിക്കുന്ന നാലക്കുറിഞ്ഞിയുടെ പുതുവസന്തവും റെഡ്ഡാറ്റ ലിസ്റ്റിൽ വരെ ഇടം പിടിച്ച വംശനാശത്തിന്റെ വക്കിലെത്തിയ നീലഗിരി താറിനെയും ദർശിച്ച് കുളിര് പുണരാനുള്ളൊരു യാത്ര....!

കഴിഞ്ഞദിവസം Nilagiri truck group ന്റെ green assembly ക്ക് ശേഷം ഏകദേശം 9:30 യോട് കൂടിയാണ് തുഞ്ചന്റെ മണ്ണിൽ നിന്നും ഞങ്ങൾ ഹരിതഭടന്മാർ തെക്കിന്റെ കാശ്മീരിലേക്ക് യാത്ര തിരിച്ചത്. മഞ്ഞും കുളിരും നിറഞ്ഞ തെക്കിന്റെ കാശ്മീരിലെ തണുപ്പ് തീർത്തും അസഹ്യമായിരുന്നു. frush up ഉം purple bloom group ന്റെ പ്രഭാതഭേരി അസ്സംബ്ലിയും പ്രാതലും കഴിച്ച് ഒരു നൂറ് സ്വപ്നങ്ങളുമായി ഞങ്ങൾ കുറഞ്ഞിയെ തേടി രാജമലയിലേക്ക് യാത്രതിരിച്ചു. ഉദയസൂര്യന്റെ പൊൻകിരണങ്ങളേറ്റ് പുൽമേടുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞിന്റെ കണങ്ങൾ വെട്ടി തിളങ്ങുന്നത് വജ്രശോഭയേകുന്ന കാഴ്ചയായിരകുന്നു. റോഡിനിരുവശത്തിനും പച്ചപ്പിന്റെ ഭംഗി നൽകിക്കൊണ്ട് തിങ്ങിനിറഞ്ഞ് നിറയെ തേയിലത്തോട്ടങ്ങളും ഒപ്പം കാപ്പിത്തോട്ടങ്ങളും. കൂടാതെ വെളുപ്പിനേ തേയില പറിക്കാനെത്തിയ ഒരു പറ്റം പ്രകൃതിയുടെ മക്കളും. പ്രകൃതിയുടെ സന്തുലനാവസ്ഥയെ വരെ തകിടം മറിക്കുന്ന യൂക്കാലിപ്സ് മരങ്ങൾ അവിടെ വ്യാപകമായിരുന്നു. പ്രളയം സൃഷ്ടിച്ച കെടുതികൾ ഏറെ അമ്പരപ്പോടെയും അനുഭൂതിയോടെയുമാണ് ഞങ്ങൾ നോക്കികണ്ടത്. മണ്ണിടിഞ്ഞതിൽ ഭൂരിഭാഗവും അവയുടെ ഉത്ഭവകേന്ദങ്ങളും അംബരചുംബികളായ പല കെട്ടിടങ്ങളുടേതോ വീടുകളുടേതോ ആയിരുന്നു എന്നത് ചിന്തിപ്പിക്കുന്ന വസ്തുതയായിരുന്നു. മനുഷ്യൻ എത്രകിട്ടിയാലും പഠിക്കില്ല എന്ന് തീർത്ത് പറഞ്ഞ് കൊണ്ട് ചിലയിടങ്ങളിൽ വീണ്ടും പ്രകൃതിയെ ഹത്യക്ക് വിധേയമാക്കുന്നത് കണ്ട് ഈറനണിഞ്ഞു പോയി. അങ്ങനെ മൂന്നാറിന്റെ ചാരുതയ്ക്കും പച്ചയായ പല യാഥാർഥ്യങ്ങൾക്കും ദൃക്സാക്ഷികളായി ഞങ്ങൾ പ്രയാണം തുടർന്നു കൊണ്ടിരുന്നു. ഏകദേശം 09.00 ക്ക് വരയാട് എന്ന വംശനാശം

സംഭവിച്ച ജീവിവർഗത്തിന്റെ സാന്നിധ്യം കൊണ്ട് ലോകശ്രദ്ധ നേടിയ ഇരവികുളം നാഷണൽ പാർക്കിലെത്തി. തെക്കേ ഇൻഡ്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയും സമുദ്രനിരപ്പിൽ നിന്ന് 2700 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നതുമായ ആനമുടിയും വർണ്ണച്ചാർത്തലുമായി നീലക്കുറുഞ്ഞികൾ പൂത്തു നിൽക്കുന്ന ഗിരിനിരകളും ഈ ഉദ്യാനത്തിന്റെ ലാവണ്യമാണ്.

ദേശീയോദ്യാനം വരെ ഒരു ചെറിയ വാഹനത്തിലാണ് യാത്ര ചെയ്തത്. യാത്രയിലുടനീളം നീലക്കുറുഞ്ഞികളും വരയാടുകളും കണ്ടു. പിന്നീടങ്ങോട്ട്, ഉദ്യാനത്തിലെത്തിയ ശേഷം കാൽനടയായിരുന്നു. കയറ്റമാണെങ്കിലും നീലക്കുറുഞ്ഞിയുടെ സൗരഭ്യവും വരയാടിന്റെ സാന്നിധ്യവും കാരണം വലിയ വൈവശ്യമൊന്നും അനുഭവപ്പെട്ടില്ല. വരയാടിനെ വളരെ സുലഭമായി കാണാനും വളരെ അടുത്തു നിന്ന് തന്നെ അതിനെ അറിയാനും സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. എങ്കിലും വരയാടിനെ തൊടുന്നത് ശിക്ഷാർഹമാണ്. മനുഷ്യന്റെ കൈകടത്തലുകൾക്ക് വിധേയമാക്കാത്തതിലാക്കണം പ്രളയം വിഴുങ്ങിയപ്പോഴും ദേശീയോദ്യാനത്തിന് ഒരു പോറലുമേൽക്കാഞ്ഞത്. പ്രളയം മനുഷ്യന്റെ കടന്നുകയറ്റത്തിന് അനന്തരഫലമാണ് എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് യാതൊരു വ്രണവുമില്ലാത്ത ശിരസ്സുയർത്തി നിൽക്കുന്ന ആ ദേശീയോദ്യാനം. അങ്ങനെ വരയാടിനെയും നീലക്കുറുഞ്ഞിയെയും ചെറിയ ചെറിയ അരുവികളെയും കണ്ടും കേട്ടും അറിഞ്ഞും ഞങ്ങൾ പടികൾ കയറിക്കൊണ്ടേയിരുന്നു. അങ്ങനെ സഞ്ചാരം അനുവദിച്ചിട്ടുള്ള ഏറ്റവും ഉയർന്ന സ്ഥലത്ത് നിന്ന് ഇഞ്ചിക്കാട്ട് ബാലചന്ദ്രന്റെ പ്രശസ്ത കവിത 'ഇനിവരുന്നൊരു തലമുറക്ക്' ഒന്നായി ആലപിച്ച് മൂന്നാർ മലനിരകളിൽ ഓർമ പുതുക്കി ഞങ്ങൾ താഴേക്ക് നടന്നു. ഉദ്യാന ഉദ്യാഗസ്ഥനായ sandeep sir ഇരവികുളം ദേശീയോദ്യാനത്തെ വിശദമായി പറഞ്ഞുതന്നു. ഇരവികുളം ദേശീയോദ്യാനത്തിന്റെ മാപ്പിൽ നിന്നും ഞങ്ങൾ സഞ്ചരിച്ച ഭാഗം കാണിച്ചുതന്നപ്പോൾ ശരിക്കും അത്ഭുതപ്പെട്ടുപോയി. കാരണം ഞങ്ങൾ സഞ്ചരിച്ചത് ഉദ്യാനത്തിന്റെ നൂറിൽ ഒരു ഭാഗമെങ്കിലും ആയോ എന്ന കാര്യത്തിൽ സംശമാണ്. നീലക്കുറുഞ്ഞിയെക്കുറിച്ച് വളരെ വിശദമായി തയ്യാറാക്കിയ അരണ്യം എന്ന പതിപ്പും സലീഷ് സർ മുഖേന അവർ ഞങ്ങൾക്ക് സമ്മാനിച്ചു. നീലക്കുറുഞ്ഞിയുടെ ദർശനസാഫല്യം എല്ലാവരുടേയും മുഖത്ത് സ്ഫുരിച്ചിരിക്കുന്ന ആ ഉജ്ജ്വല നിമിഷത്തിലാണ് അപ്രതീക്ഷിതമായി ഒരു അതിഥിയെ ഞങ്ങൾക്ക് ലഭിച്ചത്. ആരോഗ്യ പ്രശ്നങ്ങളാൽ കുഴഞ്ഞ തന്റെ ഭർത്താവിനോടൊപ്പം പ്രകൃതിക്കായി ഉറങ്ങി, പ്രകൃതിയിൽ കൃഷി ചെയ്ത്, പ്രകൃതിയിൽ വിളവെടുത്ത്, തന്റെ വിദ്യാർത്ഥിക പ്രകൃതിയുടെ മക്കളാക്കാൻ തുനിഞ്ഞിറങ്ങിയ ഒരു കർഷക. മംഗളം ടീച്ചർ! ഈയിടെ തന്റെ കൃഷിക്ക് ലഭിച്ച 10000 രൂപ അവാർഡ് തുക മുഴുവൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമർപ്പിച്ച ഒരു 'യുവതി'! പ്രായമതയായിട്ടും തളർത്താത്ത തന്റെ എല്ലുകൾ കൊണ്ട് അവർ തങ്ങളോട് മന്ത്രിക്കുന്നുണ്ടായിരുന്നു എനിക്കിപ്പോവഴും യുവത്വമാണ് . തീർത്തും അവർ ഞങ്ങൾക്ക് ഒരു പ്രചോദനവും കരുത്തുമായിരുന്നു ദാനമായ് നൽകിയത് . അങ്ങനെ വളരെ ചാരിതാർത്ഥത്തോടെ ,നെയ്തെടുത്ത ഓർമകൾ വീണ്ടും സ്മരിച്ച്,ചെലവഴിച്ച നിമിഷങ്ങൾ വീണ്ടും ഓർത്ത് ഞങ്ങൾ ഇരവികുളം ദേശിയോദ്യാനത്തോട് വിട പറഞ്ഞ് പടികളിറങ്ങി.

നല്ല നാടൻ ഭക്ഷണവും കഴിച്ച് നമസ്കാരവും കഴിഞ്ഞ് ഞങ്ങൾ മാട്ടുപ്പെട്ടി ഡാമിലേക്ക് തിരിച്ചു. തടാകവക്കത്ത് അൽപ്പമിരുന്നാ മടങ്ങി. echo point ! ആയിരുന്ന അടുത്ത സന്ദർശനം . . പ്രകൃതിയുടെ പ്രതിധ്വനി കേൾക്കാനായി ഞങ്ങൾ വണ്ടി തിരിച്ചു. വശ്യസുന്ദരമായ ആ തടാക തീരത്ത് ....... നിന്ന് ഞങ്ങൾ മുദ്രാഗീത് വിളിച്ചപ്പോൾ മറുപുറത്തി നിന്ന്നിർ ഔദ്യോഗിക തിയെന്നോണം പ്രകൃതിയും ഞങ്ങളോടൊപ്പം കൂടി. കർഷകനെയും ജവാനെയും വിജഞാനത്തെയും ജയ് വിളിക്കാൻ. പെപ്പര പെപ്പര പെപ്പെപ്പെ ഡൂം ഡൂം ഡൂം കൊക്കരകൊക്കര കൊക്കക്കോ ക്കൊക്കൊക്കൊ എന്നിങ്ങനെ പലതും വിളിച്ചു പ്രതിധ്വനി കേട്ടു ഞങ്ങൾ മടങ്ങി . തിരിച്ച് ബസ്സിൽ കയറുമ്പോൾ
കുറച്ച് കുരങ്ങന്മാരെ ദർശിക്കാനായിയത്രമദ്ധ്യേ കേരളത്തിന്റെ ഔദ്യോഗിക മൃഗമായ ആനയെ ,അതും അഞ്ച് ആനയെ കാണാൻ സാധിച്ചു എന്നത് വലിയ ഭാഗ്യമായി കരുതുന്നു . പ്രകൃതി നൽകിയ ശബ്ദപ്രതന്നത്തിന്റെ മാധുരിയും ആസ്വതിച്ച് ആനയെയും കുരങ്ങിനെയും മിഴിവെട്ടാതെ നോക്കികൊണ്ട് ഞങ്ങൾ നീങ്ങികൊണ്ടേയിരുന്നു. ശരിക്കും ഞങ്ങൾ മനസ്സിലാക്കുകയായിരുന്നു ഞങ്ങൾ തന്നെയാണ് പ്രകൃതിയെന്ന് ജോൺസി ജേക്കബ് പറഞ്ഞപോലെ "നിങ്ങളുടെ ദൂരദർശിനികൾ പ്രകൃതിയിലേക്ക് തുറന്ന് വെക്കുക. സൂക്ഷമ ദർശിനികൾ നിങ്ങളിലേക്കും. അപ്പോൾ മനസ്സിലാകും രണ്ടും ഒന്നുതന്നെയാണെന്ന്. ഇവിടെ തുടങ്ങട്ടെ ആദ്യപാഠം!

ഏകദേശം 4 മണിയോടടുത്ത് ഞങ്ങൾ അടുത്ത ഡാം സന്ദർശിക്കാൻ പോയി. കുണ്ടളഡാം ഡാമിന്റെ ഷട്ടറുകൾ അൽപ്പാൽപ്പം തുറന്നിരുന്നു. വെള്ളത്തിന്റെ ഒഴുക്ക് കണ്ട് പകച്ചുപോയി ഞങ്ങൾ. ഡാം ചെറുങ്ങനെ തുറന്നതാണിത്. അപ്പോൾ പ്രളയസമയത്ത് ഷട്ടറുകളെല്ലാം തുറക്കുമ്പോഴുണ്ടായിരുന്ന ആ അവസ്ഥ എത്ര ആയിരിക്കുമെന്ന് അപ്പോഴാണ് ഞങ്ങൾ മനസ്സിലാക്കിയത്. കുണ്ടളഡാമിന് സമീപത്തായിതന്നെ ഒരു യൂക്കാലിപ്സ് തോട്ടവുമുണ്ടായിരുന്നു. തിരു-കൊച്ചി യാത്രയിലെ പൈൻമരങ്ങളാണ് അപ്പോൾ ഓർമയിൽ തെളിഞ്ഞത്. അടുത്തടുത്തായി നിരനിരയായി വെളുത്ത മരത്തൊലിയോട് കൂടി യൂക്കാലിപ്സ് മരങ്ങൾ തീർത്തും ഭംഗിയേറിയ കാഴ്ചയായിരുന്നു.

മൂന്നാറിന്റെ പൂർണ്ണ സൗന്ദര്യം മുഴുവൻ കാണിച്ചു തരുന്ന, മേഘങ്ങളേയും ആകാശത്തെയും തൊട്ടരികത്തെത്തിക്കുന്ന, top station നല്ല ചൂടുചായയും കുടിച്ച് തണുപ്പിനെ ഒപ്പം കൂട്ടുപിടിച്ച് ഞങ്ങൾ മൂന്നാറിലെ മുഴുവൻ മലകളും നോക്കികണ്ടു. അവിടന്നങ്ങോട്ടായിരുന്ന തീർത്തും ഒരു കളിയരങ്ങ്. top station ൽ നിന്ന് മൂന്നാർ മലനിരകൾ മുഴുവനും ആസ്വദിച്ച് ഞങ്ങൾ പല game കളിച്ചു. group അടിസ്ഥാനത്തിൽ നടന്ന മത്സരങ്ങൾ ഹരം നൽകുന്നതും ഊർജ്ജസ്വലമാക്കുന്നതുമായിരുന്നു. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും രസകരമായ മത്സരങ്ങൾക്ക് ശേഷം മൂന്നാറിലെ ഗിരിനിരകളോട്ടും അടുത്ത 12 വർഷം വരെ തപസ്സിരുന്ന്

പുഷ്പിക്കാനിരിക്കുന്ന നീലക്കുറുഞ്ഞികളോടും മനസ്സിൽ യാത്ര പറഞ്ഞ് ഞങ്ങൾ മടങ്ങി.

തിരിച്ചുള്ള യാത്ര പലഹാരപ്പെരുമഴയായിരുന്നു. ഏറ്റവും കൂടുതൽ പലഹാരം കൊണ്ടുവന്ന ഹരിതസേനയുടെ ആദ്യ യാത്ര എന്ന പ്രസിദ്ധിയും ഈ യാത്രക്കായിരുന്നു.

അടിമാലിയിൽ വച്ചായിരുന്നു ക്യാമ്പ്ഫയർ. ഞങ്ങൾക്ക് ക്യാമ്പ്ഫയർ ഒരുക്കി തന്ന ടീമിനെ പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. ആവേശം പകരുന്ന നാടൻ പാട്ടുകളും നാടകങ്ങളും അവതരിപ്പിച്ച് ഞങ്ങളുടെ ക്യാമ്പ്ഫയറിനെ ധന്യമാക്കി. അവരോടെപ്പം ഞങ്ങളും കൂടി ചേർന്ന് അതൊരു ഉത്സവമായിതീർന്നു. ഞങ്ങളിൽ പലരും പല പാട്ടുകളും പല കഥകളും പല കഥാപ്രസംഗങ്ങളും പല നാടൻപാട്ടുകളും അവതരിപ്പിച്ച് ഈ യാത്രയെ മറ്റുള്ളവയിൽ നിന്നും തീർത്തും വ്യത്യസ്തമാക്കി. അങ്ങനെ ഒരു പാട് ഓർമ്മകൾ സമ്മാനിച്ച ആ സുന്ദരയാമത്തോടൊപ്പം നീലക്കുറുഞ്ഞി യാത്രയും അതിന്റെ സമാപനത്തോടടുക്കുകയാണ്. Munnar Hillocks Group ന്റെ Green Assembly യായിരുന്നു അവസാന ഇനം.

അങ്ങനെ നീണ്ട പന്ത്രണ്ടുവർഷത്തെ തപസ്സിനുശേഷം കൺതുറന്ന് പ്രകൃതിയെ നീലപട്ടുടീച്ച നീലക്കുറിഞ്ഞികളേയും ഇരവിക്കുളത്തെ ലോകത്തിലെ പ്രസിദ്ധ നാഷണൽ പാർക്കുകളിൽ ഒന്നായി മാറ്റിയ സഞ്ചാരികളുടെ പ്രിയ ജീവിവർഗമായ വരയാടുകളേയും തേയിലതോട്ടങ്ങളാലും കാപ്പിത്തോട്ടങ്ങളാലും മറ്റു മരങ്ങളാലും പച്ച പരവതാനി വിരിച്ച് മൂന്നാറിന് മാറ്റേകുന്ന മൂന്നാറിലെ സഹ്യപർവ്വതനിരകളേയും മനസ്സിൽ ധ്യാനിച്ച് തെക്കിന്റെ കാശ്മീരാകുന്ന മൂന്നാറിനോട്,

ശുഭപ്രതീക്ഷയുടെ യാത്രമംഗളം നേർന്ന് ഞങ്ങൾ വിടവാങ്ങി.......!

**BY- ISRA PP ,9N**

## കുറുക്കനു പറ്റിയ അമളി

**ഒരിക്കൽ ഒരു കുറുക്കൻ ഇരതേടി നടക്കവെ ഒരു മലമുകളിൽ മേയുകയായിരുന്ന ഒരാടിനെ കണ്ടു.ആടിനെ കണ്ട പാടെ കുറുക്കന്റെ വായിൽ വെള്ളമൂറി. എങ്ങനെ ശ്രമിച്ചാലും തനിക്ക് ആ മലമുകളിലെത്താൻ കഴിയില്ലെന്ന് കുറുക്കനു മനസ്സിലായി.എന്തെങ്കിലും സൂത്രം ഉപയോഗിക്കുക തന്നെ.അവൻ ചിന്തിച്ചു.അവൻ ഉറക്കെ വിളിച്ചു പറഞ്ഞു ഏയ് സുന്ദരീ....... എന്തിനാണ് ആ അപകടസ്ഥലത്ത് കഴിയുന്നത്? കാൽ വഴുതി താഴെ എങ്ങാനും വീണാൽ നീ ചത്തുപോയതു തന്നെ!നിന്റെ എല്ലുപോലും പെറുക്കിയെടുക്കാൻ കഴിയില്ല.അതുകൊണ്ട് താഴെ ഇറങ്ങിപോരൂ അതുകേട്ട് ആട് ഒന്നും മിണ്ടിയില്ല.**

**തന്നെ കെണിയിൽ പെടുത്താനുള്ള കുറുക്കന്റെ സൂത്രമാണ് അതെന്നു മനസ്സിലായി.കുറുക്കൻ തുടർന്നു പ്രിയ സഹോദരി ഇങ്ങു താഴെ വന്നാലും. ഇവിടെയിതാ ഇളംപുല്ലുകൾ സമൃദ്ധമായി വളരുന്നു. നല്ല രുചികരമായ തളിരിലകളുമുണ്ട്.ഇവിടെ വരൂ!സുഭിക്ഷമായി ഭക്ഷിക്കൂ.ആ മൊട്ടക്കുന്നിനു മുകളിൽ എന്താണുള്ളത്. ഉണക്കപ്പുല്ലുകളും വാടിയ ഇലകളുമല്ലാതെ .അതാണു ഞാൻ പറയുന്നത്. താഴെ ഇറങ്ങി വരൂ.കുറുക്കന്റെ ഈ സംസാരമൊന്നും ആട് കേട്ടതായി ഭാവിച്ചില്ല. താൻ ഇത്രയൊക്കെ പറഞ്ഞിട്ടും ആട് വീഴുന്നില്ല എന്ന് കണ്ടപ്പോൾ കുറുക്കന് ദേഷ്യം വന്നു.അവൻ കോപത്തോടെ ആക്രോശിച്ചു.എടീ ചെവി കേൾക്കാത്ത പൊട്ടത്തി നിനക്കു ഞാൻ വെച്ചിട്ടുണ്ട്. ഇന്നല്ലെങ്കിൽ നാളെ നിനക്ക് ഞാൻ കാണിച്ച് തരാം ,ഞാൻ ആരാണെന്ന്. അത് കേട്ടപ്പോൾ ആട് കുറുക്കനോട് പറഞ്ഞു അപ്പോൾ നീ തന്നെ നിന്റെ തനി സ്വഭാവം പുറത്ത് കാട്ടി ,നീ വിചാരിച്ചോ ഞാൻ മണ്ടിയാണെന്ന്, എന്നെ**

പറ്റിക്കാമെന്ന് ,എന്റെ മുത്തച്ഛന്മാർ പറഞ്ഞു തന്നിട്ടുണ്ട് ,കുറുക്കന്മാർ തന്ത്രശാലികളും ചതിയന്മാരും ആണെന്നും അവരുടെ കെണിയിൽ പെടരുതെന്നും അവരെ സൂക്ഷിച്ച് കൊള്ളണമെന്നും ....അതിനാൽ എന്റെ കാര്യത്തിൽ നിനക്ക് വേവലാതി വേണ്ട .എന്റെ കാര്യം ഞാൻ നോക്കികൊള്ളാം നിനക്ക് വന്ന വഴിയേ സ്ഥലം വിടാം . അമളി പറ്റിയ കുറുക്കൻ നാണിച്ച് കൊണ്ട് എങ്ങോട്ടോ ഓടി പോയി .

ഫാത്തിമ നസ്റിൻ .ടി, 9B

## അണയാത്ത നന്മ

അമ്മയുറങ്ങി എൻ നന്മയുറങ്ങി
സ്നേഹം കയ്യിൽ തന്നവൾ മാഞ്ഞു
എന്താണ് സ്നേഹം ,ആരാണ് അമ്മ
ഇന്നവളിൽ ഞാൻ ഓർക്കുന്നു...

എന്നെ തലോടാൻ ആ ലാളന കാണാൻ
എന്താണെനിക്കിന്ന ഭാഗ്യമില്ല പോൽ
അമ്മേടെ പുഞ്ചിരി എൻ മുമ്പിൽ നീട്ടി
ഇന്നുമെൻ സ്വപ്നമായ് മാറിയതെന്തേ

അമ്മേ എന്നുള്ള ആവിളി മാറി
അമ്മയെന്നോർമ്മയിലിന്നും തിളങ്ങി
ഓർക്കുന്ന ഞാനന്ന് പടിവാതിൽ കയ-
റിയപ്പോൾ മാഞ്ഞൊരാ നന്മയെ

ഉള്ളിലൊതുങ്ങിയ അറിവിന്റെ ദീപം
കൊളുത്തുവാൻ പോലും അമ്മയില്ലിന്ന്
അറിയാതെ വീണ്ടും ഞാനമ്മയെ ഓർത്തു പോയി
പറയാതെ അമ്മ എന്നെയും വിട്ട് പോയി

-അഫ്ന .പി 9N

"മരച്ചില്ലയിലിരിക്കുന്ന ഒരു കിളി വിശ്വസിക്കുന്നത് ചില്ലയുടെ ബലത്തിലല്ല ,തന്റെ ചിറകുകളിലാണ്."

(നാം എന്തിനു വേണ്ടി ഇറങ്ങിത്തിരിക്കുമ്പോഴും മറ്റുള്ളവരുടെ ആശ്രയം പ്രതീക്ഷിക്കരുത് ,നിങ്ങൾ നിങ്ങളുടെ കഴിവുകളെ വിശ്വസിക്കുക വിജയത്തിനു വേണ്ടി പ്രയത്നിക്കുക).

ഹാദിയ .കെ.എം
9th O

# കാത്തിരിപ്പ്

വേനലിന്റെ ഉഷ്ണത്തിൽ ആ ഇതൾ കൊഴിഞ്ഞു
ജീവന്റെ പാതിയും വെന്തുപോയ്
മനസ്സിന്റെ വിഷാദങ്ങൾ മറച്ചു പിടിച്ച്
മെഴുകുതിരിയായ് ഇനിയും ഉരുകാൻ ആവില്ല
വേനലെന്തിനിങ്ങനെ ക്രൂരമാകുന്നു.
ആ ഇതളിനാകെ വിങ്ങലല്ലേ
സുന്ദര കാല സ്വപ്നങ്ങൾ കോർത്തിണക്കി
എൻ കിളിവാതിലിലൂടെ ഞാൻ നോക്കി
പക്ഷേ നിരാശയുടെ കിരണങ്ങൾ കണ്ണിലലിയിച്ചു.
വസന്തം പിണക്കം മറന്ന് വരില്ലേ
ഞാൻ ആ നാളിന്റെ സ്നേഹ ദാരണങ്ങൾക്കായ് കാത്തിരിപ്പൂ

jasmine parathodika 8th:p

# *NATURE*

Nature is everywhere..
Nature is everywhere you go..
Everything that lives and grows..
Is nature..
Animals,
Big and small..
Nature is plants that grow so tall..
Nature is beautiful in every way..
Wonderful,exacting..
And needs our care..
So, listen, learn and do your part to keep nature..
Beautiful for ever..

**Shahana shabana**
9 th O

# MY MOM

*My mom...*
*The brightening stars of my mind..*
*To me she is so kind..*
*Without her I am completely blind..*

*She is the doctor who cures my guess..*
*She is the queen around us..*

*Her helping hands makes my glad..*
*Like the building stones clad..*

*She is not the cook of my life..*
*But, she is the most important ingredient in the recipe of my life..*

*She is the place of pleasure..*
*Were we find the treasure..*

*she is the rain of happiness..*

*The light of my future..*
*Who guides me in the right way in the nature..*

**-Ridha zainab.k**

9th O

# THE TEACHER

A teacher is a noble friend..
Who gives us wisdom of our life..

We grow and flourish
She takes the chances to awareness us..

A teacher are not only our teacher
Are our friend,philosopher and guide..

She is said to be a philosopher
Who preaches the of humanity

A teacher is a star of the earth..
She makes us toil with gay..

All comfort,health and calm
To my teacher who are the proud of nation..

-Hiba .N

9th O

# രാജമല താണ്ടി... കുറിഞ്ഞിയെ തേടി...

സെപ്റ്റംബർ 14,15 ദിനങ്ങൾ , എന്റെ സ്വപ്ന സാക്ഷത്കരത്തിലേക്ക് വെളിച്ചം പകർത്തിയ രണ്ട് നാളുകൾ . ആ മനോഹര താഴ്‌വരയിലേക്ക് കാൽവെച്ചത് ഈ കുറിഞ്ഞി യാത്ര. ഏറെ നാളുകളായുള്ള ഒരാഗ്രഹമയിരുന്ന ആ നീല വിസ്മയം കാണാൻഅവസാനം ഞങ്ങളുടെ സ്കൂളിലെ ഹരിത സേന ഭടന്മാരായ ഞങ്ങളിൽ ആ ദാഗ്യനമെത്തി. 12 വർഷത്തിലൊരിക്കൽ പൂക്കുന്ന നീല കുറിഞ്ഞിയെ ത്തേടി 'കുറിഞ്ഞിയെ കാണാൻ ...... കുളിരിനെ പുണരാൻ ...... ' എന്ന ക്യാപ്ഷനോട് കൂടി ഞങ്ങൾ വ്യഴായ്ച്ച 9:30 ക്ക് യാത്ര പുറപ്പെട്ടു . 9:00 മണിക്ക് നീലഗിരി Tahr എന്ന ഗ്രൂപ്പിൻന്റെ അതി മനോഹരമായ പരിപാടികൾ എന്റെ മനസ്സിൽ ഇപ്പോഴും തിങ്ങിനിൽക്കുന്നു 9:30 യോട് കൂടി ഞങ്ങൾ യാത്രയായി. രത്രിയിലെ കുളിരും പ്രകൃതിയും ഭംഗിയും ആസ്വദിച്ച് കൊണ്ടുള്ള ബസ് യാത്ര ഏറെ മനോഹരമായിരുന്നു . അങ്ങനെ മിഴികൾ തുറന്ന്കിടക്കുമ്പോൾ അറിയാതെയെപ്പളഴോ നിദ്രയിയിലേക്ക്നീങ്ങി . പിന്നീട് കണ്ണ് തുറന്നപ്പോൾ ഏകദേശം 3:30 യോളം ആയിട്ടുണ്ടാവുമം അങ്ങനെ 6:00 മണിആയപ്പോഴേക്കും ഫ്രഷ്അപ്പിന് ശേഷം ഹിബാശെറിൻ നയിക്കുന്ന പർപ്പിൾ തീർത്തും ബ്ലൂസിന്റെ അസംബ്ലിതുടങ്ങി അതിഗംഹഭീരമായിരുന്ന അവരുടെ അസംബ്ലി. പ്രാതലിന് ശേഷം ഞങ്ങൾ കുറിഞ്ഞിയെ തേടി ഇരവികുളം നാഷ്ണൽ പാർക്കിലേക്ക് യാത്ര തിരിച്ചു . ഏകദേശം 8:15 അപ്പോഴേക്കും ഞങ്ങൾ മൂന്നാറിന്റെ ടൗണിലെത്തി. യാത്രയിലെ കാനന സൗന്ദര്യം മതിയാവോളം ആസ്വദിച്ചു. ഒരുപാട് വെള്ളച്ചാട്ടങ്ങളും , അരുവികളും യൂക്കാലിപ്സ് തോട്ടങ്ങളും, കാട്ടിലെ ജ്വലാഭമായി വിരിഞ്ഞ് നിൽക്കുന്ന വാക മരങ്ങളും എന്റെ മിഴികളിൽ മിന്നി മറഞ്ഞു . പ്രകൃതി രമണീയതയുള്ള നാടാണ് ന്നാർ . യാത്രയിലും നീലകുറിങ്ങിയെ കാണാനുള്ള ആകാംക്ഷയേറെയായിരുന്ന . അങ്ങനെ 8:45 ഓടെ ഞങ്ങൾ ഇരവികുളം നാഷ്ണൽ പാർക്കിലെത്തി ആ നീലകുറിഞ്ഞി വിസ്മയം കാണാൻ അങ്ങനെ ഞങ്ങളെ അവിടുന്ന് ഒരു ബസ്സിലാണ് അവിടെ എത്തിച്ചത് ഞങ്ങളുടെ ബസ്സിൽ നമ്മളുടെ സ്കൂളിലെ കുറച്ച് കുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ വാക്കി കുട്ടികൾ അടുത്ത ബസ്സിലാണ് വന്നിരുന്നത്. അങ്ങനെ ഞങ്ങൾ ആ പ്രകൃതി വിസ്മയത്തെ കണ്ടു. അവിടെ എത്തിയപ്പോൾ കുറിഞ്ഞികളെ കണ്ടു . മാത്രമല്ല ഒട്ടേറെ വരയാടുകളെയും കാണുകയുണ്ടായി. വരയാടുകളെ കണ്ടപ്പോൾ അദ്യം എല്ലാവരും ഭയന്ന് ഒന്ന് പിൻമാറിയെങ്കിലും പിന്നീട് ആർക്കും ഭയം തോന്നിയില്ല.പെട്ടെന്നാണ് മലയിടുക്കിലൂടെ ഒഴുകിവരുന്ന വെള്ളം ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടപത് . ആദ്യം ഷാനിയാസ് സാറാണ് ആ വെള്ളം കുടിച്ചത് . പിന്നീട് എല്ലാവരും ആ വെള്ളത്തിന് വേണ്ടി ഒടി എത്തിയത് . ആ വെള്ളം കൊണ്ട് മുഖം കഴുകിയപ്പോൾ എന്തോ ഒരുൽമേഷം കൂടിയതുപോലെ തോന്നി. നീലകുറിഞ്ഞി വിസ്മയം കാണാൻ ഞങ്ങളെപ്പോലെ പലസ്ഥലങ്ങളിൽ നിന്നുള്ള ആളുകൾ എത്തിയിരുന്ന . പക്ഷെ ഞങ്ങളെപ്പോലെ സ്കൂളിൽ

നിന്നുള്ള കുട്ടികൾ ആരും തന്നെ ഞങ്ങൾ കണ്ടില്ല. അവിടുന്ന് ധാരാളം ഫോട്ടോകളും മറ്റും എടുത്തു ശേഷം ദീനയും റിഫയും കൂടി മനോഹരമായ ഗാനം ആലാപിച്ചു . എല്ലാവരും കേട്ടു നല്ല അഭിപ്രായം പങ്കുവെച്ചു. forest officer ഞങ്ങളോട് ഇരവികുളത്തെപറ്റിയും അതിന്റെചരിത്രത്തെ പറ്റിയും വിവരിച്ചു. അദ്ദേഹത്തിന്റെ മൊഴികളിൽ നിന്നും ലഭിക്കുന്ന അറിവിൻ നുറുങ്ങുകൾ കുട്ടികൾ തന്റെ പുസ്തകത്തിൻ പകർത്തി. റെയ് ...........? സന്ദീപ്സാരേയും ഞങ്ങൾ പരിചയപ്പെട്ടു . സന്ദീപ്സാർ നസ്നക്ക് ഒരു പുസ്തകം കൈമാറി. പെട്ടന്ന് ഞങ്ങളുടെ യാത്രക്ക് നിറം പകിട്ടേകാൻ മംഗളം എന്ന പേരുള്ള ഒരു ടീച്ചറെയും പരിചയപ്പെട്ടു . മികച്ച കർഷക പുരസ്കാരത്തിന് ഉതമയാണ് . ആ സ്ത്രീയുടെ വാക്കുകൾ ഞങ്ങൾക്ക് ഏറെ വിലപ്പെട്ടതായിരുന്നു . ഭക്ഷണം പാഴാകുന്നതിനെ പറ്റിയും പറഞ്ഞത് ഞങ്ങളുടെ മനസ്സിൽ തീർത്തും കൊണ്ടു . ആ സ്ത്രീയുടെ ആത്മവിശ്വാസം മത ധൈര്യവുമാണ് അവരെ ഇപ്പോഴും ഉന്നതിയിലെത്തിക്കുന്നത് . പിന്നീട് ഞങ്ങൾ യാത്ര പുറപ്പെട്ടു . യാത്രൽ ഒരുപാട് തേയിലത്തോട്ടങ്ങളിലെ ഞങ്ങൾക്ക് ദൃശ്യവിസ്മയം ഒരുക്കി . പക്ഷെ പ്രകൃതി നൽകിയ തിരിച്ചടികൾ കണ്ടപ്പോൾ മനസ്സി ഏറെ സങ്കടപ്പെട്ടുത്തി . 1:15 ആഴപ്പോഴേക്കും ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചു . കഴിക്കാൻ ഇരുന്ന സ്തലത്ത് കുറച്ച് അട്ടകൾ ഉണ്ടായിരുന്നു .അതാരുടെയും ശ്രദ്ദയിൽ പെട്ടില്ല പിന്നെയാണ് എല്ലാവരും അട്ടയെ കാണുന്നത് . പിന്നീട് ഞങ്ഹൾ കുണ്ടള ഡാമിലേക്കും , മാട്ടു പെട്ടി ഡാമിലേക്കും പോയി . ശേഷം 3:10 echo point ൽ എത്തി . ടോപ്പ്സ്റ്റേഷനിലേക്ക് തിരിക്കുന്ന വഴിയിൽ ഞങ്ങൾ 5 കാട്ടാനയെ കണ്ടു . അത് ഞങ്ങൾക്ക് കിട്ടിയ ഒരു ഭീഗ്യമണ് . സാധാരണ 5 കാട്ടാനയെ ഒപ്പം കൂട്ടം ആയി അരും കാണാറില്ലത്രെ . അങ്ങനെ വേണി ആയപ്പോഴേക്കും ഞങ്ങൾ ടോപ്പ്സ്റ്റേഷനിലെത്തി . ടോപ്പ്സ്റ്റേഷനിൽ അതിമനോഹരമായിരുന്നു. അവിടുന്ന് ചെറുചൂടുള്ള ചായ കുറിച്ചു . നല്ല കാറ്റുണ്ടായിരുന്നു അവിടെ . 6: 10 ഒടെ ഞങ്ങൾ ടോപ്പ്സ്റ്റേഷനിൽ നിന്നു ഗ്രൂപ്പവൈസിലിള്ള കളികൾ കളിച്ചു . ഞാൻ ദീന നയിക്കുന്ന നിലഗിരി താർലായിരുന്നു . ഒരു കളിടിൽ ഞങ്ങൾക്ക് ഫസ്റ്റ് കിട്ടി . അതിമനോഹരമായ കളികൾക്ക് ശേഷം ഞങ്ങൾ ക്യാമ്പ് ഫെയറിന് പോയി . 9:00 ക്ക് ഞങ്ങൾ കളികൾക്ക്ഫ്രഷ്അപ്പ് ആയ ശേഷം യാത്ര പുറപ്പെട്ടു . ഇടുക്കിയിലായിരുന്നു ക്യാമ്പ് ഫെയർ . തീ കൊളുത്തി ഉദ്ഗാടനത്തിന്ന് ഞങ്ങളുടെ വരവും കാത്ത് നിൽക്കുകയായിരുന്നു . അവിടുന്ന് നാടൻ പാട്ടുകളും ഞങ്ങളുടെ സ്കൂളിലെ കുട്ടികളുടെ കലാ പരിപാടികൾക്കെ ശേഷം ഇസ്ര നയിക്കുന്ന munnar Hillocks -ന്റെ പ്രോഗ്രാം മനോഹരമയി നടന്നു . ശേഷം ഞങ്ങൾ മടക്കയത്രക്കൊരുങ്ങി .ഏകദേശം 11:30 യൊടെ യായിരുന്നു മടക്കയത്ര തുടങ്ങിയത് . വിചാരിച്ചതിലും നേരത്തെതന്നെ.ഞങ്ങൾക്ക് സ്കൂളിൽ തിരിച്ചെത്താൻ സാധിച്ചു. 5:30 ക്ക് സർട്ടിഫികറ്റുകനളും മികച്ച അസംബ്ലിക്കും , മികച്ച പരിപാടി

കാഴ്ച്ചവെച്ചവർക്കും പുരസ്കാരങ്ങൾ മൽകി .അങ്ങനെ ഓർമയുടെ താളുകളിലേക്ക് ഒരു സുദിനം കൂടി ദേസീയഹരിതസേന ഞങ്ങൾക്ക് സമ്മാനിച്ച .

**Fathima Rabeeha .C.K 9-O**

# *My True Friend*

*A friend is the one*
*who give me always fun*
*my friend make my life more*
*beautiful*
*and my friend*
*care like a mother*
*scolds like a father*
*fights like a sister*
*and never let you feel lonely*
*she is with you*
*when millions are against you*
*and she is with you*
*to share your joy and sorrow*
*to smile with you*
*to hold your hand*
*and to give you strength*
*to win the world*
*it's my true friend*

*-fathima fidha . Nk*
*9-N*

# ഒരു HOME CARE അനുഭവം

World Rose day- welfare of cancer patients( september 22) ദിനാചരണത്തിന്റെ ഭാഗമായി സ്കൂളിലെ JRC യുടെ ആഭിമുഖ്യത്തിൽ cancer രോഗികളുടെ വീടുകൾ സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചു. ക്ലാസ് നഷ്ടപ്പെടുന്ന വിഷമത്താൽ മനസ്സില്ലാമനസ്സോടെയാണ് ഞാൻ പോയത് . രോഗസന്ദർശനം പുണ്യമാണെന്ന നബി വചനം ഓർത്ത് ആ പുണ്യം ലഭിക്കണമെന്ന പ്രാർത്ഥനയോടെ ഞാൻ അവരോടൊപ്പം പോയി. തെന്നല PHC യിലെ അനീഷ sister, ആശ worker, റഫീഖ് sir, JRC കേഡറ്റ്സ് എന്നിവരായിരുന്നു സംഘത്തിലുണ്ടായിരുന്നത്.

ആദ്യം ഞങ്ങൾ പോയത് തൈറോയിഡിന് cancer ബാധിച്ച ഒരു ഹാജിയുടെ വീട്ടിലേക്കായിരുന്നു. സ്കൂളിന്റെ ആംബുലൻസിലും PHC യുടെ ആംബുലൻസിലുമായി ഞങ്ങൾ അവിടെ ചെന്നിറങ്ങുമ്പോൾ അവർ പരിഭ്രാന്തരാകുമോ എന്ന് ഞാൻ ഭയന്നു. ആ വിട്ടിലേക്ക് കയറുമ്പോൾ നിരാശയും വിഷമവുമായി നിൽക്കുന്ന ഒരു cancer രോഗിയായിരുന്നു എന്റെ മനസ്സിൽ. എന്നാൽ പുഞ്ചിരിച്ച് കൊണ്ട് ,ആത്മവിശ്വാസത്തോടെ വീൽച്ചെയർ പിടിച്ച് പതുക്കെ അയാൾ വന്നു. കുളിച്ചോ? ചായകുടിച്ചോ? എന്നിങ്ങനെയുള്ള ഞങ്ങളുടെ ചോദ്യങ്ങൾക്ക് പുഞ്ചിരിച്ചുകൊണ്ടാണ് അദ്ദേഹം മറുപടി നൽകിയത്. പിന്നീട് അദ്ദേഹത്തിന്റെ പഠനകാലം, ജോലി, കുടുംബം തുടങ്ങിയ കാര്യങ്ങളിലൂടെ വാചാലനായി. നല്ല ഒരു വാച്ച് maker ആണെന്നും ഇപ്പോഴും വാച്ച് കൊണ്ടു വന്നാൽ റിപെയർ ചെയ്യാമെന്നും പറഞ്ഞു. പെൻഡുലം clock നന്നാക്കുന്നതിൽ അതി വിദഗ്ധനാണെന്ന് അയാളുടെ മകൻ പറഞ്ഞു. അതിനിടയിൽ ഇംഗ്ലീഷിൽ രണ്ട് വാക്ക് സംസാരിച്ചു. മടങ്ങാനിറങ്ങിയപ്പോൾ മാതാപിതാക്കളോടുള്ള പെരുമാറ്റം ,മൊബൈൽ ഫോൺ ദുരുപയോഗം, പഠനം തുടങ്ങി എല്ലാ മേഖലകളും ടച്ച് ചെയ്ത് കുട്ടികൾക്ക് വിലപ്പെട്ട ഉപദേശങ്ങൾ നൽകി. പരസ്പരം പ്രാർത്ഥിക്കാൻ പറഞ്ഞ് ഞങ്ങൾ അവിടെ നിന്നിറങ്ങി. ആ cancer patient ൽ നിന്ന് എനിക്ക് കിട്ടിയ പോസിറ്റീവ് എനർജി പറഞ്ഞറിയിക്കാൻ കഴിയില്ല.




പിന്നീട് ഞങ്ങൾ പോയത് മൂത്രാശയത്തിന് cancer ബാധിച്ച ഒരു ചേട്ടന്റെ അടുത്തേക്കാണ്. യൂറോ ബാഗ് കയ്യിൽ പിടിച്ച് വേച്ച് വേച്ച് വരുന്ന ഇയാൾ അടുത്ത കാലം വരെ പടവിന്റെ പണിക്ക് പോയിരുന്നത്രെ. ഷുഗർ, ബി.പി എല്ലാം ചെക്ക് ചെയ്തു.ട്യൂബിൽ അവിടവിടെ പഴുപ്പ് തങ്ങിനിൽക്കുന്നു. നിങ്ങൾ വെള്ളം കുടിക്കാറില്ലേ എന്ന് sister ചോദിച്ചപ്പോൾ ഒരു കൊച്ചു കുട്ടിയെപ്പോലെ തലയാട്ടിക്കൊണ്ട് തൊട്ടടുത്ത ജഗ്ഗിൽ നിന്ന് വെള്ളമെടുത്ത് കുടിച്ചു. അവർക്ക് അഞ്ച് പെൺമക്കളും ഒരു മകനുമാണ്. കൂലിപ്പണിയെടുക്കുന്ന ഏകമകനും മരുമകളുമാണ് അച്ഛനെ ശുശ്രൂഷിക്കുന്നത്. രോഗിയെക്കാളും ആ വീട്ടിൽ എന്റെ മനസ്സിനെ ടച്ച് ചെയ്തത് അവരെ ശുശ്രൂഷിക്കുന്ന മരുമകളാണ്. അവരുടെ മകൻ ഓട്ടിസം ബാധിച്ച കുട്ടിയായിരുന്നു.” വെള്ളം കുടിക്കണം അച്ഛാ "എന്ന് അവരെ ഓർമിപ്പിച്ചുകൊണ്ട് ഞങ്ങൾ പടിയിറങ്ങി.

ആ വീടിന്റെ തൊട്ടടുത്ത് പ്രമേഹം വന്ന് കാൽ മുറിച്ച ഒരു ചേട്ടന്റെ വീട് ഞങ്ങൾ സന്ദർശിച്ചു. sister ഷുഗർ ടെസ്റ്റ് ചെയ്തപ്പോൾ 400 ന് മുകളിൽ ആയിരുന്നു. അവരുടെ ഭാര്യ ഒരു മാനസിക രോഗിയാണെന്നും ആകെയുള്ള രണ്ട് പെൺമക്കൾ വല്ലപ്പോഴും മാത്രമേ വരികയുള്ളൂ എന്നും കേട്ടപ്പോൾ ഞെട്ടിപ്പോയി. മടക്കയാത്രയിൽ സിസ്റ്ററുടെ വാക്കുകൾ കേട്ട് വല്ലാത്ത ഒരു നൊമ്പരം അനുഭവപ്പെട്ടു. ഭക്ഷണമുണ്ടാക്കാത്തതിന് cable വയറുകൊണ്ട് ഭാര്യയെ തല്ലുന്നത് സിസ്റ്റർ കണ്ടിട്ടുണ്ടത്രെ.

അസുഖം മൂലം എല്ലും തോലുമായ ഒരു ചേട്ടന്റെ വീട്ടിലേക്കാണ് പിന്നീട് ഞങ്ങൾ പോയത്. 'കരുണ'യിലെ ലിസ്റ്റുകൾ അവർ സിസ്റ്ററെ കാണിച്ചു. വേദന കാരണം ചിലപ്പോൾ ഉറങ്ങാൻ പറ്റുന്നില്ലെന്ന് അയാൾ പറഞ്ഞു. ഷുഗർ, പ്രഷർ എന്നിവ ചെക്ക് ചെയ്തു.സ്കൂളിൽ JRC അംഗങ്ങൾ"ഒരു പിടി അരി അവർക്കൊരു നിധി" പദ്ധതിയിലൂടെ ശേഖരിച്ച അരി ഇത്തരത്തിലുള്ള രോഗികളുടെ വീട്ടിൽ കൊടുത്താണ് ഞങ്ങൾ തിരിച്ചു പോന്നത്.

അവിടെ നിന്നിറങ്ങുമ്പോൾ മനസ്സാകെ മരവിച്ചിരുന്നു. വിശപ്പും ദാഹവും ക്ഷീണവും ഒന്നും അറിയാത്തപോലെ.....

നമ്മുടെ ചുറ്റും രോഗവും പട്ടിണിയും മൂലം ദുരിതമനുഭവിക്കുന്ന ഒരുപാടുപേർ ഉണ്ടെന്നും അവരിലേക്കിറങ്ങി ചെന്നാൽ മാത്രമെ അത് തിരിച്ചറിയാൻ കഴിയൂ എന്ന യഥാർത്ഥ്യം ഞങ്ങൾ പങ്കുവെച്ചു.

പിന്നീട് കഴുത്തിൽ മുഴ വന്ന് cancer ആയ ഒരു താത്തയുടെ വീട്ടിലേക്കാണ് ഞങ്ങൾ പോയത്. ഒരു കുപ്പിപോലും ഉറക്കാനാകുന്നില്ലെന്നും വിറയൽ, ചുമ എന്നീ വിഷമങ്ങൾ ഉണ്ടെന്നും അവർ പറഞ്ഞു. സിസ്റ്റർ ഷുഗർ നോക്കിയപ്പോൾ കൂടുതലാണ്", അരി ഭക്ഷണം കുറക്കണമെന്ന് ഓർമിപ്പിച്ചു. അവിടെ നിന്ന് കിട്ടിയ നാരങ്ങ വെള്ളം കുടിച്ചപ്പോഴാണ് നല്ല ദാഹം ഉണ്ടായിരുന്നു എന്ന് തിരിച്ചറിഞ്ഞത്. ഇനിയും തെന്നല പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത ഇരുപത്തഞ്ചോളം cancer patients ഉണ്ടെന്ന് സിസ്റ്റർ പറഞ്ഞു. സമയം 1:30. വൈകുന്നേരം വരെ യാത്ര തുടരണമെന്ന് ആഗ്രഹമുണ്ടെങ്കിലും 2 മണിക്ക് സ്കൂളിൽ Dr.Ashique ന്റെ നേതൃത്വത്തിൽ cancer രോഗവുമായി ബന്ധപ്പെട്ട ഒരു ക്ലാസ് ഉണ്ടായിരുന്നതിനാൻ ഞങ്ങൾ മടങ്ങി.

രോഗികളോട് നിർത്താതെ കുശലം പറഞ്ഞ് വിവരങ്ങൾ അന്വേഷിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന അനീഷ സിസ്റ്ററോട് മനസ്സുനിറയെ ആദരവും ബഹുമാനവും തോന്നി. അവരെ പോലുള്ളവരുടെ ഇടയിൽ ഞാൻ ഒന്നും അല്ല എന്ന തിരിച്ചറിവാണ് സ്കൂളിൽ വന്നിറങ്ങിയപ്പോൾ ഉണ്ടായത്.

Fathimth Hafila.P

KITE Mistress






**ഭാരതം ഒരു പൂവാടി**
**ആ വാടിയിൽ ഒത്തിരി ഒത്തിരി അഴകായ് കേരം തിങ്ങും ധരണി**
**ഈ കേരം തിങ്ങും ധരണി**

**സഹ്യമലയുടെ കാവലിലും**
**സത്യസൗഹൃദ പാതയിലും**
**നൽകേളി,**
**നൽകേളിയിലിന്ന് മികന്ത് കുതിപ്പൂ**
**ദൈവ പ്രിയമാം ധരണി**

**തുഞ്ചൻ കൊഞ്ചിയ മലയാളം**
**നെഞ്ചിൽ ചേർത്തിവരാവോളം**
**കൈരളിയെ തായ്മൊഴിയെ വളർത്തിടാൻ ഒത്തൊരുമിക്കാം**
**തീർത്തിടാം - ഇനി**
**തീർത്തിടാം സൽസരണി**

ഈ വരികൾക്ക് പ്രശസ്ത ഗായകൻ ഇബ്രാഹീം മേളം ശബ്ദം പകർന്നപ്പോൾ

[https://youtu.be/-5A_AZZEfFI](https://youtu.be/-5A_AZZEfFI)

# നിരർത്ഥകം

വർത്തമാനം നിരർത്ഥകം
നിറയെ അന്ധഗജന്യായങ്ങൾ,
ഘോരഘോര വിവേചനം
നാനാവർണ്ണവികാരങ്ങൾ
തീർക്കുന്ന പോർക്കളങ്ങളെ
ശിരസ്സില്ലാത്തവർ ത-
ന്നണികൾക്ക്
സ്വകാര്യ സാക്ഷാത്കാരം.

വളപ്പൊട്ടുകൾ പെറുക്കുന്നി-
ടങ്ങളിൽ കഴുകറാഞ്ചൽ
കഥയും കവിതയും
വാചാലമാകുമ്പോ-
ളയുധപ്രയോഗങ്ങൾ
തീർക്കുന്നിതന്ധത

വിവേകശൂന്യ നിർഭരം
നീതിരഹിത വിമോചനം
നൈരന്തര്യമീ ചിത്രം
അതിജീവന സൂചനാത്മകം.



ജിത. ആർ എം
HSA Malyalam

## Time's Up!

God made an umbrella
then said go on live fella!
Gutsy men lived their heart,
Fought beyond almighty's art.

He mouled the weaker
and grawled his victory.
Lied & slayed his only Pal,
And grabbed away his only girl.

Time's up! Moment to fold up
Now suffer!! Suffer as hell
Atlast open your hands, isn't it empty??

- Ranam. C.
IX O

# Hero in my life

***A MOTHER IS THE PERSON WHO PLAYS MOST IMPORTANT ROLE IN EVERY ONE'S LIFE . NO ONE CAN TAKE PLACE OF HER .HER LOVE EASILY TURNS HER CHILD INTO THE RIGHT WAY OF TRUTH AND HONESTY . THIS IS THE POWER OF MOTHER'S LOVE.***

***GOD'S BEST CREATION ON THE UNIVERSE IS MOTHER . WE SHOULD ALWAYS THANKFUL TO GOD FOR GIVING UNIQUE QUALITIES OF MOTHER SUCH AS CARING , SACRIFICING , FORGIVING,HELPING,AND ALWAYS PUTTING OTHERS BEFORE THEM SELVES .***

***MOTHER IS THE FIRST TEACHER FOR THE CHILD WHO TEACHES ABOUT GOOD OR BAD THINGS OF LIFE . AT DIFFERENT STAGES,A CHILD TRIES TO LEARN LIFE'S LESSON'S UNDER HER GUIDANCE .***

***MY MOTHER BECOMES MY UMBRELLA WHEN I GET WET IN THE RAIN ,SHE SUPPORTS ME IN ALL MY BAD TIMES . CONSIDERING MY MOTHER'S LOVE TO BE AN OCEAN , IT CAN NEVER BE WATERLESS . MOTHER IS THE FIRST BEST FRIEND OF EVERY ONE'S LIFE . IT IS A SWEET CONNECTION BETWEEN CHILD AND MOTHER .***

- FATHIMA FIDHA . NK
9-N

# ഇരുട്ടിനെ അണക്കുന്നവർ

ജീവിതമെന്ന നൂൽപ്പാലത്തിൽ
അനർഘമൂല്യധനമാണി
ഈ അക്ഷരമുറ്റത്തിലെ
അക്ഷരവക്താക്കൾ.....
നിരക്ഷര നിറഞ്ഞ ഇരുണ്ട യുഗ-
ത്തിലെ ഇരുട്ടിനെ പ്രകാശമാ-
ക്കുന്ന  ഈ അക്ഷര വക്താക്കൾ....
വിദ്യ നുകരുന്ന ഓരോ ശലഭങ്ങൾ-
ക്കും അംഗരംഗാന്തരത്തിലെ
രമണീയ സുനമി
അക്ഷര വക്താക്കൾ....
അക്ഷരമുറ്റത്തിലെ പൂർവദിങ്
മുഖത്തിലെ ഇനനാണീ
ഈ അക്ഷര വക്താക്കൾ....

***NAHIDA-9N***

# കഥാകാരൻ

ഇന്നെങ്കിലും ഒരു കഥയെഴുതണം എന്ന വാശിയോടെയാണ് അയാൾ പേനയെടുത്ത്.

അയാൾ ഓർത്തു വർഷങ്ങളായി സ്വന്തമായൊരു കഥ എന്നൊരു സ്വപ്നവുമായി താൻ ജീവിക്കുന്നു.

എന്നിട്ടും ഇന്നിതുവരെ ഒരു ചെറുകഥ പോലും എഴുതി മുഴുമിപ്പിക്കാൻ തനിക്ക് കഴിഞ്ഞില്ല. മറ്റൊന്നും കൊണ്ടല്ല പേനയെടുത്തു കഴിഞ്ഞാൽ ആകെ മരവിപ്പാണ് ,പിന്നെ ഉറക്കത്തിലേക്ക് വഴുതി വീഴും.

ഇന്നെന്തായാലും അങ്ങനെയുണ്ടാവില്ല എന്ന ദൃഢ നിശ്ചയവുമായാണ് അയാൾ എഴുതാനിരുന്നത്.

വാശി സ്വന്തം മനസ്സിനോടായിരുന്നു. ഇന്ന് തന്റെ ആദ്യ കഥ ജനിക്കും, അയാൾ പേന മുറുക്കെ പിടിച്ചു.

കൺപീലികളുടെ ഭാരം വർദ്ധിച്ചു വരുന്നത് അയാൾ അറിഞ്ഞു. പിന്നീടയാൾ ഉണർന്നത് അടുത്ത ദിവസമായിരുന്നു.

-



**അനീസ്. കെ**

**Hsa -English**

# ഗ്ലാഡീസ്

പണക്കാരിയായ ആനിയുടെയും വ്യാപാരിയായ ഫെർണാണ്ടസിന്റെയും മകളായിട്ടാണ് അവൾ ജനിച്ചത്.ഗ്ലാഡീസ് മിടുക്കിയാണ്.അവൾക്കൊരു കൊച്ചനുജനുണ്ട് അവന്റെ പേര് ടോം എന്നാണ്.

ഏതൊരു മാതാപിതാക്കളും ആഗ്രഹിക്കുന്ന പോലെ തന്റെ മകളൊരു ഇംഗ്ലീഷുകാരിയെ പോലെ സംസാരിക്കണമെന്ന് ഫെർണാണ്ടസ് ആനിയ ദമ്പതികൾ ആഗ്രഹിച്ചിരിന്നു.അവർ ഗ്ലാഡിസയെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർത്തു.കൂടെ കംമ്പ്യൂട്ടർ ക്ലാസിനും.എട്ടാം ക്ലാസിൽ പഠിക്കുന്ന അവളെ സംമ്പന്ധിച്ചിടത്തോളം ഈ പഠനഭാരം വളരെ കൂടുതലാണ്.രാവിലെ ആറുമണിക്ക് വീട്ടിൽ നിന്ന് ഇറങ്ങുന്ന അവൾക്ക് വൈകീട്ട് എട്ട് മണിയോടെയാണ് വീട്ടിൽ തിരിച്ചെത്താൻ സാധിക്കുക.പിന്നെ കുളിച്ച് ഭക്ഷണം കഴിച്ച് വീണ്ടും പഠനം തന്നെ.അവധി ദിവസങ്ങളിൽ ട്യൂഷനും,കമ്പ്യൂട്ടർ ക്ലാസും ഉണ്ട്. പഠനത്തിനിടയിൽ അനുജനെ ഒന്ന് ലാളിക്കാനോ,കളിപ്പിക്കാനോ അവൾക്ക്സമയം കിട്ടാറില്ല.ഒരിക്കലും അമ്മ അവളെ വെറുതെ ഇരിക്കാൻ അനുവദിച്ചിട്ടില്ല.

ഒരിക്കൽ അവൾ അമ്മ കാണാതെ പുറത്തിറങ്ങി.അതിമനോഹരമായ ഈ ലോകം കാണാൻ അവൾ വെമ്പലായിുന്നു.പൂന്തോട്ടത്തിലെ വിടർന്നുനില്ലക്കുന്ന പൂക്കളിലും ശലഭങ്ങളിലും അവൾ ആനന്ദം കണ്ടെത്തി.പെട്ടന്നാണ് അവളുടെ അമ്മയുടെ അലർച്ച കേട്ടത്."നീ ഇവിടിരുന്ന് കളിക്കുകയാണോ ?പഠിക്കുന്ന സമയം വെറുതെ പാഴാക്കുകയാണോ?" ഉം.....ഗോറ്റു ദ സ്റ്റഡിറൂം.........ഇംഗ്ലിഷും മലയാളവും കൂടിക്കലർന്ന ഭാഷയിൽ ആനിയമ്മ അവളെ ശകാരിച്ചു."മമ്മി....കുറച്ച് നേരം കളിച്ചിട്ട് പോരെ".ഗ്ലാഡിസ് വിതുമ്പി കൊണ്ട് ചോദിച്ചു."പറ്റില്ല"അമ്മയുടെ ശബ്ദം പൊങ്ങി.എന്നിട്ട് ഗ്ലാഡീസിനേയും വലിച്ച് കൊണ്ട് അമ്മ നടന്നു. "എന്താ ആനീ" ഫെർണാണ്ടസ് ആനിയമ്മയെ തടഞ്ഞ് ചോദിച്ചു. അവൾ നടന്നതെല്ലാം ഒറ്റ ശ്വാസത്തിൽ പറഞ്ഞു.അച്ഛന്റെയും വക ശകാരവും കേട്ടതിന് ശേഷ മാണ് ഗ്ലാഡിസ് പഠിക്കാൻ ഇരുന്നത്.

നാളുകൾ കൊഴിഞ്ഞുപ്പോയി.ഗ്ലാഡിസ് ഒരു കൊച്ചു കവിത എഴുതി. എന്നിട്ടത്,ഫെർണാണ്ടസിന്റെയുംആനിയമ്മയുടെയും മുന്നിൽ അവതരിപ്പിച്ചു.കവിത വായിച്ച് അവർ കലി തുള്ളി.പഠിക്കാനുള്ള സമയം വേസ്റ്റാക്കിയെന്നും പറഞ്ഞ് കവിത കീറിയിടുകയും അവളെ ശകാരിക്കുകയും അടിക്കുകയും ചെയ്തു.ഗ്ലാഡിസിന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല അവൾ എന്തോ തീരുമാനിച്ചുറപ്പിച്ചത് പോലെ ഒന്നുമറിയാതെ അപ്പുറത്തിരുന്ന് കളിച്ചിരുന്ന ടോമിന്റെ നെറ്റിയിൽ ചുംബിച്ച ശേഷം മുറിയിൽ കയറി വാതിലടച്ചു.വളരെ നേരത്തിനു ശേഷം ചോറ് കഴിക്കാൻ വേണ്ടി ചെന്നപ്പോൾ മുറി അകത്ത് നിന്ന് നിന്ന് പൂട്ടിയതായ് കാണപ്പെട്ടു.ഏറെ നേരം വിളിച്ചെങ്കിലും വാതിൽ തുറന്നില്ല.ആശങ്ക തോന്നിയ ആനി അലമുറി യിട്ട് കരയാൻ തുടങ്ങി.ഫെർണാണ്ടസ് ഓടി വന്ന് അനളെ സമാധാനിപ്പിച്ചു.എന്നിട്ടൊരു വിധം വാതിൽ തള്ളിത്തുറന്നു.ആ കാഴ്ചകണ്ട് അവർ രണ്ട്പ്പേരും പകച്ച് നിന്നു...

ഫാനിൽ തൂങ്ങിയാടുന്ന ഗ്ലാഡിസിന്റെ ചേദനയറ്റശരീരം......അവളുടെ വസ്ത്രത്തിൽ ഒരു ചെറിയ കുറിപ്പ് പിൻ ചെയ്തതായി അവർ കണ്ടു. " ഞാൻ പോവുകയാണ്...മറ്റൊരു ലോകത്തേക്ക് .അവിടെ സ്വാതന്ത്രവും സന്തോഷവും മാത്രമുള്ള.....ഒരു കാര്യം കൂടി.എനിക്ക് കിട്ടാതെ പോയ സ്നേഹം എന്റെ അനുജനെങ്കിലും ....."ഗ്ലാഡീസിനെ മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞില്ല.അവളിന്ന് ഓർമ്മകൾ മാത്രമായി.

ഫാത്തിമത്തു സക്കിയ 9-N

# മേഘത്തിന്റെ കണ്ണുനീർ

പുതുമഴക്ക് കാറ്റിനോട്
പ്രണയം തോന്നി
ആ കാറ്റ് ഞാനാസ്വദിച്ചു
വർഷമെന്നാവേശത്തെ
ഞാനാവേഷത്തോടെ
സ്വീകരിച്ചു!സൽകരിച്ചു
എൻ വീട്ടുപടിയിൽ വീണ
പുതുമഴ എന്നോട് ചൊല്ലിയപ്പോലെ
ഞാനൊരു കണ്ണുനീർ
തുള്ളികളുടെ കൂട്ടമാണേ
ആ കണ്ണുകൾ കാർമേഘമാണോ
എന്നവസാനമിതാ ഈ നിമിഷത്തിൽ
ഇവിടം കണ്ണുനിരിൻ കടലാക്കുമേ
ഞങ്ങളൊത്ത് ചേർന്ന്,
ഇതെല്ലാം കേട്ട് ഞാൻ
എന്ത് പറയമമെന്നറി-
യാതെ പരുങ്ങിപ്പോയ്.....

അഫ്ന.പി *9N*

# ഓർമത്താളുകൾ

കാലമാം ചക്രത്തിൽ നിലക്കാത്ത യാത്രയിൽ
ഒരു നിമിഷം ഓർമത്താളുകൾ പൊടിതട്ടിയെടുക്കെ
കണ്ടു ഞാൻ കുളിരണിയിക്കും ദിനങ്ങൾ
വഴിമാറിത്തന്ന വരാന്ത തൻ നെഞ്ചിൽ
കൈകോർത്തു പൊട്ടിച്ചിരിയുടെ കമ്പനം

സൗഹൃദത്തിൻ സ്മാരകമാം മരത്തണലുകളിൽ
തെളിഞ്ഞുവന്ന പൂമുഖങ്ങൾ
പലനിറം കൈകളാൽതാളം കൊട്ടി നോവിച്ച ബെഞ്ചുകൾ
തിരികെ വിളിക്കുന്ന പോലെ

ഇനിയും എന്തൊക്കെയോ എവിടെയോ
മനസ്സിൽ മായാതെ മരവിച്ചു കിടക്കുന്നു
തിരിച്ചുകിട്ടാത്ത ആ നല്ല നാൾ തൻ നൊമ്പരം
ചൂടു വാർന്നൊരെൻ മിഴിയിലൂടെ ഒലിച്ചിറങ്ങുമ്പോൾ
അറിയുന്നു ഞാനാ സത്യം
കുറിച്ചിടാതെ വയ്യ എനിക്കിന്നീ താളുകളിൽ
അത്രമേൽ ഞാനീ കലാലയത്തെ സ്നേഹിച്ചിരുന്നു

ഫാത്തിമാ ഫിദ . എൻ.കെ
9 . N

# വീട്ടു മാറ്റം

ആരോ വീട്ടു പാർക്കുകയാണ്

കേട്ടവർ കേട്ടവർ പരസ്പരം ക്ഷണിച്ചു

അടക്കിപിടിച്ച പ്രസന്നേഷണമായി വന്നു.

അലമുറയിടലും നെഞ്ചത്തടിയും

പൊട്ടിക്കരയുന്ന മ്ലാനതയും വിതുമ്പലും

പുതുവീടിന്റെ ഉമ്മറത്ത്

ഒന്നൊന്നായി നിരത്തി വെച്ചതേയൊള്ളൂ

ഈ വീട്ടിൽ ഫർണിച്ചറുകളൊന്നും വേണ്ടതില്ലല്ലോ

എന്നും പറഞ്ഞ്

ഗൃഹനാഥൻ അകത്ത് കടന്ന് വാതിലടച്ചു

ഒരു താക്കോൽ പഴുതു പോലും ബാക്കിയായില്ല

തിരസ്കരിക്കപ്പെട്ട ഫർണിച്ചറുകളുടെ

ശ്മശാന ഭാരവും പേറി

വന്നവർ വന്നവർ തിരിഞ്ഞു നടന്നു.

-ഫാത്തിമ നസ്റിൻ.ടി 9 B

# വേർപാടിന്റെ നൊമ്പരം

ഇഷമോളും കൂട്ടുകാരും എന്നും ഉൽസാഹത്തോടെ സ്ക്കൂളിലെത്തും.പിരിയാനാവാത്ത കൂട്ടുകാരായ അവർ ക്ലാസിൽ ഒരു ബെഞ്ചിലായിരുന്നു.തസ്നി,ജാസ്മിൻ, ഐഷ എന്നിവരായിരുന്നു ഇഷമോളുടെ ഉറ്റസുഹൃത്തുക്കൾ.അതിൽ തസ്നി ആയിരുന്നു അവളുടെ കൂടെ ഇരുന്നിരുന്ന കുട്ടി.അവർ തമ്മിലായിരുന്നു മിക്ക രഹസ്യവും പങ്കിട്ടിരുന്നത്. എന്നും മധുരിക്കും ഓർമകളുമായി അവർ സ്ക്കൂളിലെത്തും.പഠിപ്പിലും അവർ രണ്ടുപേരും നല്ല നിലവാരം പുലർത്തിയിരുന്നത് കൊണ്ടുതന്നെ ടീച്ചർമാർക്കെല്ലാം അവരോട് നല്ല പരിചയവും അടുപ്പവുമായിരുന്നു.ഒരു ദിവസം ക്ലാസ് ടീച്ചർ ക്ലാസെടുക്കുന്ന സമയം എല്ലാവരും ക്ലാസിൽ ശ്രദ്ധയോടെ ഇരിക്കുകയായിരുന്നു. പെട്ടെന്ന് തസ്നിക്ക് എന്തോ ഒരു അസ്വസ്ഥത.ഇഷാ എനിക്ക് വയ്യ എന്നപറച്ചിലിനൊപ്പം അവൾ വീണു.  എല്ലാവരും ഓടിക്കൂടി.ടീച്ചർ വേഗം വെള്ളം കൊടുത്തു.വീട്ടിലേക്ക് വിളിച്ചു. ഉമ്മ വന്നു അവളെ കൊണ്ടുപോയി.രണ്ട് ദിവസങ്ങൾക്ക് ശേഷം അവൾ ക്ലാസിലെത്തി.ഇഷ സന്തോഷിച്ചു.പഴയ പോലെ പ്രസരിപ്പില്ലാത്ത മുഖമായിരുന്നു തസ്നിയുടേത്.ദിവസങ്ങൾ കുറേ കഴിഞ്ഞു. പരീക്ഷ അടുത്തു .എല്ലാവരും പഠനത്തിലേക്ക് കൂടുതൽ ശ്രദ്ധിച്ചു.ഒരു ദിവസം തസ്നി മുമ്പത്തെ പോലെ വീണ്ടും തലകറങ്ങി വീണു.അപ്പോഴും ഉമ്മ വന്നു. നല്ല വിദഗ്ധ ഡോക്ടറെ കാണിച്ച് രോഗം മനസ്സിലാക്കാൻ ഉമ്മയോട് ടീച്ചർ പറഞ്ഞു.പിന്നീട് കുറച്ചു

ദിവസം തസ്നിക്ക് ക്ലാസിൽ വരാൻ കഴിഞ്ഞില്ല.ഈ സമയം ഇഷ വല്ലാതെ വിഷമിച്ചു.പഠനത്തിൽ ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല.

എപ്പോഴും തന്നെ ചാരിയിരിക്കുന്ന തസ്നിയെ കുറിച്ച് ചിന്തിച്ചു.എല്ലാ കാര്യങ്ങളും പങ്ക്വെക്കുന്ന കൂട്ടുകാരിക്ക് ഒരാപത്തും വരാതിരിക്കാൻ പ്രാർത്ഥിച്ചു.അവളും ടീച്ചറും കൂടി തസ്നിയുടെ വീട്ടിൽ പോയി അവളെ കണ്ടു.മുഖം വിളറി അസ്വസ്ഥത തോന്നുന്ന തസ്നിയെ കണ്ടപ്പോൾ ഇഷക്ക് സങ്കടം വന്ന് കണ്ണീരൊഴുക്കി.ടീച്ചർ അവളുടെ ഉമ്മയുമായി സംസാരിക്കുമ്പോൾ ടീച്ചറുടെ മുഖഭാവം മാറുന്നത് ഇഷ കണ്ടു.എന്തൊക്കെയോ പന്തികേടുണ്ടെന്ന് അവൾക്ക് തോന്നി. അവർ പോവാൻ നേരം യാത്ര ചോദിച്ചപ്പോൾ അവൾക്ക് പരീക്ഷ എഴുതണമെന്ന വാശിയുണ്ടെന്ന് ഉമ്മ പറഞ്ഞു.വീട്ടിലിരുന്ന് പഠിച്ച് പരീക്ഷക്ക് വന്ന് ഉയർന്ന മാർക്ക് വാങ്ങണം എന്ന് പറഞ്ഞിട്ട് ടീച്ചർക്ക് നിയന്ത്രണം വിട്ടു.കണ്ണീരൊഴുക്കി.അവർ തിരിച്ച് പോരുമ്പോൾ തസ്നിക്ക് എന്താ ടീച്ചറേ അസുഖം ഇഷ ചോദിച്ചപ്പോൾ എന്തൊക്കെയോ മറച്ച് വെച്ച് കൊണ്ട് ടീച്ചർ പറഞ്ഞു:നമുക്ക് തെസ്നിക്ക് വേണ്ടി പ്രാർത്ഥിക്കാം.അവൾക്ക് ഒരു ആപത്തും വരാതിരിക്കട്ടെ.

അന്ന് പരീക്ഷയുടെ ദിനമായിരുന്നു.ഇഷ പ്രിയ കൂട്ടുകാരി തസ്നിയെ കുറിച്ച് ചിന്തിച്ച് ദു:ഖഭാരം കൊണ്ട് സ്കൂളിലെത്തി.രോഗം മൂർച്ഛിച്ച കാരണം തസ്നി വന്നിട്ടില്ലായിരുന്നു.ചോദ്യപേപ്പർ കിട്ടിയ അവൾക്ക് മനം നിറയെ തസ്നിയായിരുന്നു.അവളെ കുറിച്ച് ചിന്തിച്ചിട്ട് അവൾക്ക് ഒന്നും എഴുതാൻ കഴിഞ്ഞില്ല.പിന്നിലേക്ക് തിരിഞ്ഞ് നോക്കിയപ്പോൾ എല്ലാവരും എഴുത്തിലാണ്. പേന എടുത്ത് എഴുതാൻ നോക്കിയപ്പോൾ ഓർമയിൽ ഒന്നും തെളിയുന്നില്ല.ഈ സമയത്ത് ടീച്ചറുടെ അടുത്ത് വന്ന് മറ്റൊരു ടീച്ചർ എന്തോ മെല്ലെ പറഞ്ഞു.ടീച്ചർ പൊട്ടിക്കരയുന്നത് കണ്ട് ഇഷ ടീച്ചറുടെ അടുത്തേക്ക് ഓടി.കാര്യം എന്തെന്ന് ഇഷ ടീച്ചറോട് തിരക്കിയപ്പോൾ ടീച്ചർ പൊട്ടിക്കരഞ്ഞ് കൊണ്ട് പറഞ്ഞു:മോളെ തസ്നി നമ്മെ വിട്ട് പിരിഞ്ഞ് പോയി.പിന്നീട് സംഭവിച്ചതൊന്നും അവൾക്ക് ഓർമയുണ്ടായിരുന്നില്ല.

-ഫാത്തിമ ഫിദ .nk 9.N

# തുഷാരം

തുഷാരം പെയ്യുന്ന ഒരു പ്രഭാതത്തിൽ എലീന എഴുന്നേറ്റു.കൊടും തണുപ്പ് .വേഗം അവൾ തന്റെ പൂന്തോട്ടത്തിലേക്ക് മിഴികൾ തിരിച്ചു.അവളിന്നലെ കണ്ടിരുന്ന മനോഹരമായ റോസാപ്പൂമൊട്ട് വിരഞ്ഞിരിക്കുന്നു.അവളുടെ മനസിൽ സന്തോഷം കളിയാടി.അവൾ ആ തുടിക്കുന്ന റോസാപ്പൂ ഇതൾ കാണാൻ അവിടേക്ക് കുതിച്ചു.പൂക്കളിലും ചെടികളിലുമെല്ലാം തുഷാരത്തിന്റ തുടിപ്പുകൾ.അവൾ നട്ട ചെടിയായതിനാൽ ആ റോസാപ്പൂവിനെ അവൾ ഏറെ പരിചരിച്ചാണ് കൊണ്ട് നടക്കാറ്.ചുവന്ന് തുടിക്കുന്ന അവളുടെ കവിളിനെപ്പോലെയാണ് ആ റോസും.

എലീന നാലാം ക്ലാസിലാണ് പഠിക്കുന്നത്.അവൾ പഠനത്തിൽ മറ്റുള്ളവരേക്കാളും മിടുക്കിയായിരുന്നു.ഒരു ദിവസവും അവൾ സ്കൂൾ ഒഴിവാക്കിയില്ല. പക്ഷേ അന്നാകെ അസ്വസ്ഥത!തന്റെ കുഞ്ഞി കൈ കൊണ്ട് തടമെടുത്ത് കുഴിച്ച് നനച്ച് കൂടെ പരിചരിച്ച് കൊണ്ട് വന്ന ആ റോസ് കൊമ്പ്.അതിൽ പൂവിരിഞ്ഞിരിക്കുന്നു.

അവൾക്ക് അതിനോട് പിരിഞ്ഞിരിക്കാൻ കഴിയുമായിരിന്നില്ല.അമമയോട് പല കാര്യങ്ങൾ പറഞ്ഞ് എലീനമോൾ ക്ലാസ് കട്ട് ചെയ്യാൻ നോക്കി. അമ്മക്കതിൽ എന്തോ പന്തികേടുണ്ടെന്ന് തോന്നി.കാരണം അവൾ എന്ത് കാരണത്തിനും അവൾ സ്കൂൾ ലീവാക്കിയിരുന്നില്ലല്ലോ!അമ്മഅവളോട് ചോദിച്ചു;ഇന്നന്ത് ഇങ്ങനെ?എന്താ നിന്റെ പ്രശ്ണം?അവൾ പറഞ്ഞു:എന്റെ റോസ് പ്പൂ ആരെങ്കിലും പറിച്ചാലോ?അതാണോ കാര്യം മോൾ വിഷമിക്കേ

ണ്ട നീ സ്കൂളിൽ പൊയ്ക്കോ.”ഞാൻ നോക്കാം എന്ന് അമ്മ പറഞ്ഞു. അത്കേട്ട് അവൾ സ്കൂളിൽപ്പോയി.പക്ഷേ ചിന്ത മുഴുവൻ വീട്ടിലെ റോസ്പ്പൂവിലായിരുന്നു.അവൾ കൂട്ടുകാരോടെല്ലാം റോസിനെ കുറിച്ച് പറഞ്ഞു.സ്കൂൾ വിട്ട് വേഗം വീട്ടിലേക്ക് ഓടി.വേഗം റോസിന്റെ അടുത്തേക്ക് ഓടി.അതിസുന്ദരം! അതിനരികെ പരിചാരകരായി വണ്ടുകളും ശലഭങ്ങളും മറ്റും ചുറ്റും കൂടിയിരിക്കുന്നു.അവൾക്ക് സന്തോഷം തോന്നി.അവൾ അമ്മയോട് കാര്യം പറഞ്ഞു.അമ്മക്കും സന്തോഷമായി.

പാഠപുസ്തകങ്ങളല്ലാം വായിച്ച ശേഷം തന്റെ റോസ്പ്പൂ കേട് വരരുതേയെന്ന് പ്രാർത്ഥിച്ച് അവൾ ഉറക്കത്തിലേക്ക് വഴുതി വീണു.സ്വപ്നത്തിലൂടെ ദൈവം അവളെ മെല്ലെയുണർത്തി.നല്ലഭംഗിയുള്ള പൂന്തോട്ടം.അതിൽ അവൾ തുള്ളിച്ചാടിനടക്കുന്നു.നിറയെ പൂക്കളാണ് ആ പൂന്തോട്ടത്തിന്റെ അലങ്കാരം.അതിൽ ആ പൂക്കൾക്കിടയിലൂടെ അവൾ നടക്കുന്നു.എന്തോ ലക്ഷ്യം എന്നപ്പോലെ.പെട്ടെന്ന് ഒരു റോസാപ്പൂ അവളുടെ കണ്ണിൽ പെടുന്നു.അത് അവളുടെ റോസാപ്പൂവിനെ പോലെയായിരുന്നു.സ്വപ്നത്തിൽ ലയിച്ചങ്ങനെ കിടക്കുമ്പോൾ കട്ടിലിൽ നിന്ന് വീണത് അവൾ അറിഞ്ഞില്ല.

അന്നത്തെ പ്രഭാതത്തെ വരവേറ്റത് തുഷാരം തന്നെയായിരുന്നു.അവൾ ജനലിലൂടെഏന്തിനോക്കി. തോട്ടത്തിനെന്തോ ഭംഗിക്കുറവ്.അവൾ അവിടേക്ക് പ്പോയി നോക്കി. റോസിതളുകൾ അങ്ങിങ്ങനെ ചിതറി കിടക്കുന്നു.അത് അവളോട എന്തോ പറയുന്ന വിധം അവൾക്ക് തോന്നി. അവൾ ധർമ്മ സങ്കടത്തിലായി.അവൾ ദുഖത്തോടെ ചെടിക്കരികിൽ ഇരിക്കുമ്പോൾ എന്റെ പുറത്തൊരുതട്ട്.അത്അമ്മയായിരുന്നു.ഇനിയും പൂക്കൾ വിരിയും.ഒന്ന് പോയന്ന് കരുതി മോൾ വിഷമിക്കരുത്.എന്ന് പറഞ്ഞ് അമ്മ ആശ്വസിപ്പിച്ചു.അടുത്തൊരു പൂവിനായി അവളുടെ കാത്തിരിപ്പ് തുടർന്നു.അപ്പോഴും തുഷാര ബിന്ദുക്കൾ അവളെ നോക്കി പുഞ്ചിരിക്കുന്നുണ്ടായിരുന്നു.

**-ജാസിറ.പി 9N**

# മഴയെയാണെനിക്കിഷ്ടം

മഴയിലലിയുന്ന സൂര്യൻതൻ കോപം
മഴയാൽ ശമിക്കുന്ന ഭൂമിതൻ താപം
മഴയാൽ തളിർക്കുന്ന ഭൂമിതൻ വർണം
മഴയാൽ ചിരിതൂകി ഭൂമിതൻ ഉള്ളം

തുള്ളിയായ് വീഴുന്ന നാളെതൻ പുഞ്ചിരി
തുള്ളിയായ് വീഴുന്ന നൻമതൻ തുള്ളികൾ
പുതുമഴ തൂകുന്ന ഭൂമിതൻ മാറിൽ
മാനത്തു നിന്നിതാ പൊൻതുള്ളി പാരിൽ

അമ്മതൻ വേർപാട്ട പോലെ മറയുന്ന
പുഞ്ചിരി തൂകും മഴത്തുള്ളികൾ അതാ-
മഞ്ഞുപോകിടലാം വാനിൽ തിരികേ
വരുമെന്റെ മഴക്കാലം കാത്തിരിപ്പൂ സദാ...

-ഷാഹിന തെസ്നി.കെ

**9.p**

# ലോക അത്ഭുതങ്ങൾ തേടി



നാം ഏവരും സഞ്ചാരികളാണ് ,യാത്രകൾ ഇഷ്ട്ടമില്ലാത്തവർ വളരെ വിരളം ആയിരിക്കും, എനിക്ക് ഏറ്റവും ഇഷ്ടപെട്ട വിനോദം ലോകം മുഴുവൻ ചുറ്റി അടിക്കാനാണ് ,മാത്രവുമല്ല ലോകത്തെ വിത്യസ്ത രാജ്യങ്ങളെ തൊട്ടറിയുക ,ജനങ്ങളുടെ ജീവിത രീതി മനസ്സിലാകുക ,സ്വാദേറിയ ഭക്ഷണങ്ങൾ അകത്താക്കുക ഇവയൊക്കെയാണ് ,ഇത്തരത്തിൽ ഒരുപാട് യാത്രകൾ നടത്താൻ ദൈവം സഹായിച്ചിട്ടുണ്ട് , ഡൽഹിയിലും , ഹൈദരാബിദിലും പഠനം നടത്താനായതിനാൽ ഇന്ത്യയിലെ ഒട്ടു മിക്ക വിനോദ സഞ്ചാര കേന്ദ്രങ്ങളും നേരത്തെ തന്നെ കാണാൻ സാധിച്ചു ,അലിഗർ മുസ്ലിം യൂണിവേഴ്സിറ്റിയിലെ ഡിഗ്രി പഠനകാലയളവിലെ സഹപാഠികളിൽ ലോകത്തെ ഒട്ടു മിക്ക രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു ,അവരുമായുള്ള സൗഹൃദം ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കണക്കാക്കുന്നു ,ആദ്യത്തെ വിദേശ യാത്ര മറക്കാൻ കഴിയാത്ത അനുഭവമാണ് മലേഷ്യ ,സിങ്കപ്പൂർ , തായ്‌ലൻഡ് അടങ്ങുന്ന ഏഷ്യൻ രാജ്യങ്ങളിലുള്ള സുഹൃത്തുക്കളുടെ കൂടെ അവരുടെ നാട് കാണാൻ പോയത് , ശേഷം ഞാൻ എന്നും മനസ്സിൽ താലോലിച്ച ,സ്വാപ്ന തുല്യമായ യാത്രയായിരുന്നു സഞ്ചാരികൾ ജീവിതത്തിൽ നിർബന്ധമായും കണ്ടിരിക്കേണ്ട ചരിത്ര ഭൂമിയായ ജോർദാൻ ,ഇസ്രായേൽ ,ഫലസ്റ്റീൻ ,ഈജിപ്ത് യാത്ര ,ഈ യാത്ര ശരിക്കും ലോകാത്ഭുദങ്ങൾ തേടിയുള്ള ഒരു യാത്രയായിരുന്നു ,2017 സെപ്റ്റംബർ മാസം ഞങ്ങളുടെ യാത്ര സംഗം ഒമാൻ വഴി ജോർദ്ദാനിലേക് പ്രവേശിച്ചു.

### ജോർദാനിലെ ഒന്നാം ദിനം:



**ലോകത്തിലെ പുതിയ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ പെട്രയെ കുറിച്ച് അല്പം :**

ചരിത്രപരമായി പ്രാധാന്യമുള്ള പുരാതന ജോർദാനിയൻ നഗരമാണ് പെട്ര (ഇംഗ്ലീഷ്: petra). ബി.സി ആറാം നൂറ്റാണ്ടിൽ നിർമ്മിച്ച ജൊർദാന്റെ ചിഹ്നമായ പെട്ര ഒരു പ്രശസ്ത വിനോദസഞ്ചാരകേന്ദ്രം കൂടിയാണ്. ലോകത്തിലെ പുതിയ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ പെട്ര ലോക പൈതൃകപ്പട്ടികയിൽ ഇടം നേടിയിട്ടുണ്ട്. ജോർദാനിലെ വാദി അറബ മണലാരണ്യത്തിൽ കാലമാപിനികൾക്കു മുൻപിലായാണ് നഗരത്തിന്റെ സ്ഥാനം. ചരിത്രാതീത കാലത്ത് നബാത്തിയൻമാർ കല്ലിൽ കൊത്തിയെടുത്തതാണ് ഈ നഗരം. മൺമറഞ്ഞുപോയ അറേബ്യൻ ഗ്രീക്ക് വാസ്തുകലയുടെ തെളിവായാണ് പെട്ര നഗരം നിലനിൽക്കുന്നത്. കല്ല് എന്നാണ് പെട്ര എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം. ചരിത്രാതീത കാലത്ത് അറേബ്യ, ഈജിപ്ത്, സിറിയ ദേശങ്ങളിലേക്കുള്ള സിൽക്ക് റൂട്ട് എന്ന വാണിജ്യ ഇടനാഴിയിലെ പ്രധാനപട്ടണമായിരുന്നു പെട്ര.

ആരാധനാലയങ്ങളും ശവകുടീരങ്ങളുമാണ് പെട്രയിലെ പ്രധാന അവശേഷിപ്പുകൾ. എണ്ണൂറിലധികം ശവകുടീരങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നു. ഏൺ, കൊറിന്ത്യൻ, സിൽക് എന്നിങ്ങനെ അറിയപ്പെടുന്ന മൂന്നു മുഖപ്പുള്ള ഒറ്റക്കല്ലിൽ കൊത്തിയെടുത്ത രാജകീയ ശവകുടീരങ്ങൾ നഗരത്തിലായി കാണപ്പെടുന്നു.

രാജാവിന്റെമതിൽ എന്നാണ് ഇതറിയപ്പെടുന്നത്. ഇതിനു ചുറ്റുപാടുമായി കൽഭിത്തിയിലെല്ലാം ചെറിയ പൊത്തുപോലെ സാധാരണക്കാരുടെ ശവകുടീരങ്ങൾ സ്ഥിതി ചെയ്യുന്നു.

## ചാവുകടൽ. (Dead Sea)




ഇസ്രായേലിനും ജോർദാനും ഇടയിൽ കരകളാൽ ചുറ്റപ്പെട്ട ഉപ്പുജല തടാകമാണ് ചാവുകടൽ. (Dead Sea)( "Sea of Salt"അൽ ബഹ്റുൽ മയ്യിത്. ഭൂമിയിലെ ഏറ്റവും താഴ്ന്ന ജലാശയമാണ് ഇത്. സമുദ്രനിരപ്പിൽ നിന്ന് 422.83 മീറ്റർ താഴെയാണ് ഇതിലെ ഇപ്പോഴത്തെ ജലനിരപ്പ്. ആണ്ടു പോവില്ല എന്നതാണ് ഈ തടാകത്തിന്റെ ഒരു പ്രത്യേകത. ഇതിന് സമുദ്രത്തേക്കാൾ 8.6 മടങ്ങ് ലവണാംശം കൂടുതലാണ്. വിദഗ്ദരുടെ അഭിപ്രായമനുസരിച്ച് ഇതിന് മെഡിറ്ററേനിയൻ കടലിനേക്കാൾ പത്ത് മടങ്ങ് ലവണാംശമുണ്ട്. ഉയർന്ന അളവിലുള്ള ലവണാംശം കാരണമായി തന്നെ ഈ പ്രദേശം ജന്തുവളർച്ചയെ പോഷിപ്പിക്കുന്നില്ല. ചാവ് കടൽ തീർച്ചയായും ഒരു അത്ഭുതമാണ് കണ്ട മാത്രയിൽ ഞങ്ങളെല്ലാവരും വെള്ളത്തിലേക്ക് എടുത്തു ചാടി ,അസഹ്യമായ നീറ്റലായിരുന്നു ഫലം , ബലൂൺ കണക്കെ വെള്ളത്തിന് മുകളിൽ പൊങ്ങി കിടക്കാൻ നല്ല രസമായിരുന്നു എങ്കിലും നീറ്റൽ കാരണം അധിക നേരം വെള്ളത്തിൽ കിടക്കാൻ സാധിച്ചില്ല , ശരീരത്തിൽ മുറിവ് ഉള്ളവർ വെള്ളത്തിൽ ഇറങ്ങുന്നത് അഭികാമ്യമല്ല എന്ന് നേരത്തെ ബസ് ഡ്രൈവർ അറിയിച്ചിരുന്നെങ്കിലും അത് കാര്യമാകാത്തതിന്റെ ശിക്ഷ നേരിട്ട് അനുഭവിച്ചു , ഹോട്ടലിൽ എത്തുന്നതുവരെ ഈ നീറ്റൽ വിടാതെ പിന്തുടർന്ന്.

## അക്വാബ



ജോർദാനിലെ ഏക തുറമുഖപട്ടണം. റോമൻ ഭരണകാലത്ത് അയ്ലാനാ എന്ന പേരിൽ ഇവിടം അറിയപ്പെട്ടിരുന്നു; അക്കാബത്ത് അയ്ല എന്ന പേർ ലോപിച്ചതാണ് അക്വബാ. ചെങ്കടലിന്റെ വടക്കു കിഴക്കു ഭാഗത്തുള്ള അക്വബാ ഉൾക്കടലിന്റെ തീരത്താണ് ചരിത്രപ്രസിദ്ധമായ ഈ പട്ടണം സ്ഥിതിചെയ്യുന്നത്. മനോഹരമായ ഈന്തപ്പനത്തോട്ടങ്ങളും ശുദ്ധജല തടാകങ്ങളും നിറഞ്ഞ ഈ നഗരം റോമാക്കാർ ഒരു സൈനിക തുറമുഖമായി ഉപയോഗിച്ചിരുന്നു. അവർ നിർമിച്ച കോട്ടയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും ഇവിടെ കാണാം. ബൈബിളിൽ പരാമർശിക്കുന്ന ഏലാത്ത് (ഏലോത്ത്) ഇവിടമായിരുന്നുവെന്നും സോളമന്റെ കപ്പൽസംഘം ഇവിടെനിന്നാണ് ഒഫീറിലേക്കു പുറപ്പെട്ടതെന്നും കരുതപ്പെടുന്നു.

ജോർദാനിലെ പ്രദാന കേന്ദ്രങ്ങൾ സന്ദർശിച്ചതിനു ശേഷം റോഡ് മാർഗം ഞങ്ങൾ ഇസ്രായേലിലേക്ക് പ്രവേശിച്ചു ,ജോർദാനിൽ നിന്നും ഏകദേശം രണ്ടു മൂന്ന് മണിക്കൂർ യാത്രക് ശേഷം ഇസ്രായേൽ ജോർദാൻ അതിർത്തിയായ ഏലിയാത് എത്തിച്ചേർന്നു നയന മനോഹരമായ റെഡ് സീ ആണ് എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് , പേരിൽ റെഡ് സീ (ചുവന്ന കടൽ ) ആണെങ്കിലും നീല നിറമുള്ള ,വൃത്തിയുള്ള വെള്ളമാണ് കാണാൻ സാധിച്ചത് , ഇത്രയും വൃത്തിയുള്ള നീല നിറമുള്ള കടൽ ജീവിതത്തിൽ ആദ്യമായി കണ്ടതിന്റെ അത്ഭുതം കൂട്ടുകാരുടെ മുഖത്തും കാണാമായിരുന്നു , ഈ പ്രദേശത്തിന്റെ മറ്റൊരു പ്രതേകത ജോർദ്ദാൻ ,സൗദി അറേബ്യ ,ഇസ്രായേൽ ,ഈജിപ്ത് ഈ രാജ്യങ്ങൾ എല്ലാ അതിർത്തി പന്ജ്ടുന്നു എന്നതാണ് . ലോകത്തിലെ ഏറ്റവും നല്ല കടൽ ടൂറിസം നടക്കുന്ന ഒരു പ്രദേശം കൂടി ആണിത് .

ഇസ്രേൽ അതിർത്തി കടക്കാൻ ഒത്തിരി പ്രയാസം നേരിടേണ്ടി വന്നെങ്കിലും ഒരു ടൂറിസ്റ്റിനു ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്ത സ്വഭാവമാണ് അക്ഷമ, ഇസ്രേൽ സെക്യൂരിറ്റി ഉദ്യോഗസ്ഥ ആഗമന ഉദേശത്തെ കുറിച്ച ഏകദേശം 4 മണിക്കൂർ ചോദ്യം ചെയ്തു , അവസാനം ഉദ്ദേശ ശുദ്ധി മനസ്സിലാക്കി വിസ അനുവദിച്ചു തന്നു , ഞങ്ങളുടെ കൂട്ടത്തിൽ അവസാനം വിസ ലഭിച്ചത് എനിക്കായിരുന്നു ,കൂട്ടുകാർ വാഹനത്തിൽ എന്നെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു , എന്നെ അവർ സന്തോഷത്താൽ പട്ടു പാടി സ്വീകരിച്ചു , വിശപ്പ് കാരണം ആർക്കും

വലിയ ആവേശം ഉണ്ടായിരുന്നില്ല , വളരെ പെട്ടെന്നു തന്നെ ഞങ്ങളുടെ ഗൈഡ് ഒരു ഹോട്ടലിൽ വാഹനം നിറുത്തി , ഒലിവു മരങ്ങൾ യഥേഷ്ടം കാണാമായിരുന്നു , ഭക്ഷണത്തിലും ഒലിവു മയം , ഒലിവു ഓയിൽ , ഒലിവു സാലഡ് , ഒലിവു ചേർത്ത് ഉണ്ടാക്കിയ വിത്യസ്ത ഇനങ്ങൾ , മലയാളികൾക് ഒരിക്കലും ഇഷ്ടപ്പെടാൻ സാദ്യത ഇല്ലാത്ത മെനു, ഭക്ഷണ ശേഷം ഞങ്ങൾ നേരെ പോയത് ജെറീക്കോ എന്ന അതി പുരാതനമായ ഒരു പട്ടണത്തിലേക്കാണ് , മനുഷ്യ വംശത്തിനെ നൂറ്റാണ്ടുകൾ  പഴക്കമുള്ള പാരമ്പര്യം പേറുന്ന ഈ നഗരം ഏവരെയും ആകർഷിക്കുന്നതാണ് , ലോകത്തിലെ ഒന്നാം തരം ഈത്തപ്പഴം ലഭിക്കുന്ന ഒരു പ്രദേശമാണ് ഇത് , ഇവിടെ നോക്കാത്ത ദൂരത്തു പറന്നു കിടക്കുന്ന ഈത്തപ്പന തോട്ടം ഞങ്ങക്ക് കാണാൻ സാധിച്ചു , ആപ്പിൾ ,മുന്തിരി ,അടക്കമുള്ള മറ്റു പല പഴങ്ങളും ഇവിടെ കൃഷി ചെയ്യുന്നുണ്ട്. വീട്ടിലേക്ക് ആവിശ്യമായ വിത്യസ്ത തരത്തിലുള്ള ഈത്തപ്പഴവും മറ്റും വാങ്ങി ജെറീക്കോ പിന്നിട്ടു



**ജെറുസലേം**

**മദ്ധ്യപൂർവദേശത്തെ പുരാതനനഗരമാണ് ജെറുസലേം,മോറിയ കുന്നുകളാണ് ജറുസലേമിന്റെ സ്ഥാനം നഗരം ചുറ്റിയുള്ള കോട്ടകൾ തുർക്കി രാജാവായ സുലൈമാൻ 1536-1539-ൽ പണിത വയാണ്.ജറുസലേമിലെ പഴയ നഗരം വിലാപ മതിൽ അഥവാ കരയുന്ന മതിൽ ജൂതൻമാരുടെ രണ്ടാം ക്ഷേത്രത്തിന്റെ അവശിഷ്ടമെന്ന് കരുതപ്പെടുന്നു. യേശുവിന്റെ ജീവിതത്തിലെ പല ആദ്യകാല സംഭവങ്ങളും നടന്നത് ജറുസലേമിലാണ്. ജറുസലേമിനെ ലോകത്തിലെ ഏറ്റവും പുരാതനമായ നഗരങ്ങളിലൊന്നാക്കുന്നു. ക്രിസ്തുവിന് മുൻപ് 10-ആം നൂറ്റാണ്ടിൽ ദാവീദ് രാജാവിന്റെ കാലം മുതൽ ഇസ്രായേൽ ജനതയുടെ ഏറ്റവും വിശുദ്ധമായ നഗരവും ആത്മീയ കേന്ദ്രവുമായിരുന്നു ജെറുസലേമെന്ന് യഹൂദജനത കരുതുന്നു. ക്രിസ്തീയ മതത്തിൽ പ്രാധാന്യമർഹിക്കുന്ന പല സ്ഥലങ്ങളും നഗരത്തിലുണ്ട്. ഇസ്ലാമിലെ ഏറ്റവും വിശുദ്ധമായ മൂന്നാമത്തെ നഗരമായി പരക്കെ കണക്കാക്കപ്പെടുന്നു. 1860 വരെ നഗരത്തെ മുഴുവൻ ചുറ്റിയിരുന്ന മതിലിനകത്ത് സ്ഥിതിചെയ്യുന്ന നഗരഭാഗം ഇന്ന് പുരാതന നഗരം എന്നാണ് അറിയപ്പെടുന്നത്. വെറും 0.9 ചതുരശ്രകിലോമീറ്റർ മാത്രമേ വിസ്തീർണമുള്ളുവെങ്കിലും മതപരമായ പ്രാധാന്യമുള്ള പല സ്ഥലങ്ങളും പുരാതന നഗരത്തിലാണ്. 1982 ൽ യുനെസ്കോ പുരാതന നഗരത്തെ അപകട ഭീഷണിയുള്ള ലോക പൈതൃക കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി. പുരാതന നഗരം പരമ്പരാഗതമായി നാല് ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. എന്നാൽ അവയുടെ അർമീനിയൻ, ക്രിസ്ത്യൻ, യഹൂദ, മുസ്ലീം പേരുകൾ 19-ആം നൂറ്റാണ്ടോടെയാണ് നിലവിൽ വന്നത്.**

**എന്റെ നിരീക്ഷണത്തിൽ ജെറുസലം ലോകത്തിനു നൽകുന്ന നല്ല പാഠം മുസ്ലിം ,ക്രിസ്ത്യൻ , ജൂത മതങ്ങളുടെ സംഗമ ഭൂമിയാണിവിടം ,നാനാ മതസ്ഥരും തോളോട് തോളുരുമ്മി നടന്നു നീങ്ങുന്ന മനോഹരമായ കാഴ്ച ഇവിടെ മാത്രമേ**

ദർശിക്കാൻ കഴിയൂ ,ഇരു വശങ്ങളിലും തെരുവ് കച്ചവടക്കാരാൽ നിറഞ്ഞ സുന്ദരമായ ഇടം , പ്രാദേശികമായ രുചികൾ എന്നെ സന്തോഷിപ്പിച്ചു , തെഹ്നി , ഫലാ ഫൽ , ഹംമൂസ്സ് ,ഇവയുടെ ടേസ്റ്റ് ഇപ്പോഴും നാവിൽ നിലകൊള്ളുന്നു .

## മസ്ജിദുൽ അഖ്സ

എന്റെ ഈ യാത്രയിലെ പ്രദാന ലക്ഷ്യ സ്ഥാനത്തേക്ക് നടന്നു നീങ്ങുമ്പോൾ വികാരാതീതനായി ,മുസ്ലിം സമൂഹത്തിന്റെ ആദ്യത്തെ ഖിബ്‌ല ,ഫലസ്തീനിലെ ജെറുസലേം നഗരത്തിൽ സ്ഥിതിചെയ്യുന്ന പ്രശസ്തമായ മുസ്ലിം പള്ളിയാണ് മസ്ജിദുൽ അഖ്സ,മുസ്ലിംകൾക്ക് ഏറ്റവും പ്രധാനപ്പെട്ട മൂന്നാമത്തെ പള്ളിയാണിത്. പ്രധാനപ്പെട്ട മറ്റു രണ്ടു പള്ളികൾ മക്കയിലെ മസ്ജിദുൽ ഹറം, മദീനയിലെ മസ്ജിദുൽ നബവി എന്നിവയാണ്. ഈ പള്ളി സ്ഥിതി ചെയ്യുന്നത്



പുരാതന ജറുസലമിലെ ടെമ്പിൾ മൗണ്ടണിലാണ്. ഖലീഫ ഉമറിന്റെ പേരിലുള്ള ഡോം ഓഫ് ദ റോക്കും ഇവിടെ ത്തന്നെയാണ് സ്ഥിതി ചെയ്യുന്നത്.ഈ പ്രദേശം ജൂതന്മാരുടെ ഏറ്റവും വലിയ പുണ്യ സ്ഥലമാണ്. ദൈവം ഈ സ്ഥലത്തെ മണ്ണ് കൊണ്ടാണ് ആദമിനെ സൃഷ്ടിച്ചെന്നാണ് ജൂതന്മാരുടെ വിശ്വസം. ഉടമസ്ഥാവകാശത്തെച്ചൊല്ലി ഈ രണ്ട് മതവിഭാഗങ്ങൾക്കിടയിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

## ബെത്‌ലഹേം

പലസ്തീനിലെ ഒരു നഗരമാണ് ബെത്‌ലഹേം,യേശു ക്രിസ്തുവിന്റെ ജന്മഗേഹം ബെത്‌ലഹേമാണെന്ന് വിശ്വസിക്കപ്പെടുന്നു. ഐക്യരാഷ്ട്ര സഭയുടെ സാംസ്കാരിക വിഭാഗമായ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ 2012 ജൂണിൽ ഉൾപ്പെടുത്തി. ജറൂസലേമിന് എട്ട് കിലോമീറ്റർ തെക്കായി സെൻട്രൽ വെസ്റ്റ് ബാങ്കിലാണ് ബെത്‌ലഹേം സ്ഥിതിചെയ്യുന്നത്. ജറുസലേമിലെ പ്രശസ്തമായ ചർച് ഓഫ് ഹോളി ,വെസ്റ്റേൺ വാൾ , മൌണ്ട് ഓഫ് ഓലിവ്സ്,എന്നിവ സന്ദർശിച്ചു വളരെ റൂമിലേക്കു മടങ്ങി , വളരെ കൂടുതൽ സ്ഥലങ്ങൾ സന്ദർശിച്ച ക്ഷീണ ഭാരത്താൽ വേഗം ഉറങ്ങി .

## ജറുസലേമിലെ പെൺകുട്ടി ,



പ്രഭാത പ്രാര്ഥനക് മസ്ജിദുൽ അഖ്സയിൽ പങ്കെടുക്കണം എന്ന അതീവ ആഗ്രഹത്താൽ വളരെ നേരത്തെ എണീറ്റ് മസ്ജിദുൽ അഖ്സയിലേക് നടന്നു , ജീവിതത്തിലെ ഒരു സ്വപ്ന പൂർത്തീകരണമായിരുന്നു ഇത് , ശേഷം ഒറ്റക്കായിരുന്നു റൂമിലേക്ക് മടങ്ങിയത് ഗൂഗിൾ മാപ്പിന്റെ സഹായത്താൽ മുന്നോട്ട് പോവുന്നതിനിടയിൽ മൊബൈൽ ബാറ്ററി തീർന്നു ഓഫായി , മൗണ്ട് ഓഫ് ഓലിവ്സ് എന്ന സ്ഥലത്തു ഏതാണ്ട് ഒറ്റപ്പെട്ട അവസ്ഥ ,ചുറ്റും അപരിചിതരായ മുഖങ്ങൾ മാത്രം ,ചിലരോട് എനിക്ക് പോവേണ്ട സ്ഥലം പറഞ്ഞു അവർക്കു പ്രാദേശിക ഭാഷ മാത്രമേ വശമുള്ളൂ , പെട്ട് പോയി എന്ന് മനസ്സിലായപ്പോൾ മൊബൈൽ ഓൺ ചെയ്യാൻ വല്ല വഴിയും ഉണ്ടോ എന്ന ശ്രമമായി , ചുറ്റും കണ്ണോടിച്ചു ഒരാൾ പോലും ഒന്ന് പുഞ്ചിരിക്കുന്നു പോലുമില്ല ,

അപ്പോഴാണ് കോളേജിലേക്ക് പോവാൻ ബസ് കത്ത് നിൽക്കുന്ന മൂന്നു സുന്ദരികളെ കണ്ടത് , കണ്ടമാത്രയിൽ ഉറപ്പിച്ച വിദ്യ സമ്പന്നരാണ് ഇംഗ്ലീഷ് അറിയുമായിരിക്കും , ഒന്നും ആലോചിച്ചല്ല നേരെ ചെന്ന് കാര്യം പറഞ്ഞു , കൂട്ടത്തിൽ ഒരു സുന്ദരി നന്നായി ഇംഗ്ലീഷ് സംസാരിക്കുന്നു , മാത്രമല്ല ഇന്ത്യയിൽ നിന്നാണെന്നു അറിഞ്ഞപ്പോൾ സ്നേഹത്തോടെ സ്വീകരിച്ചു , സ്വന്തം വീട് തൊട്ടു മുൻപിൽ ആണെന്നും സഹായിക്കാമെന്ന് പറഞ്ഞു വീട്ടിലേക്കു കൂട്ടി , ഞാൻ പറയും ഇത്രയും ആദിത്യ മര്യാദയുള്ള ഒരു സമൂഹം ഈ ഭൂഗോളത്തിൽ ഇല്ല , വീടിന്റെ കതക് തുറന്ന ഉടനെ വീട്ടുകാർ കടന്നു വന്നു പരിചയപെടലിനു ശേഷം ആദ്യം ചോദിച്ചത് ഭക്ഷണം  കഴിച്ചോ എന്നാണ് ,ഇടുങ്ങിയ വീടായിരുന്നെങ്കിലും അവരുടെ മനസ്സിലെ വിശാലത എന്റെ കണ്ണിൽ ഈറനയിച്ചു , തദ്ദേശീയമായ വിഭവങ്ങൾ നൽകി ,ഹമ്മൂസ് ,ടെഹ്നി , ഫലാഫൽ , പെൺകുട്ടി ഓരോന്നും എങ്ങനെ കഴിക്കണമെന്നു പറഞ്ഞു തന്നു , ശേഷം ദ്യതി ഇല്ലെങ്കിൽ രണ്ടു മൂന്ന് സ്ഥലങ്ങൾ കാണിക്കാമെന്നു അവൾ പറഞ്ഞു , പെൺകുട്ടി അവൾ പഠിക്കുന്ന കോളേജിലേക്ക് എന്നെ കൂട്ടി കൊണ്ട് പോയി സുഹൃത്തുക്കൾക്കു പരിചയപ്പെടുത്തി , എന്തോ ഒരു മുൻജന്മ ബന്ധം ഞങ്ങൾ തമ്മിൽ ഉണ്ടോ എന്ന് പോലും ഞാൻ സംശയിച്ച നിമിഷങ്ങൾ , അവൾ അവരുടെ നാട്ടിലെ പ്രയാസങ്ങൾ ഒന്നൊന്നായി എന്നോട് പറഞ്ഞു , ഫലസ്റ്റീനികളുടെ പ്രശ്നങ്ങളെ കുറിച്ച് മുൻപ് അറിയാവുന്നതിനാൽ എനിക്ക് മുഷിപ്പ് തോന്നിയില്ല , അവരുടെ കാഴ്ചപ്പാടിൽ ലോകത്തു ഏറ്റവും സന്തോഷത്തെടെയും ,സമാധാനത്തോടെയും ജനങ്ങൾ ജീവിക്കുന്ന രാജ്യങ്ങളിൽ ഒന്ന് നമ്മുടെ ഭാരതം ആണ് , ഇന്ത്യയെ കുറിച്ച് വാ തോരാതെ സംസാരിക്കുന്നു , അഭിമാനം തോന്നി എന്റെ രാജ്യത്തെ കുറിച്ച് , വിട പറയാൻ സമയം എനിക്ക് ഒരു കാര്യം മാത്രമേ അവളോട് ചോദിയ്ക്കാൻ ഉണ്ടായിരുന്നു , എന്റെ കൂടെ ഇന്ത്യയിലെ പോരുന്നോ എന്ന് , തിളങ്ങുന്ന അവളുടെ കണ്ണുകൾ വിടരുന്നത് ഞാൻ കണ്ടു , പക്ഷെ മറുപടി ഇതായിരുന്നു ഞങ്ങള്ക് ഇങ്ങനെ ഉള്ള സ്വപ്നം കാണാൻ പോലും അവകാശമില്ല ! ജെറുസലേമിന്റെ പവിത്രമായ മണ്ണിൽ എന്റെ കണ്ണ് നീര് വീണ നിമിഷം , ഇന്നും അവൾ ജീവിക്കുന്നുണ്ടാകും , സ്വപ്നം കാണാൻ പോലും ആവാതെ !



## ഈജിപ്റ്റിലേക്ക് ,പിരമിഡുകളുടെ നാട്ടിലേക്ക്

ഇനിയുള്ള ദിനങ്ങൾ ഈജിപ്തിലാണ് ,പിരമിഡിന്റെ നാട്ടിലേക്ക് ,ഒമാൻ ,ജോർദാൻ , ഇസ്രേൽ ,പാലസ്റ്റീൻ , സഞ്ചരിച്ചു ഈജിപ്തിലേക് ,ഇത്രയും ദിനങ്ങൾ തുടർച്ചയായി ഒരു വലിയ  യാത്ര നടത്തിയിട്ടും തെല്ലും ക്ഷീണം തോന്നിയില്ല ,കാരണം ഞങ്ങളുടെ യാത്രയുടെ സിംഹ ഭാഗവും ചിലവഴിക്കാനുള്ളത് ഈജിപ്തിലാണ് , ഇസ്രായേലിൽ

നിന്നും രാവിലെ എട്ടു മണിക്ക് തുടങ്ങിയ റോഡ് മാർഗമുള്ള യാത്ര പന്ത്രണ്ടു മണിയായിട്ടും ഈജിപ്ത് ബോര്ഡറില് എത്തിയിട്ടില്ല ചാവുകടലിന്റെ തീരത്തിലൂടെ ഈത്തപ്പന തോട്ടങ്ങളും ,മണൽ തിട്ടകളും മലകളും പിന്നിട്ടു ബസ് മുന്നോട്ട് കുതിച്ചു ,ഏതാണ്ട് രണ്ടു മണിയോടെ താബ എന്ന് പേരുള്ള ഈജിപ്ത് ബോര്ഡറില് എത്തി ,താബ ബോർഡറിലെ വിസ അനുബന്ധ കാര്യങ്ങൾ വളരെ പെട്ടെന്ന് തീർന്നു , ഇനി ഞങ്ങൾ ഈജിപ്തിലൂടെ ആണ് സഞ്ചരിക്കുന്നത് , ഒറ്റ നോട്ടത്തിൽ തന്നെ ഞങ്ങളുടെ ഈജിപ്ഷ്യൻ ഗൈഡ് രസികൻ ആണെന്ന് മനസിലായി ,എന്റെ ഊഹം ശരിയാരുന്നു , അദ്ദേഹം ആദ്യം പറഞ്ഞ വാക്ക് ഇതായിരുന്നു ,ഇന്ന് നമുക്ക് യാത്ര ഇല്ല ചെങ്കടലിൽ  കടലിൽ പോയി മീൻ പിടിക്കാം ,ദീർഘ യാത്ര കഴിഞ്ഞു ക്ഷീണിതനായ ഞങ്ങളെ അദ്ദേഹം ലോക പ്രശസ്തമായ താബ റിസോട്ടിലേക് കൂട്ടികൊണ്ട് പോയി , ഈ റിസോട്ടിൽ സഞ്ചാരികൾക്കു വേണ്ട ഒരുപാട് എന്റർടൈൻമെന്റ് ഒരുക്കിയിരുന്നു ,ഇവിടത്തെ ഏറ്റവും വലിയ പ്രത്തകത ചെങ്കടലിൽ   ഇറങ്ങാനും ,കുളിക്കാനും ,ഉള്ള സൗകര്യമാണ് ,എല്ലാവരും ആവേശത്തോടെ കണ്ണാടി പോലെ തിളങ്ങുന്ന നീല നിറത്തിലുള്ള കടലിലിന്റെ അടിവരെ കാണുന്ന ശുദ്ധമായ വെള്ളത്തിൽ ഇറങ്ങി ,കഠിനമായ ഉപ്പില്ല , വെള്ളത്തിൽ നിന്നും പൊങ്ങിയാൽ നല്ല തണുത്ത കാറ്റേറ്റ് തണുത്തു വിറക്കും ,ചെങ്കടലിൽ കുളിച്ചു കയറുബോൾ സമയം അതിക്രമിച്ചിരുന്നു , രാത്രി പ്രാദേശികമായ കലകളും , ഡാന്സുകളും , ഞങ്ങൾക്ക് വേണ്ടി അവതരിപ്പിച്ചു ,ഈജിപ്ഷ്യൻ ഭക്ഷണ രീതി വല്ലാതെ ആകര്ഷിച്ചു , പഴങ്ങളും , ഇലകളും , അടങ്ങിയ സമൃദമായ രാത്രി ഭക്ഷണം .കടലിന്റെ തീരം ഞങ്ങള്ക് നല്ല ഉറക്കം സമ്മാനിച്ചു.

അതി രാവിലെ യാത്ര ആരംഭിച്ചു ,ലക്ഷ്യം പിരമിഡുകളുടെ സമുച്ചയം ഉൾകൊള്ളുന്ന ഗിസ പട്ടണം ലക്ഷ്യമാക്കി ആയിരുന്നു , ദൂരെ നിന്നും പിരമിഡുകൾ കാണാൻ സാധിച്ചു , എല്ലാവര്ക്കും വേണ്ടി ഗൈഡ് ടിക്കറ്റ് വാങ്ങി ,50 ഈജിപ്റ്ഷ്യൻ പൗണ്ട് ആയിരുന്നു പിരമിഡ് സമുച്ചയത്തിലേക്കു  പ്രവേശിക്കാനുള്ള ചാർജ് , പിരമിഡ് ഉൾവശം കാണാൻ ഏതാണ്ട് ഇന്ത്യൻ റുപീസ് 2000 നൽകണം , കൂട്ടത്തിൽ ഞാനും മറ്റൊരു സുഹൃത്തും ഉൾ വശം കാണാൻ തന്നെ തീരുമാനിച്ചു മറ്റുള്ളവർ നിരുത്സാഹ പെടുത്തി എങ്കിലും പിന് മാറാൻ നിന്നില്ല , പിരമിടിനുളിലെ ചെങ്കുത്തായ ഇടുങ്ങിയ വഴിയേ കുറിച്ചും, ഓക്സിജൻ കുറവിനെ



കുറിച്ചും ഗൈഡ് പറഞ്ഞത് അല്പം ഭയം ഉളവാക്കിയെങ്കിലും മുന്നോട്ട് വെച്ച കാൽ പിന്നോട്ട് വെക്കുക എന്നത് എന്റെ നിഘണ്ടുവിൽ ഇല്ലാത്തതിനാൽ പിരമിഡിനുള്ളിലേക് നടന്നു കയറി , കവാടത്തിനു പുറത്തു പ്രതേകം എഴുതി വെച്ചിരുന്നു ,രോഗികൾ ,ശ്വാസ അനുബന്ധ അസുഖമുള്ളവർ ... ഇത്തരത്തിലുള്ള ആളുകളെ സെക്യൂരിറ്റി കടത്തി വിടുന്നില്ല , ഞങ്ങൾ ധൈര്യ സമേതം മുന്നേറി , ഒരാൾക്ക് കഷ്ടിച്ച് കയറാൻ പറ്റുന്ന ഇടുങ്ങിയ കുത്തനെ ഉള്ള കല്ലുകൾക് ഇടയിലൂടെ ഉള്ള വഴി , വിശ്രമിക്കാനുള്ള ഇടത്താവളം , ഓക്സിജൻ സംവിദാനങ്ങൾ, പിന്നിട്ടു മമ്മിയെ കിടത്തുന്ന അറക്കുള്ളിൽ എത്തി ചേർന്ന് ,സന്തോഷം പറഞ്ഞറിയ്ക്കാൻ പറ്റാത്തത് , ഭൂമി കീഴടക്കിയ അനുഭൂതി , തിരിച്ചു പുറത്തേക്കുള്ള ഇറക്കം വളരെ ദുഷ്കരമായിരുന്നു ,എങ്കിലും പിരമിഡ് കീഴടക്കാൻ സാധിച്ച ചാരിതാർത്ഥത്തോടെ പുറത്തേക് , പുറത്തു സഞ്ചാരികളെ പറ്റിച്ചു ഉപ ജീവന മാര്ഗം നടത്തുന്ന സ്വദേശികളെ കാണാൻ സാധിച്ചു ,

### അല്പം ചരിത്രം

യേശുവിന് 2750 വർഷങ്ങൽക്കു മുമ്പ് ഖുഫു എന്ന ഫറോവ സ്വന്തം ശവകുടീരം കാത്ത് സൂക്ഷിക്കുന്നതിനു വേണ്ടി

പണികഴിപ്പിച്ച ഈ പിരമിഡ് ഭൂമിയിൽ ഏറ്റവും പഴക്കമുള്ളതും ഏറ്റവും ഉയരംകൂടിയതുമായ മനുഷ്യ നിർമ്മിത വാസ്തുശില്പമായി ഇന്നും നിലകൊള്ളുന്നു. ഇപ്പോഴും ഭീമാകാരന്മാരുടെ കാരണവരായി ഇത് തലയുയർത്തിപ്പിടിച്ച നിൽക്കുന്നു. പ്രാചീന സപ്താത്ഭുതങ്ങളിൽ അവശേഷിക്കുന്ന ഒന്നേയൊന്ന്. ചതുരാകൃതിയിൽ ചെത്തിയെടുത്ത വലിയ ചുണ്ണാമ്പുകല്ലുകളും, കരിങ്കല്ലുകളുമാണ് ഈ പിരമിഡിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. 80 ടണ്ണോളം ഭാരമുള്ള കരിങ്കല്ലുകൾ വരെ ഈ കൂട്ടത്തിലുണ്ട്. ഈ കരിങ്കല്ലുകൾ ഈജിപ്തിലെ തന്നെ കൈറോയിൽ നിന്നും 800 കി.മി അകലെയുള്ള അസ്വവാനിൽ നിന്നാണത്രെ കൊണ്ടു വന്നിട്ടുള്ളത്. ഇത്ര അകലെനിന്ന് ഇത്രയും വലിയ പാറകൾ കൊണ്ടു വരാൻ ചങ്ങാടങ്ങളും നൈലിന്റെ ഒഴുക്കും തന്നെയായിരിന്നിരിക്കണം സഹായിച്ചത്.

## ഈജിപ്ഷ്യൻ മ്യൂസിയം



ഈജിപ്റ്റിന്റെ തലസ്ഥാനമായ കൈറോയിൽ സ്ഥിതിചെയ്യുന്ന ഒരു ലോക പ്രശസ്ത മ്യൂസിയമാണ് ഈജിപ്ഷ്യൻ മ്യൂസിയം അഥവാ കൈറോ മ്യൂസിയം. പുരാതന ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ അമൂല്യലായ നിരവധി പുരാവസ്തുക്കൾ ഈ സംഗ്രഹാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു. അപൂർവമായ മമ്മിയുടെ ശേഖരം , ആഭരങ്ങൾ , ആയുധങ്ങൾ , വസ്തുങ്ങളുടെ അവശിഷ്ടങ്ങൾ , വളർത്തു മൃഗങ്ങളുടെ അസ്ഥികൂടങ്ങൾ , അപൂർവമായ ഈ ശേഖരങ്ങൾക്കിടയിൽ ഫിർഔന്റെ മമ്മി കാണാൻ സാധിച്ചത് ഞങ്ങളിൽ ഒരേ സമയം വിസ്മയവും , ഭയവും ഉണ്ടായി , ഈജിപ്തിൽ നിർബന്ധമായും സന്ദർശിക്കേണ്ട ഒരിടമാണ് ചരിത്ര മ്യൂസിയം.

## അലക്സാണ്ട്രിയ

ഈജിപ്തിലെ ഏറ്റവും വലിയ രണ്ടാമത്തെ നഗരമാണ് അലക്സാണ്ട്രിയ.

41 ലക്ഷമാണ് ഇവിടുത്തെ ജനസംഖ്യ. രാജ്യത്തെ ഏറ്റവും വലിയ തുറമുഖം കൂടിയായ അലക്സാണ്ട്രിയയിലൂടെയാണ് ഈജിപ്തിലെ 80%-ഓളം കയറ്റുമതിയും ഇറക്കുമതിയും നടക്കുന്നത്. ഇത് ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രം കൂടെയാണ്. ഉത്തര-മദ്ധ്യ ഈജിപ്തിൽ മെഡിറ്ററേനിയൻ കടൽത്തീരത്തിന്റെ 32 കിലോമീറ്ററിലായി ഈ നഗരം വ്യാപിച്ച് കിടക്കുന്നു. പ്രകൃതി വാതക നിക്ഷേപവും സൂയസിൽ നിന്നുള്ള എണ്ണ പൈപ്പുകളും അലക്സാണ്ട്രിയയെ ഒരു പ്രധാന വ്യവസായ കേന്ദ്രമാക്കുന്നു. മെഡിറ്ററേനിയൻ കടലിനും ചെങ്കടലിനും ഇടയിലായുള്ള സ്ഥാനം മൂലം മുൻ കാലങ്ങളിൽ യൂറോപ്പും ഏഷ്യയും തമ്മിലുള്ള വ്യാപാരങ്ങളുടേ ഒരു കേന്ദ്രമായും അലക്സാണ്ട്രിയ പ്രവർത്തിച്ചിരുന്നു.

പുരാതന കാലത്ത് അലക്സാണ്ട്രിയ ലോകത്തിലെ ഏറ്റവും പ്രശസ്തമായ നഗരങ്ങളിലൊന്നായിരുന്നു. 334 ബി.സി.യിൽ ഒരു ഫറവോ പട്ടണത്തിനു ചുറ്റുമായി മഹാനായ അലക്സാണ്ടർ ചക്രവർത്തിയാണ് ഈ നഗരം സ്ഥാപിച്ചത്. 641-ലെ മുസ്ലീം ആക്രമണം വരെ ഈ നഗരം ഈജിപ്തിന്റെ തലസ്ഥാനമായിരുന്നു.

അലക്സാണ്ട്രിയയിലെ ദീപസ്തംഭം, അലക്സാണ്ട്രിയയിലെ ഗ്രന്ഥശാല തുടങ്ങിയവ പുരാതന കാലത്ത് ഈ നഗരത്തിന് വളരെയധികം പ്രശസ്തി നേടിക്കൊടുത്തിരുന്നു.

## സൂയസ് കനാൽ

ഈജിപ്റ്റിലെ ഒരു വൻ മനുഷ്യ നിർമിത കനാലാണ് സൂയസ് കനാൽ. സീനായ് ഉപദ്വീപിന് പടിഞ്ഞാറ് ഭാഗത്തായാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇത് മെഡിറ്ററേനിയൻ കടലിലെ പോർട്ട് സൈദിനെയും ചെങ്കടലിലെ

സൂയസിനേയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഇതിന്റെ നീളം 163 കിലോമീറ്ററും (101 മൈൽ) ഏറ്റവും കുറഞ്ഞ വീതി 60 മീറ്ററുമാണ് (197 അടി).

ആഫ്രിക്കയെ പ്രദക്ഷിണം ചെയ്യാതെതന്നെ യൂറോപ്പും ഏഷ്യയും തമ്മിൽ ദ്വിദിശയിലുള്ള ജലഗതാഗതം സൂയസ് കനാൽ സാധ്യമാക്കുന്നു. 1869-ൽ കനാൽ പ്രവർത്തനമാരംഭിക്കുന്നതിന് മുമ്പ് മെഡിറ്ററേനിയൻ കടലിനും ചെങ്കടലിനും ഇടയിൽ ചരക്കുകൾ കരമാർഗ്ഗമാണ് കടത്തിയിരുന്നത്. ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്ന സൂയസ് കനാൽ ഈജിപ്ത് പ്രസിഡന്റായിരുന്ന ജമാൽ അബ്ദുന്നാസിറിന്റെ കാലത്ത് ദേശസാൽകരിക്കപ്പെട്ടു.

## നൈൽ നദി

നൈൽ നദി ഭൂഗോളത്തിലെ ഏറ്റവും നീളമേറിയ നദിയാണ്,6,650 കിലോമീറ്റർ നീളമുള്ള ഈ നദി പതിനൊന്ന് രാജ്യങ്ങളിലായി ആഫ്രിക്കൻ വൻകരയിലൂടെ ഒഴുകുന്നു.(എന്നാൽ ഇതിനെക്കുറിച്ച് വിവാദങ്ങൾ നിലവിലുണ്ട്. പരമ്പാരഗതമായി നൈലിനാണ് ഏറ്റവും നീളം കൂടുതൽ എന്നായിരുന്നു കരുതി വന്നിരുന്നത് എങ്കിലും അടുത്തകാലത്തായി ബ്രസീലിലും പെറുവിലും നടന്ന പഠനങ്ങൾ സൂചിപ്പിക്കുന്നത് ആമസോണും അതിനോട് ചേർന്ന കായലും ചേർന്നഭാഗമാണ് ഏറ്റവും നീളം ഏറിയത് എന്നാണ്. വിക്ടോറിയ തടാകം ആണ് നൈലിന്റെ പ്രഭവകേന്ദ്രം എന്നാണ് കരുതിവരുന്നത്. എന്നാൽ തടാകത്തിന് നല്ല നീളമുള്ള പോഷകനദികൾ ഉണ്ട്. ഇതിൽ കഗേര നദി ആണ് ഏറ്റവും നീളമേറിയത്. ടാൻസാനിയയിലെ ബുകോബ പട്ടണത്തിൽ നിന്ന് ഉത്ഭവിക്കുന്നു. എന്നാൽ പലരും ഈ നീട്ടം കണക്കാക്കാത്തതിനാൽ നൈലിന് ഏറ്റവും നീളം ഏറിയ നദി എന്ന സ്ഥാനം നഷ്ടപ്പെടുന്നു ,ഈജിപ്ഷ്യൻ സംസ്കാരമുൾപ്പെടെ ഒട്ടേറെ പുരാതന സംസ്കാരങ്ങളുടെ കളിത്തട്ടുകൂടിയാണ് നൈൽനദീതടം. ഈജിപ്തിന്റ്റെ തെക്കുള്ള മലനിരകളിൽ നിന്നുൽഭവിച്ച വടക്കു മെഡിറ്ററേനിയൻ ഉൾക്കടലിൽ പതിയ്ക്കുന്നു.



അവസാന ദിവസം വിശ്വ പ്രസിദ്ധമായ അൽ അസ്ഹർ യൂണിവേഴ്സിറ്റി സന്ദർശിക്കാനും , സമീപത്തിലുള്ള ഹുസൈൻ മസ്ജിദിൽ വെച്ച് പ്രാർത്ഥന നടത്താനും സാധിച്ചു , ഖാൻ അൽ ഖലീലി എന്നറിയപ്പെടുന്ന ഹുസൈൻ മസ്ജിദിന് സമീപത്തുള്ള മാർക്കറ്റ് ഈജിപ്ത് സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്കു ഒഴിച്ച് കൂടാൻ പറ്റാത്ത മാർക്കറ്റ് ആണ് , ഇവിടെ നിന്നും സഞ്ചാരികൾ ആവശ്യമുള്ള സാധങ്ങൾ വാങ്ങും ,ഞാനും വാങ്ങി ഈജിപ്ഷ്യൻ തനിമ വിളിച്ചോതുന്ന തോൽ കൊണ്ട് നിർമിച്ച ഒരു തൊപ്പി ,എന്റെ ശേഖരത്തിലേക് ,സംഭവ ബഹുലമായ യാത്ര അവസാനിക്കുകകയാണ് , കെയ്റോ ഇന്റർനാഷണൽ വിമാന താവളത്തിൽ നിന്നും കൊച്ചിയിലേക് മടക്കം , ദീർഘനേരം യാത്ര ചെയ്യേണ്ടതുണ്ട് , എന്നാലും എല്ലാവരുടെ മുഖത്തും അല്പം പോലും മുഷിപ് കാണാൻ സാധിച്ചില്ല , സ്വപ്ന തുല്യമായ യാത്രയുടെ ഓരോ നിമിഷവും  അവസാന ശ്വാസം വരെ നിലനിൽക്കും , അത്രത്തോളം ഈ യാത്ര ഞങ്ങളിൽ ആനന്ദം പകർന്നു.





# Egyptian food



# glimpses of my journey









**MUNEER-KK**

**KITE -MASTER**